# കരിമ്പ ഗ്രാമപഞ്ചായത്ത്

## ജനകീയ ആസൂത്രണം



# വികസനരേഖ

സമൂഹത്തിന്റെ ഒട്ടാകെയുള്ള നന്മയ്ക്കുവേണ്ടി സാമൂഹിക നിയന്ത്രണങ്ങൾക്ക് വഴങ്ങുന്നത് വ്യക്തിയെയും അവൻ അംഗമായ സമൂഹത്തേയും സമ്പന്നമാക്കുന്നു.



- ഗാന്ധിജി -

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

## കരിമ്പ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ


KERALA
PALAKKAD
DISTRICT


PALAKKAD DISTRICT
0
25Km
Karakurissi Panchayat
Thachampara Panchayat
Karimba Panchayat
Kadampazhipuram Panchayat
Kongad Panchayat
Mundur Panchayat
Puduppariyaram Panchayat

# കരിമ്പ പഞ്ചായത്ത്



# കരിമ്പ ഗ്രാമപഞ്ചായത്ത്

ഭരണസമിതി



ശ്രീ കെ. എം. അബ്ദുൾ സമദ്

പ്രസിഡൻറ്



ശ്രീ എൻ. കെ. മോഹനൻ

വൈസ് പ്രസിഡൻറ്



ശ്രീമതി. കെ. കോമളകുമാരി

(ചെയർമാൻ, സ്ററാൻറിങ്ങ് കമ്മിററി)

| | |
|---|---|
| ശ്രീമതി. മേരി ജെ. മാത്യു | (മെമ്പർ) |
| ശ്രീ. എം. കെ. മുഹമദ് | (മെമ്പർ) |
| ശ്രീമതി. സുലോചനാ സുബ്രമണ്യൻ | (മെമ്പർ) |
| ശ്രീ പി. അക്ബർ | (മെമ്പർ) |
| ശ്രീമതി മിനി ബാബു | (മെമ്പർ) |
| ശ്രീ. പി.കെ. അബ്ദുള്ളകുട്ടി | (മെമ്പർ) |
| ശ്രീ. എം.കെ. ലക്ഷ്മണഗുപ്തൻ | (മെമ്പർ) |

# മുൻസാരഥികൾ

**പ്രസിഡൻറ്**

ശ്രീ. കെ. കുഞ്ചുമൂത്താൻ

ശ്രീ. ററി.പി. കുഞ്ഞുണ്ണികുറപ്പ്

ശ്രീ. ശ്രീകുമാരനുണ്ണി

ശ്രീ. അബ്ദുൾ റഹ്മാൻ കരിമ്പനയ്ക്കൽ

ശ്രീ. കെ. ഗോപിനാഥൻ

**വൈസ് പ്രസിഡൻറ്**

ശ്രീ. എം. കരിമ്പൻ

ശ്രീ. കെ.സി. മുഹമ്മദ് ഇബ്രാഹിം

ശ്രീ. ദാമോദരൻ എന്ന സുന്ദരൻ

ശ്രീ. കെ. ഗോപിനാഥൻ

ശ്രീ. പി. എ. സെയിദലവി

## മുൻ അംഗങ്ങൾ

ശ്രീ. എൻ.പി. വേലു

ശ്രീ. എം കുഞ്ഞിപ്പു

ശ്രീ. പി. വാസുദേവൻ നായർ

ശ്രീ. എ.കെ. വിജയൻ

ശ്രീ. എ. ഉസ്സൻ കുട്ടി

ശ്രീ. എം. ചാമി

ശ്രീമതി സി. ഉഷാകിരൺ

ശ്രീ. വി.കെ. ഷാഹുൽ ഹമീദ്

ശ്രീ. റ്റി. രാമകൃഷ്ണൻ

ശ്രീമതി സത്യഭാമയമ്മ

ശ്രീ. പി. ചന്ദ്രൻ

ശ്രീ. എം.കെ. മുഹമദ് ഇബ്രാഹിം

ശ്രീ. എ. സുകുമാരൻ

ശ്രീമതി ജമീലാ വഹാബ്

# പഞ്ചായത്തു പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | | കരിമ്പ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | | കരിമ്പ I |
| | : | കരിമ്പ II |
| | | പാലക്കയം (ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | | |
| ഡിവിഷൻ | : | കരിമ്പ |
| ബ്ലേക്ക് പഞ്ചായത്ത് | | മണ്ണാർക്കാട് |
| താലൂക്ക് | : | മണ്ണാർക്കാട് |
| അസംബ്ലിമണ്ഡലം | | ശ്രീകൃഷ്ണപുരം |
| പാർലിമെൻറ് മണ്ഡലം | : | പാലക്കാട് |
| വിസ്തീർണ്ണം | | 69.22 ച.കി.മി |
| അതിരുകൾ | : | വടക്ക് മാച്ചാം തോട് വെള്ളാളതൊട് |
| | | കിഴക്ക് കല്ലടിക്കോടൻ മല |
| | : | തെക്ക് കാഞ്ഞിക്കുളം ചെക്ക്പോസ്ററ് |
| | : | പടിഞ്ഞാറ് സത്രം കാവ്പുര, കാരാക്കുറിശ്ശി കടമ്പഴിപുറം പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 22483 (1991 ലെ സെൻസസ്സ് പ്രകാരം) |
| പുരുഷൻ | : | 11066 |
| സ്ത്രീ. | | 11417 |
| വാർഡുകൾ | | 10 |
| പ്രസിഡൻറിൻെറ പേര് | : | കെ.എ. അബ്ദുൾ സമദ് |
| വൈസ്പ്രസിഡൻറിൻെറ പേര് | | എൻ.കെ. മോഹനൻ |
| സ്ററാൻറിങ്ങ് കമ്മിററി ചെയർമേൻ | : | കെ. കോമളകുമാരി |

# ഉള്ളടക്കം

1. ആമുഖം

2. സാമൂഹിക സാംസ്കാരിക ചരിത്രം

3. കൃഷി

4. മൃഗസംരക്ഷണവും മത്സ്യബന്ധനവും

5. വിദ്യാഭ്യാസം

6. കുടിവെള്ളവും പൊതു ജന ആരോഗ്യവും

7. വ്യവസായം

8. ഗതാഗതവും ഊർജവും

9. പാർപ്പിടവും സാമൂഹിക ക്ഷേമവും

10. സാംസ്കാരികം

11. വനിത

12. സഹകരണമേഖല

13. പട്ടിക ജാതി . പട്ടിക വർഗ്ഗ ക്ഷേമം

14. വിവെ സമാഹരണം

15. ഉപസംഹാരം

*എഡിറ്റർ* പി. ജി. മോഹൻകുമാർ

*എഡിറ്റോറിയൽ* മേരി .ജെ. മാത്യു.
കെ. പ്രകാശൻ
കെ.വി. ജയപ്രകാശ്
ഇ. ചാമി മാസ്റ്റർ
കെ. എം. മൈമൂന.



# ആമുഖം

നാം സ്വാതന്ത്ര്യ് നേടി അഞ്ചുപതിററാണ്ട് പിന്നിടുന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരെ ജനജീവിതത്തിൻെറ എല്ലാതുറയിലും പെട്ട ഭാരതീയർ പോരാടി സ്വാതന്ത്ര്യം നേടി. ദേശീയ പ്രക്ഷോഭ കാലത്ത് ജനങ്ങളെ ദേശീയ പൊതുധാരയിലേയ്ക്ക് ആകർഷിച്ച് സാമ്രാജ്യത്വ വിരുദ്ധ വികാരം _ ഭരണരംഗത്തെ കുറിച്ചും വികസന രംഗത്തെക്കുറിച്ചും അവർക്കുണ്ടായിരുന്ന സ്വപ്നങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി മുന്നോട്ടു കുതിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനോ ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിന് നമ്മുക്ക് കഴിഞ്ഞില്ല. _ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ജനങ്ങളുടെ എന്ന ജനാധിപത്യത്തിൻെറ അടിസ്ഥാന പ്രമാണം കേവലം തിരഞ്ഞെടുപ്പുകളിൽ ഒതുങ്ങി _ ഭരണഘടനയിലെ നിർദ്ദേശക തത്വത്തിൽ ഉൾപ്പെടുത്തിയ 'ഗ്രാമ പഞ്ചായത്തുകൾ'ക്ക് ഭരണഘടനാ പരമായ പിൻബലമേകാൻ 47 വർഷമെടുത്തു.

ജനങ്ങളിൽ നിന്ന് അധികാരവും ആസൂത്രണവും അന്യവൽക്കരിക്കപെടുകയും _ സേവനം മനോഭാവവും അർപ്പണബുദ്ധിയും ലാഭത്തിനും കമ്പോള താത്പര്യങ്ങൾക്കും അടിമപ്പെടുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തു. _ ഇത് ജനകീയാവശ്യങ്ങൾ നിരാഹരിക്കപെടുന്നതിനോ പിൻതള്ളപെടുന്നതിനോ ഇടയാക്കി. മുകളിൽ നിന്ന് നിശ്ചയിച്ച് രൂപകല്പന ചെയ്ത് നടപ്പിലാക്കാൻ ശ്രമിച്ച പദ്ധതികൾ പലപ്പോഴും സാമൂഹികാ പശ്ചാതലവുമായി പൊരുത്തപ്പെടുന്നവയോ ജനങ്ങളെ മുഖവിലയ്ക്ക് എടുക്കുന്നവയോ അവരുടെ പങ്കാളിത്തത്തിനോ അഭിപ്രായത്തിനോ പരിഗണന നൽകുന്നവയോ ആയിരുന്നില്ല. അതുകൊണ്ടുതന്നെ ഉദ്ദേശിച്ച ഫലം ചെയ്തില്ല.

കേരളത്തിനിപ്പോൾ നടന്നുവരുന്ന ജനകീയ ആസൂത്രണ പ്രക്രിയ മേൽ സാഹചര്യങ്ങൾ വച്ച് പരിശോധിക്കുമ്പോൾ ഏറെ പ്രതീക്ഷയ്ക്ക് വക നൽകുന്ന അഭിലക്ഷണീയമായ ഒരു മാററമാണ്. അടത്തട്ടിൽ ഉന്നിനിന്നുകൊണ്ടുള്ള ആസൂത്രണ തന്ത്രമാണ് നടപ്പിലാക്കുന്നത്. ആസൂത്രണത്തിനും വികസന പ്രവർത്തനത്തിനും വിപുലമായ ജനപങ്കാളിത്തം _ ജാതി_മത_രാഷ്ട്രീയ ഭിന്നതകൾക്ക് അതീതമായ പ്രവർത്തനം എന്നിവ ഉറപ്പു വരുത്താനം അതിൻെറ ഗുണഫലങ്ങൾ ജന സാമാന്യത്തിന് ആകെതന്നെയും വിശിഷ്യ ദുർബല വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുത്താനും ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് കഴിയും എന്ന് വെളിപ്പെടുത്തികൊണ്ടിരിക്കുന്നു.

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായുള്ള കേരള സർക്കാറിൻെറ പ്രഖ്യാപനവും അധികാരവും അതോടൊപ്പം സമ്പത്തും (പദ്ധതി വിഹിതത്തിൻെറ 40%) പഞ്ചായത്തുകൾക്ക് നൽകുമെന്ന തീരുമാനവും നമ്മുടെ വികസന ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അദ്ധ്യായം കുറിക്കുന്ന സംഭവമാണ്.

നമ്മുടെ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രസ്താന പ്രവർത്തനങ്ങൾ 1996 സെപ്തംബർ 19ന് ആരംഭിച്ചു. ആസൂത്രണത്തിന് രേഖ തയ്യാറാക്കുന്നതിനു വേണ്ടി സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക _ പഠന പര്യാടനം _ കാരണവൻമാരുമായുള്ള ചർച്ച _ ഗ്രാമ സഭകൾ വിളിച്ചുചേർക്കുക ചർച്ചകൾ സംഘടിപ്പിക്കുക _ ജനകീയ ആസൂത്രണ സന്ദേശം പ്രചരിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്താനായിട്ടുണ്ട് _ വികസന ആവശ്യങ്ങൾ നിറവേററുന്നതിൽ സഹകരിക്കുന്ന മനോഭാവം ഉള്ളവരകാണ് ഭൂരിപക്ഷം ജനങ്ങളും _സർക്കാർ വിദ്യലയങ്ങളിൽ താത്കാലിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക _ അടിയന്തിര അററകുററ പണികൾ നടത്തുക _ റോഡ് നിർമ്മിക്കുക_ ആരോഗ്യ സംരക്ഷണ രംഗത്ത് സേവനങ്ങൾ മെച്ചപ്പെടുത്തുക ജലവിതരണ സംവിധാനം ഒരുക്കുക എന്നിങ്ങനെ ഒട്ടനവധി പ്രവൃത്തികൾ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഇവിടെ നടന്നിട്ടുണ്ട് _ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും സഹായിക്കും. അതിനു പുറമെ ഇത്തരം സന്നദ്ധ പ്രവർത്തനങ്ങളേയും ഔദ്യോഗിക പ്രവർത്തനങ്ങളേയും സംയോജിപ്പിക്കുന്നതിനും സഹായിക്കുന്നതിനും കഴിയുന്ന ഒരു അവസ്ഥയും ഉണ്ടായട്ടുണ്ട്.

കരിമ്പ പഞ്ചായത്തിൻെറ സവിശേഷ സാഹചര്യങ്ങളും ജനങ്ങളുടെ ഉയർന്ന സാമൂഹിക രാഷ്ട്രീയ ബോധവും വർത്തനമാന കാല യാഥാർത്ഥങ്ങളെ അഭിമുഖീകരിക്കുന്നതിനും വികസനത്തിൻെറ പുതിയ പാതയൊരുക്കുന്നതിനും പ്രാപ്തമാണ്. ആസൂത്രണത്തിനും വികസനത്തിനും പുതിയ മാനങ്ങൾ തേടുന്നതിനുള്ള ഒരു രേഖയായി കരിമ്പ ഗ്രാമ പഞ്ചായത്തിൻെറ വികസന രേഖയെ നമ്മുക്ക് കാണാം.

11



# കൃഷി

നമ്മുടെ പഞ്ചായത്തിന്റെ കാർഷിക ചരിത്രം ആരംഭിക്കുന്നത് കൃഷിയിടങ്ങളും വാസ ഗൃഹങ്ങളും തുലോം പരിമാതമായ ഒരു പരിതസ്ഥിതിയിലായിരുന്നു. വന ഭൂമി കിളച്ച് നെർകൃഷിക്ക് യോജ്യമായ രീതിയിൽ പരിവർത്തനപ്പെടുത്തി നെൽകൃഷി നെർ കൃഷി ചെയ്യുക, കുന്നിൻ ചെരുവുകളിൽ കമുക്, കുരുമുളക്, ഇതര ഫലവൃക്ഷങ്ങൾ എന്നിവ കൃഷിചെയ്യുക നെൽവയലുകൾക്കും കുന്നിൻ ചെരുവുകളിലെ കൃഷിക്കും ഇടയിൽ വാസ ഗൃഹങ്ങൾ നിർമ്മിക്കുക എന്നതായിരുന്നു പൊതുവായി സ്വീകരിച്ചിരുന്ന രീതി. കൃഷിയിടങ്ങളോട് അനുബന്ധമായി നിർമ്മിച്ചിരുന്ന വാസ ഗൃഹങ്ങളോടൊപ്പം കാർഷിക വിഭവങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള കൊട്ടിലുകളും, കന്നുകാലികളെ സംരക്ഷിക്കുന്നതിനുള്ള തൊഴുത്തുകളും നിർമ്മിച്ചിരുന്നു. ഇന്നും അവയുടെ അവശിഷ്ടങ്ങളോ നാശോന്മുഖമായ അവസ്ഥയോ കാണാൻ കഴിയും. ഓരോ കൃഷിയിടങ്ങൾക്കും സമീപം തന്നെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ കൂടി താമസിച്ചിരുന്നു. ഇവയാണ് പ്രധാനമായും ഇന്ന് കോളനികളായി അറിയപ്പെടുന്നത്. കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്നവരേയും അവയുട അററകുററ പണികളിൽ ഏർപ്പെട്ടിരുന്നവരേയും അതിവസിപ്പിക്കുന്നതിന് അക്കാലത്ത് ശ്രമം നടന്നിരുന്നു. ആസൂത്രിതമായ രീതിയിൽ ദീർഘവീക്ഷണത്തോടെ7ുള്ള പ്രവൃത്തികൾ ഏറെറടുത്ത് പ്രാവൃത്തികമാക്കിയതിന് നിരവധി മാതൃകകൾ ഉണ്ട്. മാച്ചു പണിക്കർ എന്ന കർഷക പ്രമാണി മച്ചാം തോട് നിർമ്മിച്ചത് കൽച്ചിറയും പഴഞ്ചിറയും നിർമ്മിച്ചത് പട്ടാണികെട്ടും തമ്പാൻ തോടുകളും നിർമ്മിച്ചത് നിരവധി വലിയ കുളങ്ങൾ കുഴിച്ചത് എന്നിവ അത്തരം പ്രവൃത്തികളുടെ മതിയായ തെളിവുകളാണ്.

ഈ കാർഷിക ചിത്രത്തിന് കാതലായമാററം സംഭവിക്കുന്നത് കുടിയേററ കർഷകരുടെ ആഗമനത്തോടെയാണ് 1929 ലെ കുടിയായ്മാ നിയമത്തിന് 1952ൽ വരുത്തിയ ഭേദഗതി കുറഞ്ഞ വിലക്ക് ഭൂമി ലഭിക്കുന്നതിനുള്ള സൗകര്യം, സമ്പന്നമായ കാലാവസ്ഥ ഫലപുഷ്ടിയായ മണ്ണ് എന്നിവ കുടിയേററ കർഷകരെ ആകർഷിച്ച കാര്യങ്ങളായിരുന്നു. വലിയ തോതിൽ സ്വകാര്യ വ്യക്തികളിൽ നിന്ന് ഭൂമി വാങ്ങിയും വന മേഖല കൈയേറി വെട്ടിതെളിച്ചും അവർ കാർഷികപ്രവൃത്തിയിൽ ഏർപ്പെട്ടു ഇത്തരുണത്തിലാണ് റബ്ബർ ആരംഭിക്കുന്നത്. പിന്നീട് നമ്മുടെ കാർഷിക ഘടനയിൽ വലിയ പരിവർത്തനങ്ങൾ നടന്നു. ജൻമിത്തം അവസാനിപ്പിക്കുന്നതിനും കർഷകന് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുന്നതിന് വേണ്ടയുള്ള പോരാട്ടങ്ങൾ ഇതിനു ഉതകുന്ന നിയമ നിമ്മാണം എന്നിവ പിന്നീടുണ്ടായ പ്രധാന സംഭവങ്ങളായിരുന്നു. ഈ സംഭവ പരമ്പരകളിൽ സജീവ പങ്കാളികളാണ് നിരവധിപേർ നമ്മുടെ ഇടയിലുണ്ട്. മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത ജയിൽ ശിക്ഷ അനുഭവിച്ച എ.പി. വീരാൻകുട്ടി കെ. മണിയൻ, എം.കെ. സൈനുദ്ദീൻ, കലി അബ്ദുൾ റഹ്മാൻ എന്നിവരുടെ പേരുകൾ ഇത്തരുണത്തിൽ പ്രത്യേക പരാമർശ്

അർഹിക്കുന്നു.

കൃഷിഭൂമിയിൽ അവകാശം ലഭിച്ച കർഷകരായ കുടിയാൻമാർ ക്രമേണ ക്രമേണ സ്വയം കൃഷി പ്രവൃത്തി ഏർപ്പെടുന്നതിന് ഉൾവലിയുകയും തൊഴിൽ എടുക്കുന്നവർ മാത്രമായി കാർഷിക പ്രവൃത്തികൾ ചുരുങ്ങുകയും ചെയ്തു. നാണ്യവിളകൾ കൃഷിചെയ്യുന്നതിന് ആദ്യമാദ്യം പ്രേരകമായത് തൊഴിലെടുക്കുന്നവരുടെ സ്വാധീനം കുറയ്ക്കുക ഉദ്ദേശത്തോടെ ആയിരുന്നു. കൂലിചെലവുകൾ വർദ്ധിച്ചതും വിത്ത് വളങ്ങൾ എന്നിവയുടെ ക്രമാതീതമായ വില വർദ്ധനയും നെൽകൃഷിയുടെ രംഗത്തുനിന്ന് കർഷകരെ വലിയ തോതിൽ പിൻതിരിപ്പിക്കുന്നതിന് ഇടയാക്കി. ഇന്നമ പ്രധാനമായും നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കൃഷി, റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ നാണ്യവിളകളെഅടിസ്ഥാനമാക്കിയുള്ളതാണ്. 1850 ഹെക്ടറിൽ റബ്ബർ കൃഷിയും 327 ഹെക്ടറൽ തെങ്ങ് കൃഷിയും 275 ഹെക്ടറിൽ കവുങ്ങ് കൃഷിയും ചെയ്യുന്നു.

ഇന്ന് കാർഷിക മേഖല കടുത്ത വെല്ലുവിളികളെ നേരിടുന്നു. നാണ്യവിളകളുടെ വിലയിടവ് കാർഷിക തൊഴിലിൽ ഏർപ്പെടുന്നത് ആകർഷകമല്ലെന്ന ധാരണ ഉൽപാദന ക്ഷമത നിലനിർത്താനോ വർദ്ധിപ്പിക്കുന്നതിനോ കഴിയാത്ത അവസ്ഥ രാസവളങ്ങളുടേയും കീടനാശികളുടേയും വിലവർദ്ധന ജൈവവളകളുടെ അഭാവം എന്നിവയും കാർഷിക വിഷയങ്ങളിൽ നടന്ന നിരവധി ഗവേഷണങ്ങളുടെ ഫലമായ ഉരുത്തിരിഞ്ഞ നൂതന സങ്കേതങ്ങൾ സാധാരണ കർഷകർക്ക് ലഭിക്കുന്നതിന് മതിയായ സാഹചര്യം ഇല്ലാത്ത അവസ്ഥയും ആധുനിക സങ്കേതങ്ങൾ ഉൾകൊള്ളുന്നതിനും ഉള്ള വിമുകതയും ഈ രംഗത്തെ പ്രശ്നം സങ്കീർണ്ണമാക്കുന്നു.ഒരു കൂട്ടായ പ്രവർത്തനമായി കർഷിക വൃത്തി രൂപപ്പെടാത്തതിനാൽ ഓരോ തുണ്ട് ഭൂമിയുടെ ഉടമസ്ഥനും സമാനമായ ഓരോ കൃഷി പ്രവൃത്തിയും ആവർത്തിക്കേണ്ടവരുന്നു. ഇത് ചെറുകിട നാമമാത്ര കർഷകരെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു. 9100 മീററർ ദീർഘമുള്ള കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലും മൂന്ന് ഉപകനാലുകളും (കരിമ്പ 1, കരിമ്പ 2, വാലിക്കോട്) 10 കൈകനാലുകളും ഉണ്ടെങ്കിലും കാർഷിക ആവശ്യത്തിനു മതിയായ ജലസേചന സൗകര്യം ഇല്ല. പട്ടാണികെട്ടിൽ നിന്ന് ആരംഭിച്ച് മമ്പുറം വരെയും പഴഞ്ചിറയിൽനിന്നും കൽച്ചിറയിൽ നിന്ന് ആരംഭിച്ച് മമ്പുറ് വരെ എത്തുന്ന തമ്പാൻ തോടുകളും ജലസേചന ആവശ്യങ്ങൾ നിറവേററാൻ ഒരു പരിധിവരെ പ്രയോജനകരമായിരുന്നു. അവയുടെ സംരക്ഷണം ശരിയായ തോതിൽ നടക്കാതിരുന്നതും തോടിന് ഇരുവശവും ഉള്ള ഭൂമിയിൽ വിള പരിവർത്തനം നടത്താൻ ഇടയായതും ഇത്തരം ജലസേചന ഉപാധികൾ ഉപയോഗിക്കാൻ പററാത്ത സാഹചര്യമുണ്ടാക്കി.

ജൂൺ ജൂലായ് ആഗസ്ററ് മാസങ്ങളിൽ സമൃദ്ധമായി ലഭിക്കുന്ന കാലവർഷവും സപ്തംബർ ഒക്ടോബർ മാസങ്ങളിലായി ലഭിക്കുന്ന തുലാവർഷവും അടക്കം സാമാന്യം നല്ല മഴ ലഭിക്കുന്ന ഭൂപ്രദേശമാണ്. ശരാശരി 2700 MM മഴ ലഭിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മണൽകലർന്ന എക്കൽ മണ്ണ് തൂപ്പനാടമ പുഴയുടെ വശങ്ങളിലും തോടുകൾക്കരികിലും കണ്ടുവരുന്നു. ചില പ്രദേശങ്ങളിൽ മണലിൻെറ അംശം തീരെ

16

കുറഞ്ഞ് ആഴമുള്ള ചളി സ്ഥലങ്ങളും ഉണ്ട്. ചെങ്കൽ കലർന്ന മണ്ണാണ് കുന്നിൻ ചരുവുകളിൽ കാണപ്പെടുന്നത്. താരതമേന ജല സംഗ്രഹണശേഷി കുറഞ്ഞമണ്ണാണിത് കല്ലടിക്കോടൻ മലയുടെ അടുത്ത താഴ്വരകളിൽ കറുത്ത ഫലഭൂയിഷ്ഠമായ മലമണ്ണ് കണ്ടുവരുന്നു. കല്ലടിക്കോടൻ മലയുടെ താഴ്വരകളിലും പനയംപാടം മുതൽ അയ്യപ്പൻ കോട്ടവരെ നീണ്ടുകിടക്കുന്ന പാറകെട്ടുകളും അടങ്ങുന്ന ഭൂപ്രകൃതിയാണ് കരിമ്പ പഞ്ചായത്തിൻേറത്. ജനസംഖ്യയിൽ 14.6% പേർ കർഷകരുമാണ്. ജനസംഖ്യയിൽ തൊഴിൽ എടുക്കുന്നവരിൽ 45.5% ആളുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടവരുമാണ്. തൊഴിൽ എടുക്കുന്ന സ്ത്രീകളിൽ 69.5% കാർഷികമേഖലയുമായി ബന്ധപ്പെട്ടവരാണ്. ഇതിൽ നിന്ന് തന്നെ ഈ മേഖലയുടെ പ്രസക്തി വ്യക്തമാകുന്നു.

കാർഷിക മേഖല വിസ്തൃതി

ദീർഘകാല വിളകൾ

| | |
|---|---|
| റബ്ബർ | 1850 ഹെക്ടർ |
| തെങ്ങ് | 327 ഹെക്ടർ |
| കവുങ്ങ് | 275 ഹെക്ടർ |
| പ്ലാവ് | 70 ഹെക്ടർ |
| മാവ് | 65 ഹെക്ടർ |
| കശുമാവ് | 10 ഹെക്ടർ |
| കുരുമുളക് | 70 ഹെക്ടർ |

ഹ്രസ്വകാല വിളകൾ

| | |
|---|---|
| നെല്ല് വിരപ്പ് | 265.32 ഹെക്ടർ |
| നെല്ല് മുണ്ടകൻ | 287.3 ഹെക്ടർ |
| നെല്ല് പുഞ്ച | 111.86 ഹെക്ടർ |
| നേന്ത്രവാഴ | 210ഹെക്ടർ |
| ഇഞ്ചി | 70 ഹെക്ടർ |
| വാഴ | 40 ഹെക്ടർ |
| കൂർക്ക | 30 ഹെക്ടർ |
| മഞ്ഞൾ | 25 ഹെക്ടർ |

| | | |
|---|---|---|
| പച്ചക്കറി | 12 | ഹെക്ടർ |
| പയർവർഗ്ഗങ്ങൾ | 30 | ഹെക്ടർ |

കർഷകരുടെയും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും കണക്കുകളും വിലകളുടെ വൈവിധ്യവും അവ കൃഷിചെയ്യുന്ന വിസ്തൃതിയും പരിഗണിക്കുമ്പോൾ ഈരംഗത്ത് വലിയ ഒരു മുന്നേററത്തിന് വഴിയൊരുക്കുന്നതിന് നമ്മുക്ക് സാധ്യമാണ്.

## നെൽ കൃഷി

ഇന്നത്തെ അവസ്ഥയിൽ ആകർഷകമായ ഒന്നല്ലാത്തവസ്ഥ മാററി എടുക്കാൻ കഴിയും ആയതിന് കൂട്ടായ പരിശ്രമവും കർഷകരെ സഹായിക്കുന്നതിനും കാർഷിക പ്രവൃത്തികൾ സംയോജിപ്പിക്കുന്നതിനും ഫലപ്രദമായ ഇടപ്പെടലുകൾ ആവശ്യമാണ്. 7 പാടശേഖര കമ്മിററികൾ പ്രവൃത്തിക്കുന്നുണ്ട്. ( എടക്കുറുശ്ശി പാടശേഖരം അയ്യപ്പൻ കോട്ട നടുകളം കല്ലടിക്കോട് വെസ്ററ് അയരാനി കല്ലടികുന്നത്ത് കളം കൊങ്ങശ്ശേരി) നിലവിലുള്ള നെൽകൃഷി സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കന്നത് ഏററവും കൂടുതൽ കൃഷി നടക്കുന്നത് മുണ്ടകൻ വിളക്കാണെന്നാണ്. 287.3 ഹെക്ടർ മൂന്നാം വിളയെടുക്കുന്നത് കേവലം 111.86 ഹെക്ടർ സ്ഥലത്ത് മാത്രമാണ്. ഏകദേശം 176.44 ഹെക്ടറോളം വരുന്ന ഭൂമിയിൽ നല്ലൊരു ശതമാനം ഭൂമൗയിൽ മുണ്ടകൻ വിളക്കും വിരിപ്പു കൃഷിക്കും ഇടയിൽ കൃഷികൾ ഒന്നും ചെയ്യാതെ കിടക്കുന്നു. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഈ ഭൂമി ഉപയോഗിക്കാൻ പ്രാപ്തമാക്കാൻ കഴിയും ശരാശരി ഒരു ഹെക്ടറിൽ നിന്നുള്ള ഉത്പാദനം 19 ക്വിൻററിൽ ആണ്. ഇത് ദേശീയ ശരാശരിയിൽലും കേരളത്തിലേതന്നെ ഇതരഭാഗങ്ങളിലെ ഉൽപാദനതോതിലും വെച്ച് കുറവാണ്.

കൃഷി ശാസ്ത്രത്തിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ച ഒരു കൃഷി ഓഫീസർ സേവനം അനുഷ്ഠിക്കുന്ന കൃഷി ഭവൻെറ സേവനം നൈസർഗ്ഗിക ജല സ്രോതസ്സുകളുടെ സംരക്ഷണം ജലസേചന ഉപാധികളുടെ സംരക്ഷണവും പുനർനിർമ്മാണവും ഏകീകൃത കൃഷി രീതികൾ അവലംബിക്കൽ വളം, വൈദ്യുതി, കീടനാശിനികൾ, വിത്ത് എന്നിവ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക . തുടങ്ങിയ പ്രവൃത്തികൾ വഴി ഉൽപാദനം മെച്ചപ്പെടുത്താനും ഇന്നുള്ള കൃഷി ഭൂമിയുടെ വിസ്തൃതി സംരക്ഷിച്ചു നിർത്താനും കഴിയും.

സത്രംകാവ് കെട്ട് പട്ടാണി കെട്ട്, പഴഞ്ചിറ, കൽച്ചിറ എന്നീ ജലസംഭരണികൾ കാലോചിതമായി പരിഷ്കരിക്കുന്നതും സംരക്ഷിക്കുന്നതിനും ഇവയിൽ നിന്നുള്ള തോടുകൾ ജലസേചനത്തിന് ഉതകുന്നവിധം അററകുററ പണികൾ നടത്തി സംരക്ഷിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയും. തുപ്പനാട് പുഴയിൽ വിവിധ ഭാഗങ്ങളിൽ തടയിണകൾ നിർമ്മിച്ച് ജലം സംഭരിക്കുന്നതിനും ജലസേചനത്തിന് വിനിയോഗിക്കുന്നതിനും കഴിയും. പിലിയം പുറം കുളം അയ്യപ്പൻ കുളം കണക്കം പാടം, ഓലഞ്ചേരി പടിഞ്ഞാക്കര, അയരാനികുളം കാളിയോട് ചെമ്പൽ കുളം, പനയം പാടം കുളം, കിഴക്കും പടിഞ്ഞാറും ഉള്ള കുളങ്ങളും എരിമേനികുളം പാലളം കുളം എന്നിങ്ങനെ പഞ്ചായത്തിൻെറയും സ്വകാര്യ വ്യക്തികളുടെയും അതീനതയിൽ ഉള്ള നിരവധികുളങ്ങളുമുണ്ട്. ഇവ സംരക്ഷിക്കുന്നതിനും ജലസേചനത്തിന് ഉപയോഗിക്കുന്നതിനും നമ്മുക്ക് കഴിയണം. കൂടാതെ നിരവധി വലുതും ചെറുതുമായ തോടുകളുണ്ട്. അവയിൽ താത്കാലിക ബണ്ടുകൾ ഉപയോഗിച്ച് കാർഷികാവശ്യത്തിന്

18

വിനിയോഗിക്കാം. കൂടാതെ ഓരോ നീർമറി പ്രദേശത്തും ജലസമ്പത്ത് സംരക്ഷിക്കുന്നതുനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും യോജ്യമായ മണ്ണുസംരക്ഷണം _ ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് പ്രായോഗികമാക്കണം. കർഷകർ അനുഭവിക്കുന്ന മറ്റൊരു പ്രധാനപ്രശ്നമാണ് സാമ്പത്തിക വിഷമത. സഹകരണ മേഖലയുടെ സേവനവും ഇതരധനകാര്യ സ്ഥാപനങ്ങളുടെ സേവനവും സർക്കാർ സ്ഥാപനങ്ങളുടെ സേവനവും സംയോജിപ്പിച്ച് സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇത്തരം പ്രവർത്തനങ്ങൾ ഈ രംഗത്ത് ആകർഷികമായ ഒരു മുന്നേറ്റത്തിന് വഴിയൊരുക്കും.

## നാണ്യവിളകൾ

നാണ്യവിളകളിൽ ഏററവും പ്രാധാന്യം റബ്ബറിനാണ്. രണ്ടാം സ്ഥാനം തെങ്ങിനും മൂന്നാം സ്ഥാനം കവുങ്ങുനുമാണ്. 1850 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. ഏങ്കിലും റബ്ബർ ബോഡിൻെറ സഹായങ്ങൾ 791.53 ഹെക്ടർ സ്ഥലത്തെ കൃഷിക്കുമാത്രമാണ് ലഭ്യമായിട്ടുള്ളത്. ചെറുകിട നാമമാത്ര കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി പ്രവർത്തികളും കമ്പോളത്തിൽ അടിക്കടി ഉണ്ടാകുന്ന വിലയുടെ ഏററകുറച്ചിലും വിഷമാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. ശരാശരി ഉൽപാദനക്ഷമത നിലനിർത്താൻ കഴിയുന്നുണ്ടെങ്കിലും പുതിയ കൃഷി സങ്കേതങ്ങൾ ഉപയോഗിച്ച് ഉൽപാദന വർദ്ധനവ് സാദ്ധ്യമാക്കുന്നതിനും മെച്ചമായ രീതിയിൽ സംസ്കരണ രീതികൾ അവലംബിക്കുന്നതിനും കർഷകർക്ക് കഴിയാത്ത അവസ്ഥയുണ്ട്. സസ്യ സംരക്ഷണ പ്രവർത്തികൾ പ്രയോഗിക്കാൻ കഴിയാതെ വരുന്നതുകൊണ്ട് പട്ടമരപ്പ്, ചീയരു കൂട്ടായ പ്രവർത്തനമായി കർഷിക വൃത്തി രൂപപ്പെടാത്തതിനാൽ ഓരോ തുണ്ട് ഭൂമിയുടെ ഉടമസ്ഥനും സമാനമായ ഓരോ കൃഷിക്ക് തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്നു. വിപണന സൗകര്യകുറവും റബ്ബർ അധിഷ്ടിതമായ വ്യവസായ സംരംഭങ്ങൾ ഒന്നും ഇല്ലാത്തതും കർഷക താൽപര്യങ്ങൾക്ക് ഹാനികരമാണ്. ഉയർന്നവില ലഭിക്കുന്ന സമയം വരെ സൂക്ഷിക്കുന്നതിന് സാധാരണ കർഷകർക്ക് കഴിയുന്നില്ല. ഇത് അവർക്ക് അർഹമായ ആദായം ലഭിക്കുന്നതിന് വിഘാതമാവുന്നു.

327 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു കായ് ഫലം തരത്തക്കവിധത്തിലുള്ള ഏകദേശം 40,000 തെങ്ങുകൾ ഉണ്ട്. 15,69,000 തേങ്ങയാണ് വാർഷിക ഉൽപാദനം. ഉൽപാദനക്ഷമതയുടെ കാര്യത്തിൽ ഇത് ശരാശരിയിലും വളരെ പിന്നിലാണ്. ജലസേചനത്തിൻെറ അഭാവവും ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം ചെയ്യാതിരിക്കുന്നതുമാണ് ഉൽപാദനം കുറയുന്നതിന് പ്രധാന കാരണം. റബ്ബറിൻെറതുപോലെ തന്നെ വിപണന സംസ്കരണ സംവിധാനങ്ങളുടെ അഭാവവും മാർക്കററിലുണ്ടാകുന്ന വിലയിടിവുകളും കർഷകരെ ബാധിക്കുന്നു. അതേപോലെ തന്നെ കവുങ്ങ് കൃഷിയിലും ഉൽപാദന വർദ്ധനവിന് സാധ്യമായ സാഹചര്യമാണ് ഉള്ളത്.

70 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്യുന്നതായി കണക്കുകൾ സ്ഥിരീകരിക്കുന്നുവെങ്കിലും ധ്രുതവാട്ടം കുരുമുളക് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ചെറിയ തോതിലുണ്ടായിരുന്ന തോട്ടങ്ങൾ രോഗബാധയെ തുടർന്ന് നശിച്ചുപോയി. തോട്ടങ്ങൾ പുനർനിർമ്മിക്കുന്നതിൻെറ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ രംഗത്ത് മെച്ചമായ അവസ്ഥയുണ്ടാക്കാൻ കഴിയും. കശുമാവ്, മാവ്, പ്ലാവ് കൃഷിയും ഭീഷണി നേരിടുന്നു. റബ്ബർ തോട്ടങ്ങൾക്കുവേണ്ടി വലിയ തോതിൽ കശുമാവിൻ തോട്ടത്തിൽ മുറിച്ചു മാറ്റുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഈ നാണ്യ വിളകളകളുടെ പ്രാധാന്യം കണക്കിലെടുത്ത് പുതിയ ഇനങ്ങൾ വെച്ചു പിടിപ്പിച്ചും ആധുനിക കൃഷി സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയും ഈ രംഗത്തെ

പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിച്ച് നിർത്തുന്നതിനും കഴിയണം. അച്ചാർ നിർമ്മിക്കുന്നതിനുള്ള മേത്തരം കണ്ണിമാങ്ങ ഉൽപ്പാദിപ്പിച്ചിരുന്ന ഒരു പ്രദേശമായിരുന്ന കരിമ്പ പാലക്കാട് ബ്രാഹ്മണ അഗ്രഹാരങ്ങളിലേക്ക് അച്ചാറാവശ്യത്തിന് ഉപയോഗിക്കുന്ന മാങ്ങയുടെ നല്ലൊരു ശതമാനം നമ്മുടെ സംഭാവനയായിരുന്നു. റോഡോരങ്ങളിലെ മാവുകൾ മുറിച്ചുമാററിയതും വീട്ടുപറമ്പുകളിലുണ്ടായിരുന്ന മാവുകൾ മുറിച്ചുമാററിയതും ഈ രംഗത്ത് നമ്മുക്ക് ഉണ്ടായിരുന്ന മേൽകൈ നഷ്ടമാക്കി. ഇത്തരത്തിലുള്ള നാടൻ മാങ്ങകളുടെ പ്രത്യേകയിനങ്ങൾ സംരക്ഷിക്കുന്നതിനും കൃഷിചെയ്യുന്നതിനും പദ്ധതിവേണം.

ഹ്രസ്വകാല വിളകളായ ഇഞ്ചി, മഞ്ഞൾ, നേന്ത്രവാഴ, വാഴ, കൂർക്ക, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവയും നമ്മുടെ പ്രദേശത്ത് കൃഷിചെയ്യുന്നു. ഇവയിലും കാർഷിക സങ്കേതങ്ങൾ ഉപയോഗിക്കുന്നതിലും ജലസേചനകാര്യത്തിലും സംസ്കരണ കാര്യത്തിലും വിപണന കാര്യത്തിലും ഇതര വിഭവങ്ങൾക്ക് എന്നതുപോലുള്ള പ്രശ്നങ്ങൾ ഉണ്ട്. കൂട്ടായ ശ്രമത്തിലൂടെ ഇവയ്ക്ക് പരിഹാരം കാണുന്നതിനും ഉയർന്ന് ഉൽപാദനക്ഷമത കൈവരിക്കുന്നതിനും നമ്മുക്ക് കഴിയും അതേപോലെ വിള ഇൻഷ്യൂറൻസ് പദ്ധതിയുടെ പ്രയോജനം എല്ലാ കർഷകർക്കും വിളകൾക്കും ലഭ്യമാക്കുന്നതിനും സംവിധാനം ഉണ്ടാക്കേണ്ട ആവശ്യകതയും പ്രാധാന്യമർഹിക്കുന്നു.

**പ്രധാന തൊഴിലാളികൾ**

**തൊഴിൽ വിഭജനം സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | കർഷകർ | 14.6 % |
| 2. | കാർഷിക തൊഴിലാളികൾ | 45.5 % |
| 3. | കന്നുകാലി വളർത്തലും അനുബന്ധ തൊഴിലും | 11.9 % |
| 4. | ഖനനവും അനുബന്ധതൊഴിലും | 0.2 % |
| 5. | ഉൽപാദന _ സംസ്കരണ സേവന രംഗം | 2 % |
| 6. | നിർമ്മാണം | 1.8 % |
| 7. | വ്യാപാരവും വാണിജ്യവും | 8.2 % |
| 8. | ഗതാഗതവും അനുബന്ധമേഖലകളും | 5.6 % |
| 9. | മററു സേവനങ്ങൾ | 10.2 % |

അവലംബം ഐ. ആർ. ടി. സി. സാമ്പിൾ സർവ്വേ

20

## പ്രധാന തൊഴിലാളികൾ
## തൊഴിൽ വിഭജനം സംബന്ധിച്ച വിവരങ്ങൾ (പുരുഷൻമാർ)

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | കർഷകർ | 17.5 % |
| 2. | കാർഷിക തൊഴിലാളികൾ | 36.7 % |
| 3. | കന്നുകാലി വളർത്തലും അനുബന്ധ തൊഴിലും | 14.7 % |
| 4. | ഖനനവും അനുബന്ധതൊഴിലും | 0.3 % |
| 5. | ഉൽപാദന _ സംസ്കരണ സേവന രംഗം | 1.8 % |
| 6. | നിർമ്മാണം | 2.4 % |
| 7. | വ്യാപാരവും വാണിജ്യവും | 10.4 % |
| 8. | ഗതാഗതവും അനുബന്ധമേഖലകളും | 7.6 % |
| 9. | മററു സേവനങ്ങൾ | 8.6 % |

അവലംബം ഐ. ആർ. ടി. സി. സാമ്പിൾ സർവ്വേ

## പ്രധാന തൊഴിലാളികൾ

## തൊഴിൽ വിഭജനം സംബന്ധിച്ച വിവരങ്ങൾ (സ്ത്രീകൾ)

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | കർഷകർ | 6.8 % |
| 2. | കാർഷിക തൊഴിലാളികൾ | 69.5 % |
| 3. | കന്നുകാലി വളർത്തലും അനുബന്ധ തൊഴിലും | 4.3 % |
| 4. | ഖനനവും അനുബന്ധതൊഴിലും | 0.1 % |
| 5. | ഉൽപാദന _ സംസ്കരണ സേവന രംഗം | 2.5 % |
| 6. | നിർമ്മാണം | 0.0 % |
| 7. | വ്യാപാരവും വാണിജ്യവും | 2.2 % |
| 8. | ഗതാഗതവും അനുബന്ധമേഖലകളും | 0.1 % |
| 9. | മററു സേവനങ്ങൾ | 14.4 % |

അവലംബം ഐ. ആർ. ടി. സി. സാമ്പിൾ സർവ്വേ

22

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കൃഷിക്ക് ജലസേചനസൗകര്യം കുറവാണ് പീലിയംപുറം പഞ്ചായത്ത് കുളം അററകുററ പണി നടത്തണം

2. മണ്ണ് പരിശോധനാ സംവിധാനം പ്രയോജനപ്പെടുത്തണം

3. കൃഷിഭവന്റെ പ്രവർത്തനം വിപുലമാക്കണം. കർഷകർക്ക് യഥാസമയം സഹായവും ഉപദേശവും ലഭിക്കണം.

4. കൽച്ചിറ കെട്ടിയാൽ കൃഷിക്ക് പ്രയോജനകരമായിരിക്കും.

5. കുമ്പളപന്തൽ ഭാഗത്തെ കാഞ്ഞിരപുഴ നീർപ്പാലം പുനർ നിർമ്മിക്കണം

6. പഴഞ്ചിറ അക്വഡയിററ് പുനർനിർമ്മിച്ച ജലസേചന യോഗ്യമാക്കണം.

7. ഇടക്കുറുശ്ശി മെയിൻ കനാൽ ഇടകുറശ്ശിയുടെ സമീപം കിഴക്കുഭാഗത്ത് തോടു പൊട്ടിയത് 20 ഏക്കറോളം കൃഷിക്ക് നാശം വരുത്തിയിരുന്നു. അതിനു സമീപമുള്ള ചെറിയ തോടും പൊട്ടയിരുന്നു. തോട് കെട്ടി സംരക്ഷിക്കണം.

8. ഇടക്കുറുശ്ശി_മരുതുംകാട് റോഡിൽ കനാൽ റോഡിൽ നിന്നും വയലിലേക്കം ട്രാക്ററർ ഇറങ്ങാൻ സൗകര്യം വേണം.

9. പാലളം, കൽച്ചിറ ഭാഗങ്ങളിൽ തടയണ നിർമ്മിച്ച് മമ്പുറം ഭാഗത്തേക്ക് മുമ്പുണ്ടായിരുന്ന ജലസേചന സൗകര്യം പുന:സൃഷ്ടിക്കണം.

10. മുട്ടിക്കൽ കണ്ടം വഴി പഴഞ്ചിറക്ക് പോകുന്ന തോട്ടിൽ നെല്ലിക്കുന്ന് ഭാഗത്ത് വെള്ളാമ്മ പാടത്തേക്ക് ട്രാക്ടർ ഇറങ്ങാൻ സൗകര്യമുണ്ടാക്കണം.

11. ഗ്രൂപ്പ് ഫാമിങ്ങ് ശക്തമാക്കാം രാസവളങ്ങൾക്ക് കാർഷിക ഉൽപാദനവുമായി ബന്ധപ്പെടുത്തി സബ്സിഡി നൽകണം. കാർഷിക വിഭവങ്ങൾ സമാഹരിച്ച് കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ സംവിധാനം വേണം. കുററിമുല്ല കൃഷി ഇടക്കുറുശ്ശി കേന്ദ്രമാക്കിതുടങ്ങണം.

12. ഗതാഗത സൗകര്യം നഷ്ടപ്പെടുത്താതെ കനാലിന്റെ ഇരുവശങ്ങളിലും ഫല വൃക്ഷങ്ങളും തേക്കും വച്ചുപ്പിടിപ്പിക്കണം.

13. മണലിപ്പാടം തോട് സംരക്ഷിക്കുകയും കൽവെർട്ട് നിർമ്മിക്കുകയും വേണം

14. കനാൽ വെള്ളം കൃത്യമായി വിതരണം ചെയ്യണം മമ്പുറത്ത് ചെക്ക് ഡാം നിർമ്മിക്കണം. തമ്പാൻ കനൽ പ്രയോജനപ്പെടുത്താം.

15. അയ്യപ്പൻകുളം കേടുപാടുകൾ തീർക്കുകയും കാരൂക്ക് കുളം സംരക്ഷിക്കുകയും വേണം.

16. കാഞ്ഞിരപ്പുഴ കനാൽ മമ്പുറം വരെ നീട്ടണം.

17. കർഷകർക്ക് കൃഷിഭവൻ വഴി പച്ചക്കറിവിത്ത് വളം കീടനാശിനി എന്നിവ സൗജന്യമായി വിതരണം ചെയ്യണം.

18. കനാൽ വെള്ളം കാരൂക്ക് പാടത്തിന് ലഭ്യമാക്കണം.

19. പട്ടാണികെട്ടിൽ നിന്ന് പനയമ്പാടം വഴി വെട്ടത്ത് പുഴയിൽ ചേരുന്ന തോട് വൃത്തിയാക്കി ഉപയോഗയോഗ്യമാക്കണം.

20. വയൽ നികത്തി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയണം.

21. സത്രങ്കാവ് ഭാഗത്തുള്ള സ്വകാര്യ അണക്കെട്ട് സംരക്ഷിക്കണം. തോടുകൾ സംരക്ഷിക്കുകയും വേണം.

22. നാലാം വാർഡിലെ ലക്ഷം വീട് കോളനിയുടെ കിഴക്ക് തെക്ക് ഭാഗത്തെ പുത്തൻ കുളം റിപ്പയർ ചെയ്യണം.

23. കല്ലടിക്കോട് പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ട്രില്ലർ എന്നിവ ഇറങ്ങുന്നതിന് വഴിയുണ്ടാകണം.

24. മണ്ണെണ്ണ പമ്പുകൾക്ക് സ്പെഷൽ പെർമിററ് നൽകുക.

25. കാർഷിക പ്രവൃത്തികൾ യന്ത്രവൽക്കരിക്കാൻ സഹായിക്കുക

26. അടുക്കളത്തോട്ട നിർമ്മാണത്തിന് വിത്തും വളവും സൗജന്യ നിരക്കിൽ നൽകുക.

27. കാഞ്ഞിരാനി പാടം, നെടുങ്ങോട് പറമ്പ് പാടം എന്നിവിടങ്ങളിലെ ജലസേചന ആവശ്യത്തിന് കുളങ്ങൾ നിർമ്മിക്കണം.

28. റോഡ് ഓരങ്ങളിലെ കാനകൾ സംരക്ഷിക്കണം.

29. പറക്കാട്_വാലിക്കോട് സബ്കനാൽ മണ്ണുനീക്കി അററകുററ പണി നടത്തണം

30. ജലസേചന സൗകര്യം _ കാർഷിക ഉപകരണങ്ങൾ എന്നിവയുടെ അഭാവം കർഷക തൊഴിലാളികളുടെ കുറവ്, വളങ്ങളുടെ വിലകൂടുതൽ എന്നിവ പരിഹരിക്കാനും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനും സൗകര്യം ഉണ്ടാക്കണം.

31. മുല്ലത്താണി തോട് വീതിയും ആഴവും കൂട്ടി ജലസേചനത്തിന് പ്രയോജനപ്പെടുത്തുക.

32. കണക്കംപാടം ഓലമ്പേരി പടിഞ്ഞാക്കര കുളങ്ങൾ വൃത്തിയാക്കി കുളിക്കാനും മത്സ്യം വളർത്താനും പ്രയോജനപ്പെടുത്തുക.

33. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

34. തുപ്പനാട് പുഴയിൽ ബണ്ട് നിർമ്മിക്കുക.

35.തുപ്പനാട് അണക്കെട്ട് നിർമ്മിക്കുക.

36. തെങ്ങിൻെറ കൂമ്പ്ചീയൽ റബ്ബറിലെ ചീക്ക്, കവുങ്ങിൻെറ മഹാളി എന്നിവയ്ക്ക് എതിരെ ഫലപ്രദമായ മരുന്ന് പ്രയോഗിക്കാൻ സഹായവും ഉപദേശവും ഏർപ്പെടുത്തണം.

37 കാർഷിക വിഭവങ്ങൾ സംസ്കരിക്കാൻ കേന്ദ്രം ഏർപ്പെടുത്തണം.

38. എട്ടാം വാർഡിലെ തോട് പുഴ എന്നിവയുടെ ഇരുകരകളും നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

39. അരുവാക്കയം മുതൽ എടപ്പറമ്പ് വരെ തോട് അററകുററ പണി നടത്തണം.

40. കൈവശഭൂമിക്ക് പട്ടയവും മിച്ചഭൂമി ലഭിച്ചവർക്ക് രേഖയും രേഖലഭിച്ചവർക്ക് സ്ഥലവും നൽകണം.

41. കാഞ്ഞിരപ്പുഴ ഇടതുകനാലിൽ സബ് കനാലിലെ ഷട്ടർ നന്നാക്കണം.

42. തമ്പാൻ അണക്കെട്ട് ഏറെറടുത്ത് കൃഷിക്കാരെ സഹായിക്കണം.

43. ഐരാനി മുകൾ ഭാഗത്തെ കുളം നന്നാക്കിയാൽ 20 ഏക്കർ നാണ്യവിളകൾക്ക് ഉപയോഗിക്കാം.

44. മരങ്ങൾ മുറിക്കാൻ അനുവാദം നൽകാൻ പഞ്ചായത്തിന് അധികാരം നൽകണം. ഓരോ മരം മുറിക്കുമ്പോഴും ഒരു മരം വച്ചു പിടിപ്പിക്കാൻ നടപടിവേണം.

45. പനയംപാടത്തെ കുളം കിഴക്കേപനയംപാടം കുളം പടിഞ്ഞാറേപനയംപാടം കുളം പാറക്കുളം കാളിയോട് ചമ്പൻ കുളം എരുമേനി കുളം എന്നിവ നന്നാക്കണം.

46. ചമ്പൻ തിട്ടാതോട്ടിൽ പട്ടിയപ്പൻ തരിശിൽ ബണ്ട് കെട്ടണം. ഇരുവശവും കരിങ്കല്ല് കെട്ടി സംരക്ഷിക്കണം.

47. കാളിയോട് ചമ്പൻ തിട്ടാകുണ്ട് കരിങ്കര ഇടകുറിശ്ശി പാടങ്ങൾ സംരക്ഷിച്ച് നിർത്താൻ നടപടി സ്വീകരിക്കണം. പാടങ്ങൾ നികത്തി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിരുൽസാഹപ്പെടുത്തണം.

48. കനാലിൽ നിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളമെടുക്കാൻ അനുവദിക്കണം. നിശ്ചിത ഫീസ് ഈ ഇനത്തിൽ ഈടാക്കണം.

49. ഐരാനി പാട ശേഖരത്തേക്ക് തോട് വൃത്തിയാക്കി പുഞ്ച കൃഷിക്ക് വെള്ളം ലഭ്യമാക്കണം

50. ജലസേചനത്തിന് വൈദ്യുതി സൗജന്യമാക്കണം.

# മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

നമ്മുടെ പഞ്ചായത്തിന്റെ വികാസ പരിണാമങ്ങളിൽ കാർഷിക മേഖലയുടെ സ്വാധീനം വളരെ വിപുലവും അഭിവാജ്യവുമായ ഒന്നാണ്. കൃഷിയുടെ അനിവാര്യാടിസ്ഥാന സൗകര്യങ്ങളിൽ കന്നുകാലി വളർത്തലിന് പ്രഥമ സ്ഥാനമാണുള്ളത്. ഉഴവു മാടുകൾ എന്ന നിലയിലും വണ്ടിവലിക്കുന്നതിനും പാൽ ഉൽപ്പാദിപ്പിക്കുന്നതിനും മാംസ ആവശ്യങ്ങൾ നിറവേററുന്നതിനും മുഖ്യ ജൈവവള സ്രോതസ്സ് എന്ന രൂപത്തിലും കന്നുകാലി വളർത്തലിന്റെ പ്രാധാന്യം ഏറെ ആയിരുന്നു. ആദ്യകാലങ്ങളിൽ ഏതാണ്ട് എല്ലാ കർഷകരും കന്നുകാലികളെ വളർത്തിയിരുന്നു. അന്ന് കന്നുകാലികളെ കെട്ടിയിട്ട് തീററനൽകി വളർത്തുന്ന രീതി ഉണ്ടായിരുന്നില്ല. ആദ്യ കാലം മേയുന്നതിന് സ്വതന്ത്രമായി തുറന്നു വിടുന്ന രീതിയാണ് ഉണ്ടായിരുന്നത്. കൃഷിഭൂമിയുടെ വ്യാപ്തി വർദ്ധിച്ചതോടെ സ്വതന്ത്രമായി തുറന്നു വിടുന്ന രീതിക്ക് മാററം വരുകയും കാലിമേയ്ക്കുന്നതിന് തൊഴിലാളികളെ നിയോഗിക്കുന്ന രീതി വരുകയും ചെയ്തു. വലിയ കർഷകരുടെ തൊഴിലാളികൾക്കിടയിൽ കാലിമേയ്ക്കുന്നതിനും അവയുടെ പ്രത്യേക പരിചരണം ഉറപ്പാക്കുന്നിനും പ്രത്യേകം തൊഴിലാളികളുണ്ടായിരുന്നു. ഉഴവ് മൃഗങ്ങൾക്ക് കോഴികൊടുക്കുക എന്ന സമ്പ്രദായം നിലനിന്നിരുന്നു. ആയുർവ്വേദ ഔഷധങ്ങളും മററും കലർത്തിയാണ് ഇതു ചെയ്തിരുന്നത്. നീണ്ട ഉഴവുകാലത്ത് നഷ്ടപ്പെടുന്ന ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള നടപടി ആയിരുന്നു ഇത്. വേലിയും മതിലുകളുമില്ലാത്ത വിസ്തൃതിയായ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്ന കാലഘട്ടത്തിൽ നിന്ന് വലിയ തെങ്ങിൻ തോപ്പുകളും റബ്ബർ തോട്ടങ്ങളും വളപ്പുകളും വേലിയും മതിലും ഉയർന്നുവന്നതോടെ മേച്ചിൽ സ്ഥലങ്ങളും കന്നുകാലി മേയ്ക്കുന്ന സമ്പ്രദായം തന്നെ നമ്മുടെ ഗ്രാമത്തിൽ അപ്രത്യക്ഷമായി. ഇന്ന് കാലികളെ മേയ്ക്കുന്ന സംവിധാനം വളരെ വിരളമാണ്. അതേപോലെ കന്നുകാലികളെ സംരംക്ഷിക്കാൻ തൊഴിലാളികളെ ഏൽപ്പിക്കുന്ന ഒരു രീതി നിലനിന്നിരുന്നു. ഇന്ന് അതും അപ്രത്യക്ഷമായിരിക്കുന്നു. നെൽ വയലുകൾ ഉഴവുന്നതിന് വേണ്ടി മൃഗങ്ങളെ സംരക്ഷിക്കുന്ന ശ്രമകരമായ പ്രവൃത്തി അപൂർവ്വം കർഷകർ തുടരുന്നു എങ്കിലും സാമാന്യമായി ഈ ആവശ്യത്തിന് വ്യാപകമായി കന്നുകാലികളെ വളർത്തുന്ന സംവിധാനം ഇന്നു നിലവിലില്ല.

പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം വ്യവസായികാവശ്യത്തിനുള്ള എല്ല്, തുകൽ, ഓസിൻ ജെലാററിൻ, കൊഴുപ്പ് എന്നിവയുടെ ലഭ്യത ഔഷധ വ്യവസായത്തിനുള്ള ഹോർമോൺ, വാക്സിൻ, എൻസൈമുകൾ, പരീക്ഷണ ശാലയിലേക്കുള്ള മൃഗങ്ങൾ എന്നിവയെല്ലാം മൃഗസംരക്ഷണത്തിന്റെ വികസന സാധ്യതകളാണെന്നിരിക്കെ കേവലം പാൽ ഉൽപാദനത്തിൽ ഊന്നിക്കൊണ്ടുള്ള വികസന തന്ത്രമാണ് പഞ്ചായത്തിൽ ഇതുവരെയും നില നിന്നു പോന്നിട്ടുള്ളത്.

പൊതു ജനാരോഗ്യത്തെ സംബന്ധിക്കുന്ന ജന്തു രോഗങ്ങളായ പേ_വിഷബാധ,


26

# വനിത



നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 51 ശതമാനം സ്ത്രീകളാണ്. പട്ടിക ജാതി / പട്ടിക വർഗ്ഗങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തും നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ കൂടുതലായിരുന്നു. 1901 ലെ കണക്കനുസരിച്ച് 2633 പുരുഷന്മാർ ഉണ്ടായിരുന്നപ്പോൾ സ്ത്രീകളുടെ എണ്ണം 2703 ആയിരുന്നു. 1931 ൽ ഇത് 3124 ഉം 3316 ഉം ആയിരുന്നു. ഈ അന്തരം നിലനിന്നു പോകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിദ്യാഭ്യാസം തൊഴിൽ എന്നീമേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം പരിശോധിക്കുമ്പോൾ സ്ത്രീകൾ പുരുഷന്മാരേക്കാൾ വളരെ പിന്നിലാണെന്നു കാണാൻ കഴിയും. വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം നാടെങ്ങും നടക്കുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിലെ സ്ത്രീ ജനങ്ങൾ ഈ വക പ്രവർത്തനങ്ങളുടെ പരിധിക്ക് പുറത്താണ്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാഭ്യാസസ്ഥാപനം ഗേൾസ്സ്ക്കൂൾ ആയിരുന്നെങ്കിലും സ്ത്രീകൾ ഇന്നും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നു.

തൊഴിൽ രംഗത്ത് കാർഷിക തൊഴിലാളികളായി കുറച്ചു പേർ ജോലി ചെയ്യുന്നത് ഒഴിവനാക്കിയാൽ സ്ത്രീകൾക്ക് സ്വാധീനമുള്ള മേഖലയില്ല. കൂലിയുടെയും ആനുകൂല്യങ്ങളുടേയും കാര്യങ്ങളിൽ സ്ത്രീ പുരുഷവിവേചനം നിലനിൽക്കുന്നു. ഈ സാഹചര്യങ്ങളെ സഹായിക്കുന്ന വിധത്തിലുള്ളതാണ് സാമൂഹികവും സാംസ്കാരികവുമായ ആചാര ക്രമങ്ങളും സ്ത്രീകളുടെ സാമ്പത്തിക അവസ്ഥയും. നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു. പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഇന്നും വളരെ കുറവാണ്. ബോധപൂർവ്വമായ ഇടപെടലുകളിലൂടെ സ്ത്രീകളെ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അവർക്ക് അർഹമായ സ്ഥാനങ്ങൾ നേടുന്നതിനും നിലനിർത്തുന്നതിനും അവരെ പ്രാപ്തമാക്കേണ്ടിയിരിക്കുന്നു. സർക്കാർ സഹായ പദ്ധതികളെ കുറിച്ച് ബോധവൽക്കരിക്കുക. സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിനും മൂല്യം ലഭിക്കുന്ന വിധത്തിൽ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുന്നതിനും പ്രത്യേക ശ്രദ്ധ വേണം. അതേപോലെ അന്ധ വിശ്വാസങ്ങളിലും അനാചാരങ്ങളിലും വിശ്വസിക്കുന്നവരുടെ തോത് സ്ത്രീകളിൽ പുരുഷന്മാരേക്കാൾ കൂടുതലാണ്. നൂറ്റാണ്ടുകളായി നിലനിന്നിന്നുവരുന്നതും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് വിഘ്നമാവുന്ന വിഷയങ്ങളെ സംബന്ധിച്ച് സമൂഹത്തിലും പ്രത്യേകിച്ച് സ്ത്രീകൾക്കിടയിലും ഒരു പുനപരിശോധനയ്ക്കും നവീകരണത്തിനും ഉതകുന്നവിധം സംവാദങ്ങൾ ഉയർത്തിക്കൊണ്ടുവരണം. അംഗൻവാടികൾ മഹിളാ സമാജങ്ങൾ മാതൃ സംഘങ്ങൾ എന്നിവയുടെ സേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്താം. വിദ്യാലയങ്ങളിൽ പാഠേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ പ്രത്യേക ഊന്നൽ വേണം.

വേതന കാര്യത്തിൽ തുല്യത ഉറപ്പാക്കുക. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ കുട്ടികളെ നോക്കുന്നതിന് സംവിധാനം ഉണ്ടാക്കുക. തൊഴിൽ അവസരങ്ങൾ ലഭ്യത എന്നിവയെകുറിച്ചും സ്ത്രീകൾക്കും നടത്താൻ കഴിയുന്ന ഉദ്യമങ്ങളെകുറിച്ചും വിവരം നൽകുക. തൊഴിൽ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കിയവരെ അവർ പരിശീലിച്ച മേഖലയിൽ തൊഴിലാരംഭിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയും ചെയ്യുക. ബോധവൽക്കരണ പ്രക്രിയ ഒരു തുടർ പരിപാടിയായി നടത്തുക. ഈ പരിപാടികളിലൂടെ ഈ രംഗത്ത് ചലനാത്മകത സൃഷ്ടിക്കാൻ ആകും.

## ഗ്രാമസഭ നിർദ്ദേശങ്ങൾ:

1. സ്ത്രീകൾക്ക് കൂലിയിൽ തുല്യതവേണം

2. സ്ത്രീകൾക്ക് സഞ്ചരിക്കുന്ന വായനശാലവേണം

3. സ്ത്രീധനം നിരോധിച്ചത് പ്രാവർത്തികമാക്കാൻ നടപടിവേണം

4. കൊമ്പോട കാരൂക്ക്, ഊർപാടം ഭാഗങ്ങളിൽ കണ്ടുവരുന്ന രഹസ്യ മദ്യവിൽപ്പന കർശനമായി നിരോധിക്കണം.

5. അംഗൻവാടികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തണം.

6. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രത്യേക പ്രോത്സാഹനം ലഭിക്കണം

7. തയ്യൽ പരിശീലനം ലഭിച്ച പെൺകുട്ടികളെ സംഘടിപ്പിച്ച് തൊഴിൽ നൽകാൻ നടപടിവേണം.

8. അബലാ മന്ദിരത്തിന് കെട്ടിടം നിർമ്മിച്ച് നൽകണം

9. അഞ്ചാം വാർഡിൽ ഒരു മഹിളാ സമാജം രൂപീകരിക്കുന്നതിന് സംവിധാനം വേണം.

10. സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

11. തയ്യൽ കരകൗശല വസ്തു നിർമ്മാണം എന്നിവയിൽ പരിശീലനം, വിപണന സൗകര്യം എന്നിവ ലഭ്യമാക്കണം

# ഗതാഗതവും ഊർജ്ജവും

നമ്മുടെ പഞ്ചായത്തിന്റെ അധീനതയിൽ 85 റോഡുകൾ ഉണ്ട്. 84 കിമി വരുന്ന മെററൽ ചെയ്തതും പക്ക കച്ചറോഡുകൾ ഇതിൽ അടങ്ങുന്നു. 12 കി.മി. വരുന്ന പിഡബ്ലിയു.ഡി റോഡും നമ്മുടെ പഞ്ചായത്തിലുണ്ട്. സ്റേററ് ഹൈവേയിൽ ഉൾപ്പെടുത്തിയ കോഴിക്കോട്ടേയ്ക്കുള്ള പ്രധാന പാതയിൽ വരുന്നതാണ് ഈ പഞ്ചായത്ത് റോഡുകളിൽ ഏറിയ പങ്കും ജനങ്ങൾ ശ്രമദാനം വഴി നിർമ്മിച്ചവയാണ്.

| തരം | നീളം | എണ്ണം |
|---|---|---|
| പി. ഡബ്ലിയു.ഡി. റോഡ് | 12 കിമി | — |
| ടാർ ചെയ്ത പഞ്ചായത്ത് റോഡ് | | 3 |
| മെററൽ റോഡ് | 15.5 കി.മി. | 19 |
| പക്ക റോഡ് | 16.1 കിമി | 11 |
| കച്ച റോഡ് | 52.4 കിമി | 42 |
| കോൺക്രീററ് റോഡ് | 0.5 കിമി | 1 |

അവലംബം : സ്ഥിതി വിവരകണക്കുകൾ

നമ്മുടെ പിന്നോക്കാവസ്ഥയുടെ കാരണങ്ങളിൽ റോഡുകൾക്കുള്ള പങ്ക് ചെറുതല്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എല്ലാം തന്നെ വേണ്ടത്ര സംരക്ഷണങ്ങൾ എന്നിവ ഇല്ലാതെയും റോഡരുകിൽ അഴുക്കു ചാൽ ഇല്ലാതെയും കിടക്കുന്ന ഇതാണ് റോഡുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

മഴ സമയങ്ങളിൽ റോഡുകൾ ഒന്നും തന്നെ ഗതാഗത യോഗ്യമല്ല. റോഡുകളുടെ ഈ ശോചനീയാവസ്ഥ നമ്മുടെ സമ്പത്ഘടനയെ കാര്യമായി ബാധിക്കുന്നു. പഞ്ചായത്തിലെ കാർഷിക ഉൽപാദന മേഖലയിലെ പ്രധാന ഭാഗം നമ്മുടെ മലയോരങ്ങളാണ്. നാണ്യവിളകളുടെ ഗണ്യമായ ഭാഗവും ഉൽപാദിപ്പിക്കുന്നത് കരിമല മൂന്നേക്കർ പ്രദേശങ്ങളാണ്. സുഗമമായ ഗതാഗത സൗകര്യത്തിന്റെ അഭാവത്തിൽ കാർഷിക ചിലവുകൾ ക്രമാതീതമായി വർദ്ധിക്കുന്നതിനും വിഭവങ്ങൾക്ക് അർഹമായ വില ലഭിക്കുന്നതിനും

# LINE MAP OF KARIMBA PANCHAYATH

KONGAD SECTION

| | | | |
|---|---|---|---|
| 1. | SANA | 100 | KVA |
| 2. | CANAL | 100 | KVA |
| 3. | VAKKODE | 63 | KVA |
| 4. | PARAKKODE | 100 | KVA |
| 5. | THUPPANAD SOUTH | 100 | KVA |

MANNARGHAT SECTION

| | | | |
|---|---|---|---|
| 6. | THUPPANAD NORTH | 100 | KVA |
| 7. | VETTAM | 160 | KVA |
| 8. | PANAYAMPADAM | 160 | KVA |
| 9. | KARIMBA | 100 | KVA |
| 10. | KATTAKKALAM | 63 | KVA |
| 11. | KANIYAMKADU | 63 | KVA |
| 12. | EDAKKURUSSI | 63 | KVA |
| 13. | MOOVALAN KUNNU | 100 | KVA |
| 14. | CHAMPANTHITTA | 63 | KVA |
| 15. | MARUTHANKADU | 100 | KVA |
| 16. | CHULLIYAMKULAM | 63 | KVA |
| 17. | KARIYATHY | 63 | KVA |
| 18. | PUTHUKKODE | 100 | KVA |
| 19. | IRUMBAMUTTY | 100 | KVA |
| 20. | KAPPADAM | 100 | KVA |






രേഖപ്പെടുത്തിയതായി കാണുന്നത്.

നമ്മുടെ പഞ്ചായത്തിലെ കാർഷിക ചരിത്രത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന റബ്ബർ കൃഷി ആദ്യമായി സംഘടിതമായി ആരംഭിച്ചത് 1945ൽ ആയിരുന്നു. ദേശമംഗലത്ത് ഋഷികേശവൻ നമ്പൂതിരിപ്പാട് . കെ.എം. മാത്യു. മദ്രാസ് ഹൈക്കോടതി അഡ്വക്കേറ്റ് ജനറലായിരുന്ന കുറപ്പത്ത് കുട്ടികൃഷ്ണമേനോൻ എന്നിവരുടെ നേതൃത്വത്തിലുള്ള കരിമ്പ ആദ്യ പ്ലാൻറേഷനായിരുന്നു ആദ്യ പ്ലാൻറേഷൻ.

| ജനസംഖ്യ (പ്രായപൂർത്തിയായവർ) | | | |
|---|---|---|---|
| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | 1108 | 1103 | 2211 |
| 2 | 719 | 742 | 1461 |
| 3 | 832 | 910 | 1742 |
| 4 | 748 | 798 | 1546 |
| 5 | 512 | 535 | 1047 |
| 6 | 918 | 983 | 1901 |
| 7 | 665 | 688 | 1353 |
| 8 | 649 | 604 | 1254 |
| 9 | 531 | 592 | 1123 |
| 10 | 836 | 875 | 1711 |
| ആകെ | 7518 | 7831 | 15349 |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പഴയ മലബാർ ജില്ലയിലെ വള്ളുവനാട് താലൂക്കിലെ കരിമ്പ ഗ്രാമം. 1964ലാണ് പഞ്ചായത്തായി രൂപവൽക്കരിക്കപ്പെട്ടത്. മലബാർ ജില്ല വിഭജിച്ച് പുതിയ ചെറിയജില്ല രൂപീകരിച്ചതിന്റെ ഫലമായി പാലക്കാട് ജില്ല ഉണ്ടായപ്പോൾ കരിമ്പ പാലക്കാട് ജില്ലയുടെയും പെരിന്തൽമണ്ണ താലൂക്കിന്റെയും ഭാഗമായി. 1969ൽ താലൂക്ക് പുനർ വിഭജനം നടന്നതിന്റെ ഫലമായി മണ്ണാർക്കാട് താലൂക്ക് രൂപീകരിച്ചപ്പോൾ നാം മണ്ണാർക്കാട് താലൂക്കിന്റെ ഭാഗമായി. പഞ്ചായത്ത് രൂപീകരിച്ച അവസരത്തിൽ വടക്ക് ചൂരിയോട് പുഴമുതൽ തെക്ക് കാഞ്ഞികുളം ചെക്ക് പോസ്റ്റ് വരെയും പടിഞ്ഞാറ് സത്രം കാവ് പുഴമുതൽ കിഴക്കൻ കല്ലടിക്കോടൻ മലവരെയും വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങൾ ഉൾകൊള്ളുന്നതായിരുന്നു കരിമ്പ പഞ്ചായത്ത്. 1980ൽ തച്ചമ്പാറ പഞ്ചായത്ത് രൂപീകരിച്ച അവസരത്തിൽ കരിമ്പ പഞ്ചായത്തിലെ ചൂരിയോട് പുഴ മുതൽ മാച്ചാം തോട് വരെയുള്ള പ്രദേശങ്ങൾ തച്ചമ്പാറ പഞ്ചായത്തിൽ ഉൾപ്പെടുത്തി ജില്ലാ ആസ്ഥാനമായി പാലക്കാട് നിന്ന് 25 കിലോമീറ്റർ വടക്കു കിഴക്കുഭാഗത്തായി കരിമ്പ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.

സമ്പന്നമായ ഒരു ഗതകാലചരിത്രത്തിന്റെയും പ്രൗഢമായ സാംസ്കാരിക പാരമ്പര്യത്തിന്റെയും ഈടുറ്റ പ്രവർത്തനങ്ങളുടെ രംഗഭൂമിയായിരുന്ന ഈ ഗ്രാമ പഞ്ചായത്ത് ബ്രിട്ടീഷുകാരുമായി സാമൂതിരി കാരാറിൽ ഏർപ്പെടുന്നതിനെ എതിർത്ത കിഴക്കേ കോവിലകം തമ്പുരാനെ മദ്ധ്യസ്ഥ തീരുമാന പ്രകാരം 10000/= കല്ലടിക്കോട്ടെ കോവിലകവും നൽകി സമാധാനിപ്പിച്ചു എന്നും കല്ലടിക്കോട്ടെത്തിയ കിഴക്കേ കോവിലകം തമ്പുരാൻ പഴശ്ശി രാജാവിനു വേണ്ടി പടയാളികളെ അഭ്യസിപ്പിച്ചു എന്നും വിവിരം അറിഞ്ഞ ബ്രിട്ടീഷുകാർ കിഴക്കേ കോവിലകം തകർത്ത് തമ്പുരാനെ ബന്ധിയാക്കി ഡിൻണ്ടിക്കല്ലിലെ കോട്ടയിൽ അടച്ചുവെന്നും, അവിടെ വച്ച് തമ്പുരാൻ മരിച്ചതായും പഴമക്കാർ പറയുന്നു. കിഴക്കേ കോവിലകത്തിന്റെ പരദേവനായ വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിന്റെയും കോട്ടയുടെയും അവശിഷ്ടങ്ങൾ ഇന്നും കോലോത്തും പള്ളിയാൽ ഭാഗത്ത് കാണാം.

ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം രൂപപ്പെട്ട കാലത്തുതന്നെ സ്വാതന്ത്ര്യ പ്രക്ഷോഭത്തിലും സ്വദേശി പ്രസ്ഥാനം, അയിത്തോച്ചാടനം, തുടങ്ങിയ പ്രവർത്തനങ്ങളിലും ആകൃഷ്ടനായി സദുദ്ദേശ ത്യാഗങ്ങൾ സഹിച്ച നിരവധി പേരുണ്ട് ശ്രീ. ടി. ആർ. കൃഷ്ണസ്വാമി അയ്യരുടെ നേതൃത്വത്തിൽ നടന്ന ഉപ്പു സത്യഗ്രഹത്തിൽ പങ്കെടുത്ത് ജയിൽ ശിക്ഷ അനുഭവിച്ച കപ്പടം പങ്ങുണ്ണിനായർ (1931 ജനുവരിയിൽ കോഴിക്കോട് സ്പെഷൽ കോടതി 6 മാസം കഠിന തടവിന് ശിക്ഷിച്ചു. 1931 മാർച്ച് 11ന് 1137 നമ്പർ ഉത്തരവുപ്രകാരം മോചിപ്പിച്ചു.) ആദ്യകാല സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ചെന്ത്രാനി പത്മനാഭൻ നായർ ക്വിറ്റ് ഇന്ത്യാസമരത്തിന്റെ ആഹ്വാനം ഉൾകൊണ്ട് കോളേജ് വിട്ട് ഇറങ്ങുകയും അതിന്റെ പേരിൽ കോളേജിൽ നിന്ന് പുറത്താക്കപ്പെടുകയും പിന്നീട് സ്റ്റുഡൻസ് കോൺഗ്രസ്സിൽ

13

വിഘാതമാകുന്നു. ഇത് ഇതര പ്രദേശങ്ങൾക്കും ബാധകമാണ്. റോഡുകളുടെ മോശമായ അവസ്ഥ ജനങ്ങളുടെ ഇതര ആവശ്യങ്ങളേയും ദോഷകരമായി ബാധിക്കുന്നു. ജില്ലാതാലൂക്ക് ആസ്ഥാനത്തേക്ക് പോകണമെങ്കിലോ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻേറയോ വിദ്യാലയങ്ങളുടെയോ സേവനം ലഭ്യമാകണമെങ്കിലോ കിലോമീററുകൾ താണ്ടി എത്തേണ്ടതായുണ്ട്. ജീപ്പുകളാണ് യാത്രാക്ലേശത്തിന് തെല്ലെങ്കിലും ആശ്വാസം.സർവ്വീസ് നടത്തിയിരുന്ന ബസ്സുകൾ ഓട്ടം നിർത്തിയിട്ട് കാലം ഏറെയായി. ഇത് പ്രാഥമിക വിദ്യാലയത്തിൽ എത്താൻ കിലോമീററുകൾ താണ്ടേണ്ടിവരുന്ന കുട്ടികളേയും അതുവഴി വിദ്യാഭ്യാസത്തേയും ബാധിക്കുന്നു. ഈ അവസ്ഥയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടതായുണ്ട്. ജനങ്ങൾ തിങ്ങിപാർക്കുന്ന ഇടങ്ങളിലേക്കുള്ള റോഡുകൾ_മലയോര പ്രദേശത്തേക്കുള്ള റോഡുകൾ_രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കാൻ ഉതകുന്ന റോഡുകൾ _ഹരിജൻ കോളനി, വിദ്യാലയങ്ങൾ ആശുപത്രി, എന്നിവടങ്ങളിലേക്കുള്ള റോഡുകൾ എന്നിവ മുൻഗണന നൽകി പരിഗണിക്കേണ്ടവയാണ്. യാത്രാ സൗകര്യം തീരെ ലഭ്യമല്ലാത്ത ഇടങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുന്ന വിഷയവും പരിഗണിക്കാം. റോഡ് അരുകുകളിൽ ചാൽ നിർമ്മിക്കുക, ഓവു ചാലുകൾ നിർമ്മിക്കുക, അടിയന്തിര അററകുററ പണികൾ നിർവ്വഹിക്കുക എന്നി പ്രവൃത്തികൾ ഏറെറടുക്കുക വഴി യാത്രാ ക്ലേശവും റോഡുകളുടെ ശോച്യാവസ്ഥയും ഒരു പരിധിവരെ പരിഹരിക്കാം.

## ഊർജ്ജ മേഖല

ഊർജ്ജ ആവശ്യത്തിന് വിറക് മണ്ണെണ്ണ വാതകം വൈദ്യുതി എന്നിവ ഉപയോഗിക്കുന്നു. 2033 വൈദ്യുത കണക്ഷനുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 1669 ഗാർഹിക കണക്ഷനുകൾ ഉണ്ട്. 36.87 ശതമാനം കെട്ടിടങ്ങൾ മാത്രമേ വൈദ്യുതികരിച്ചിട്ടുള്ളു. വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുന്ന പ്രദേശങ്ങളും അപേക്ഷകരും ഉണ്ട്. ഈ രംഗത്തെ നില മിൻവല്ലം പദ്ധതി പ്രാവർത്തികം ആക്കുന്നതോടെ മെച്ചപ്പെടുത്താൻ കഴിയും ഇന്ത്യയിൽ ആദ്യമായി ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം ഏറെറടുക്കുന്ന വൈദ്യുത പദ്ധതി എന്ന പ്രത്യേകതയും അതിനുണ്ട്.

| | ഗാർഹികം ഉപഭോക്താക്കളുടെ എണ്ണം | വ്യാപാരം ഉപഭോക്താക്കളുടെ എണ്ണം | ക്ാർഷികം ഉപഭോക്താക്കളുടെ എണ്ണം | വ്യാവസായികം ഗുണഭോക്താക്കളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| കോങ്ങാട് | 759 | 77 | 39 | 12 | 887 |
| മണ്ണാർക്കാട് | 910 | 145 | 66 | 22 | 1146 |
| ആകെ | 1269 | 222 | 105 | 37 | 2033 |

2033 കണക്ഷനുകളുടെ കണക്റ്റഡ് ലോഡ് 2434.6 കി.ലോ വാട്ട് ആണ്. വ്യവസായിക ആവശ്യത്തിന്റെ ലോഡ് 261KWയും കാർഷികആവശ്യത്തിന്റേത് 373.5ഉം വാണിജ്യആവശ്യത്തിന്റേത് 231.2KW ഉം ഗാർഹികാവശ്യത്തിന്റേത് 1568.9 കിലോ വാട്ടാണ്.

പാചകവാതകം സ്വകാര്യ ഏജൻസികൾ വിതരണം നടത്തുന്നു എങ്കിലും മതിയായ തോതിൽ ഉപയോഗത്തിൻ ഇല്ല. വിറക് ഉപയോഗിച്ചാണ് സാധരണക്കാർ ഭക്ഷണം പാകം ചെയ്യുന്നത് മണ്ണെണ്ണ ഉപയോഗിക്കുന്നവരും ഉണ്ട്. കൃഷിയിടങ്ങൾ നാണ്യവിളകൾക്ക് വേദിയായതോടെ പാഴ് മരങ്ങളുടെ ലഭ്യതകുറഞ്ഞു ഇന്ന് അതൊരു രൂക്ഷമായ അവസ്ഥയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു. ഉർജ്ജം നഷ്ടപെടുത്തുന്ന പഴയ രീതികളാണ് ഭൂരിഭാഗം ആളുകളും സ്വീകരിക്കുന്നത്. ഈ രംഗത്ത് ബോധവൽക്കരണവും ചിലവു കുറഞ്ഞ ഊർജ്ജം ലാഭിക്കാൻ ഉതകുന്ന ഉപകരണങ്ങൾ അടുപ്പുകൾ എന്നിവ പ്രചരിപ്പിക്കുകയും വേണം. വന പ്രദേശങ്ങളിൽ വിറകിനുള്ള മരങ്ങൾ വെച്ചു പിടിപ്പിക്കണം.

. ബയോഗ്യാസ് പ്ലാൻറുകൾ സൗരോർജ്ജ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ഉയർന്ന പ്രോത്സാഹനം നൽകാൻ തയ്യാറാകണം സമഗ്രമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ ജന പങ്കാളിത്തത്തോടെ ഒരു എനർജി മേനേജ്മെൻറ് പ്രോഗ്രാം തയ്യാറാക്കണം.

## മീൻവല്ലം:

തുപ്പനാട് പുഴയുടെ ഉൽഭവസ്ഥാനത്ത് സമുദ്രനിരപ്പിൽ നിന്ന് 2800 അടി ഉയരത്തിലാണ്. 10 മുതൽ 30 വരെ അടി വീതി വരുന്ന ഈ വെള്ളച്ചാട്ടം കുത്തനെ കീഴോട്ടു വീഴുന്ന 3 ചാട്ടങ്ങൾ ഉണ്ട് ഇതു പ്രയോജനപ്പെടുത്തി വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. 1984_ൽ നമ്മുടെ പഞ്ചായത്ത് ഭരണ സമിതി ഈ ആവശ്യം ഉന്നയിച്ചിരുന്നു. അനാർട്ടും ഐ.ആർ.ടി.സിയും സർവ്വേ നടത്തി സാധ്യത സ്ഥിതീകരിച്ച പദ്ധതി ഏറെറടുത്ത് നടത്താൻ ജില്ലാ പഞ്ചായത്ത് തയ്യാറായി. സർക്കാർ പദ്ധതി ഏറെറടുത്ത് നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന് അനുവാദം നൽകുകയും ചെയ്തിരുന്നു. പദ്ധതി പ്രാവർത്തികമാകുന്നതോടെ ഊർജ്ജ മേഖലയിലും വ്യാവസായിക രംഗവും മാററങ്ങൾ പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം നീളം | | | | ടാർ |
|---|---|---|---|---|---|---|---|
| | | | കച്ച | പക്ക | മെററൽ | പഞ്ചായത്ത് | PWD N.H. |
| 1. | 1. | ചരലേററം ചെന്തണ്ട് | 850 | | | | |
| 2 | 1 | നെല്ലിക്കുന്ന് മുണ്ടയിൽ ഹരിജൻ കോളനി | | | 400 | | |
| 3. | 1 | അയ്യപ്പൻ കോട്ട_മാമ്പുറം | 600 | | | | |
| 4. | 1 | കോമ്പോട_പാലലം | | | 200 | | |
| 5. | 1 | ഇടക്കുറുശ്ശി_വാഴേമ്പുറം | 750 | | 1കി.മി | | |
| 6. | 1 | ആനയങ്ങോട്_കുനിയങ്ങോട് | | | 600 | | |
| 7. | 2 | കൊമ്പോട് ലക്ഷം വീട് കോളനി | 600 | | | | |
| 8. | 2 | പള്ളിപ്പടി_വടുകത്തറ | 500 | 1കി.മി | | | |
| 9. | 2 | നീച്ചാററ റോഡ് | 1500 | | | | |
| 10. | 2 | കാഞ്ഞിരം ചേല റോഡ് | 250 | | | | |
| 11. | 2 | ആനവരമ്പ്_പള്ളിപ്പടി | | | 500 | | |
| 12 | 2 | മുട്ടിക്കൽ കണ്ടം നിരിട്ടിൽ | 1500 | | 500 | | |
| 13. | 2 | തുടക്കുറുശ്ശി പാത്തിവരമ്പ് | | 400 | | | |
| 14 | 3 | പള്ളിപ്പടി_കൽച്ചിറ | | 500 | | | |
| 15 | 3 | ഹൈസ്കൂൾ ഒലിപ്പാറ | 500 | | | | |
| 16 | 3 | കരുക്കിൽ പാടം റോഡ് | 300 | | | | |
| 17 | 3 | ഊർപ്പാടം റോഡ് | 200 | | | | |
| 18 | 3 | ഊർപ്പാടം വെട്ടം റോഡ് | | | 600 | | |
| 19 | 3 | ഹൈസ്കൂൾ വെട്ടം റോഡ് | | | 500 | | |
| 20 | 3 | വെട്ടം അയ്യപ്പൻ കോട്ട | | | 550 | | |
| 21 | 3 | താന്നികുന്ന് ഹൈസ്കൂൾ ഹരിജൻ കോളനി | 300 | | | | |
| 22 | 3 | അങ്ങാടിക്കാട് | | | | | |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം നീളം | | | ടാർ | |
|---|---|---|---|---|---|---|---|
| | | | കച്ച | പക്ക | മെററൽ | പഞ്ചായത്ത് | PWD N.H. |
| | | ഹരിജൻ കോളനി | 500 | | | | |
| 23. | 3 | മമ്പുറം_മണലിപ്പാടം | | 800 | | | |
| 24. | 3 | കച്ചേരിപ്പടി റോഡ് | 300 | | | | |
| 25. | 3 | അയ്യപ്പൻ കോട്ട_ | | | | | |
| | | അമ്പലക്കടവ് | 1. കിമി | | | | |
| 26. | 4. | മോഴേനി_ കരിമ്പ പാടം | | 1. കിമി | | | |
| 27. | 4 | പുലിമല ഹരിജൻ കോളനി | 500 | | | | |
| 28. | 4 | ഒലിപ്പാറ കീഴച്ചിറ | 600 | | | | |
| 29. | 4 | കാഞ്ഞിരാനി ചൂരക്കാട് | | | | | |
| | | OLHS കോളനി | 800 | | | | |
| 30. | 4 | വാലിക്കാട് പള്ളിറോഡ് | | | 500 | | |
| 31. | 4 | ചൂരക്കാട് OLHS റോഡ് | | | 400 | | |
| 32. | 4 | കാഞ്ഞിരാനി_വാലിക്കാട് | | 2 കിമി | | | |
| 33. | 5 | പറക്കാട്_ചിങ്ങത്തുപാടം | | | | | |
| | | കരിക്കുന്ന് | 800 | | | | |
| 34. | 5 | മാപ്പിളസ്കൂൾ_നെടുങ്കോട് | | | 700 | | |
| 35. | 5 | കാഞ്ഞിരാനി_ | | | | | |
| | | കാഞ്ഞിരാനികളം | 600 | | | | |
| 36 | 5 | കാഞ്ഞിരാനി തുപ്പനാട് പള്ളി | 600 | | | | |
| 37. | 5 | പറക്കാട്_കനാൽബണ്ട് | 300 | | | | |
| 38. | 6 | ചുങ്കം കുന്നത്തുക്കാട് | 150 | | | | |
| 39 | 6 | മുതുക്കാട് OLHS കോളനി | | | 500 | | |
| 40 | 6 | പുലകുന്നത്ത്_ഹരിജൻ | | | | | |
| | | കോളനി | 600 | | | | |
| 41 | 6 | കല്ലടിക്കോട്_കളിപ്പറമ്പ് | 1,300 | | | | |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം നീളം | | | ടാർ | |
|---|---|---|---|---|---|---|---|
| | | | കച്ച | പക്ക | മെററൽ | പഞ്ചായത്ത് | PWD N.H. |
| 42 | 6 | TB ഗവൺമെന്റ് ഡിസ്പെൻസറി റോഡ് | | 500 | | | |
| 43 | 6 | കനാൽ ബണ്ട് റോഡ് | | | | 1 കിമി | |
| 44 | 6 | സ്രാമ്പിക്കൽ ഇടവഴി | 400 | | | | |
| 45. | 6 | അയ്യപ്പൻ കാവ്_കൂരിക്കുന്ന് | | | | 1 കിമി | |
| 46. | 6 | കനാൽ മുട്ടിയങ്ങോട് (പറയ്ക്കലട) | 800 | | | | |
| 47. | 7 | പാറോക്കോട് മേലേ മഠം | 250 | | | | |
| 48. | 7. | മേലേമഠം ഹരിജൻ കോളനി | 500 | | | | |
| 49. | 7 | മേലേമഠം തുപ്പനാട് അമ്പലം | 1.കിമി | | | | |
| 50. | 7 | മേലേമഠം പുല്ലത്താണി | 600 | | | | |
| 51. | 7 | കുളങ്കരപ്പാടം കനാൽ റോഡ് | | | 500 | | |
| 52 | 7 | TB ബംഗ്ലാവ് കുന്ന് റോഡ് | 650 | | | | |
| 53. | 7 | എതൃപ്പുള്ളി റോഡ് | 300 | | | | |
| 54. | 7 | ചുങ്കം പറയ്ക്കലടി | | | 900 | 100 | |
| 55. | 7 | വടക്കോട്ട് മണ്ണാത്തിപ്പാറ | 1500 | | | | |
| 56. | 8 | വാക്കോട് മണലിറോഡ് | 1.900 | | 600 | | |
| 57. | 8 | മരുതം കാട് സ്കൂൾ റോഡ് | 500 | 500(കോൺക്രീറ്റ്) | | | |
| 58. | 8 | ചുള്ളിയാം കുളം കരിമല | 7500 | | | 3 കിമീ | |
| 59. | 8 | കുറിഞ്ഞിപ്പാടം മരുതം കാട് | 2000 | | | | |
| 60 | 8 | കനാൽ കൂമൻകുണ്ട് | 4500 | | | | |
| 61 | 8 | ഇരുമ്പാമുട്ടിനിരാവ് ആനക്കല്ല് | 2000 | | | | |
| 62 | 8 | പന്തലോടകളം ചെറുമല | 1500 | | | | |
| 63 | 9 | ചെറുള്ളി_കുറിഞ്ഞിപ്പാടം | 250 | | | | |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം നീളം | | | ടാർ |
|---|---|---|---|---|---|---|
| | | | കച്ച | പക്ക | മെററൽ | പഞ്ചായത്ത് PWD N.H. |
| 64 | 9 | ചെറുള്ളി_ഐരാനി | | | | |
| | | ഹരിജൻ കോളനി | 800 | | .500 | |
| 65 | 9 | ചെറുള്ളി_ഹരിജൻ കോളനി | 250 | | | |
| 66 | 9 | ചെറുള്ളി _G.U.P.S | 250 | | | |
| 67 | 9 | തുപ്പനാട് കാളിയോട് | | | | 1.കി.മി |
| 68 | 9 | കാളിയോട് കുറിഞ്ഞിപ്പാടം | 250 | | | |
| 69 | 10 | ആലും കുന്ന് | 500 | | | |
| 70 | 10 | പനയമ്പാടം എരുമേനി | 1കി.മി | | | |
| 71 | 10 | വടുകത്തറ എരുമേനി | 800 | | | |
| 72 | 10 | കുററിച്ചോല റോഡ് | 600 | | | |
| 73 | 10 | കാഞ്ഞിരം ചോല കാളിയോട് | | | | 1 കി.മി |
| 74 | 10 | പൂഴിക്കുന്ന് (ഇടക്കുറുശ്ശി) | | | | |
| | | പട്ടിയപ്പൻ തരിശ് | 3000 | | | |
| 75. | 10 | തമ്പുരാൻ ചോല | 1കി.മി | | | |

## P.W.D. റോഡുകൾ

| നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | പാലക്കാട് _ കോഴിക്കോട് |
| 2 | ഇടക്കുറിശ്ശി _ ശിരുവാണി |
| 3 | കല്ലടിക്കോട് _ ശ്രീകൃഷ്ണപുരം (സത്രംകാവ്) |

## പുതിയതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| ക്രമ നമ്പർ | വാർഡ് | |
|---|---|---|
| 1 | 1 | പാലളം കിഴക്കേക്കര ഭാഗത്തുനിന്നും ഹരിജൻ കോളനിയിലേക്കുള്ള റോഡ് |
| 2 | | കുമ്പളപന്തലിൽ നിന്ന് രണ്ടേക്കർ ഭാഗത്തേക്ക് റോഡ് |
| 3 | | കുനിയംകാട് മമ്പുറം റോഡ് |
| 4 | 2 | ഇടക്കുറുശ്ശി പാത്തിപ്പാലം റോഡ് |
| 5 | | പാലളം പടിഞ്ഞാക്കര നിന്നും പാണൻകോളനി വഴി മുട്ടിക്കൽ കണ്ടത്തിലേക്ക് റോഡ് |
| 6 | | ഇടക്കുറുശ്ശി അംഗനവാടി മുതൽ നീലാററ വഴി റോഡ് |
| 7 | 3 | കൈക്കോട്ടിൽ പാടത്തേക്ക് ഇറങ്ങുന്ന റോഡ് |
| 8 | | കരിമ്പ_മുസ്ലീം പള്ളി മുൻവശത്തെ ഇടവഴി വെട്ടം ഹൈസ്കൂളുമായി ബന്ധിപ്പിക്കുന്ന റോഡ് |
| 9 | | ഊർപ്പാടം വഴി ദുബായ്കുന്നിലേക്ക് വഴി |
| 10 | 4 | വാലിക്കോട് മാരിയമ്മൻ കോവിലിലേക്ക് റോഡ് |
| 11 | | മോഴേനി _ ഹരിജൻ കോളനിറോഡ് |
| 12 | | കാഞ്ഞിരാനിയിൽ നിന്ന് വാലിക്കോട്ടേയ്ക്ക് പോകുന്ന റോഡിൽ ആദ്യകലിങ്കിൽ നിന്ന് തെക്കോട്ട് പോകുന്ന റോഡ് |
| 13 | | ലക്ഷം വീട് കോളനിയിൽ നിന്ന് സത്രം കാവ് റോഡ് |
| 14 | 5 | കൂരിക്കുന്ന് കാഞ്ഞിരാനി റോഡുകൾ ബന്ധിപ്പിക്കുന്ന റോഡ് |
| 15 | | മേലേകലവറ ഇടവഴി റോഡ് |
| 16 | 6 | കല്ലടിക്കോട് മുതുക്കോട് പറമ്പ് |
| 17 | 7 | ഓലഞ്ചേരി റോഡ് |
| 18 | | തുപ്പനാട് കുഴിക്കടവ് റോഡ് |
| 19 | | മേലേമഠം ഓലഞ്ചേരി റോഡ് |
| 20 | 9. | ഐരാനി മണ്ണാത്തിപ്പാറ റോഡ് |

# ടാർ ചെയ്യേണ്ട റോഡുകൾ

1. കാരാകുർശ്ശി _ ഇടക്കുറുശ്ശി റോഡ്
2. പാലളം ഹരിജൻ കോളനി റോഡ്
3. പള്ളപ്പടി _ വടുകുത്തറ റോഡ്
4. മുട്ടിക്കൽകണ്ടം _ മുകാലൻകുന്ന് റോഡ്
5. വാലിക്കോട് വല്യുള്ളി അമ്പലാമന്ദിരം റോഡ്
6. പറക്കാട് _ കാഞ്ഞിരാനി റോഡ്
7. ചുങ്കത്തു നിന്ന് കനാൻ ബണ്ട് റോഡ്
8. കല്ലടിക്കോട് വാക്കോട് റോഡ്
9. കല്ലടിക്കോട് _ ചുങ്കം , റോഡ്
10 ചെറുള്ളി _ അയിരാനി _ കുറിഞ്ഞിപ്പാടം റോഡ്
11. അയിരാനി ഹരിജൻ കോളനി റോഡ്
12 പാറക്കാൽ _ വഴുക്കപ്പാറ റോഡ്

## വ്യവസായം

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലും പിന്നീടു നടന്ന സമ്പത്തിന്റെ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ പങ്കാളിത്തം ഉറപ്പാക്കാൻ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം നടന്നിരുന്നുഎങ്കിലും വ്യവസായിക സംരംഭങ്ങൾ തുടങ്ങുന്ന കാര്യത്തിൽ നമ്മുടെ സംഭാവന തീർത്തും ദുർബലമാണ്. ഈ മേഖലയിൽ തൊഴിൽ എടുക്കുന്നവർ നമ്മുടെ ജനസംഖ്യയുടെ കേവലം 2%ത്തിൽ താഴെയെ വരുന്നുള്ളു.

പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങൾ

| ക്രമനമ്പർ | വ്യവസായ സംരംഭത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | മര ഈർച്ച മിൽ | 4 |
| 2 | റൈസ് മിൽ | 14 |
| 3 | എണ്ണമിൽ | 4 |
| 4 | അവിൽ മിൽ | 2 |
| 5 | പ്രസ്സ് | 2 |
| 6 | ഹോളോ ബ്രിക്സ് | 2 |
| 7 | എഞ്ചിനീയറിങ്ങ് വർക്ക്സ് | 3 |
| 8 | ലേത്തുകൾ | 1 . |
| 9 | ബീഡി | 4 |
| 10 | ചകിരി വ്യവസായം | 1 |

മനുഷ്യ അദ്ധ്വാനം വിനിയോഗിക്കാനുള്ള ബാധ്യതയും റബ്ബർ, തേങ്ങ, അടക്ക, തുടങ്ങിയ കാർഷിക വിഭവങ്ങൾ ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ നേടാൻ കഴിഞ്ഞ മുന്നേറ്റം ഒരുക്കുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും കണക്കിലെടുക്കുമ്പോൾ വ്യവസായികമായി മുന്നോട്ടുപോകുന്നതിന് നമുക്ക് കഴിയും എന്നാൽ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ തൊഴിൽ പരിചയവും പരിശീലനവും, ലഭിക്കാനുള്ള പ്രയാസം ഗതാഗത സൗകര്യങ്ങൾ സാമ്പത്തിക സാഹചര്യം, വൈദ്യുതി, സംരംഭം ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യം എന്നിവയുടെ കാര്യത്തിൽ ഉള്ള പ്രതിബന്ധങ്ങളാണ് പൊതുവായി വ്യാവസായിക സംരംഭകരെ ആകർഷിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ.

നമ്മുടെ പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുമ്പോൾ നമുക്ക് ആരംഭിക്കാൻ പററുന്ന വ്യവസായങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കാം.

1. കാർഷിക വിഭവങ്ങളിൽ അധിഷ്ടിതമായ വ്യവസായങ്ങൾ.
2. നമ്മുടെ വന പ്രദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ
3. ടൂറിസം വ്യവസായങ്ങൾ

## I കാർഷിക വിഭവങ്ങളെ അധിഷ്ടിതമാക്കിയുള്ള സംരംഭങ്ങൾ:

1. പഴസംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ
2. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ
3. നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ
4. മുട്ട, പാൽ, മാംസം എന്നിവയെ അടിസ്ഥാനമാക്കിയുള്ളസംരംഭങ്ങൾ
5. കയർ കരകൗശല വസ്തു ലഘു സംരംഭങ്ങൾ

## II വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ;

1. മരവ്യവസായം
2. ആയുർവേദ സസ്യങ്ങളുടെ കൃഷിയും മരുന്ന് ഉൽപാദനവും
3. വന വിഭവങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ

## III ടൂറിസം വ്യവസായങ്ങൾ

1. പഴസംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 210 ഹെക്ടറിൽ നേന്ത്രവാഴയും 40 ഹെക്ടറിൽ വാഴയും 65 ഹെക്ടറിൽ മാവും 70 ഹെക്ടറിൽ പ്ലാവും 10 ഹെക്ടറിൽ കശുമാവും കൃഷിചെയ്യുന്നു.ഇവയ്ക്കു പുറമെ പൈനാപ്പിൾ, പപ്പായ എന്നിവയും അങ്ങിങ്ങായി കൃഷിചെയ്യുന്നു. ഇവ സംസ്കരിക്കുന്നതിനും വിപണനം സാധ്യമാക്കുന്നതനും ഇപ്പോൾ സംരംഭങ്ങൾ ഒന്നും ഇല്ല. മററു സ്ഥലങ്ങളിലേക്ക് കയററി പോകുന്നു. സീസൺ സമയത്ത് ഒരേ സമയം ഉൽപ്പന്നത്തിന്റെ വിലവെടുക്കുന്നതിനാൽ നഷ്ടം സഹിച്ചാണെങ്കിലും വിൽക്കാൻ കർഷകൻ നിർബന്ധിതനാക്കുന്നു. ഇത് ഒഴിവാക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ രംഗത്തെ സംരംഭത്തിന് കഴിയും.

### 2. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ:

1850 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്യുന്ന നമ്മുടെ പഞ്ചായത്തിൽ റബ്ബർ അധിഷ്ടത വ്യവസായങ്ങൾ ഒന്നും ഇല്ല. ആധുനിക ജീവിതത്തിൽ റബ്ബറിന്റെ സ്വാധീനം വളരെ വിപുലമാണ്. വൈദ്യശാസ്ത്രരംഗത്ത് . ഉപയോഗിക്കുന്നതും റബ്ബർലാററക്സ്

അസംസ്കൃതവസ്തുവായതുമായ നിരവധി സാധനങ്ങൾ നിർമ്മിക്കാനാവും കൂടാതെ സാധാരണ റബ്ബർ ഉപയോഗിച്ച് നിരവധി ഉൽപന്നങ്ങൾക്കും സാധ്യതയുണ്ട്. റബ്ബർ കുരുവിൽ നിന്ന് എണ്ണ ഉൽപാദിപ്പിക്കുന്ന സംരംഭത്തിനും സാധ്യതയുണ്ട്.

## 3. നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ:

327 ഹെക്ടറിൽ നിന്ന് 15,69,000 നാളികേരം ഉൽപാദിപ്പിക്കുന്നു. തേങ്ങയായും കൊപ്രയായും കമ്പോളത്തിൽ എത്തിക്കുക എന്ന പ്രവൃത്തിമാത്രമാണ് ഇപ്പോൾ നടക്കുന്നത്. ഇപ്പോഴത്തെ ഉല്പാദനം ശരാശരിയിലും വളരെ താഴെയാണ് വസ്തുവുമായി കണക്കിലെടുത്ത് പരിശോധിക്കുമ്പോൾ ഈരംഗത്തെ സാധ്യതയുടെ വ്യാപ്തി നമ്മുക്ക് മനസ്സിലാകും. എണ്ണ ഉൽപാദനത്തിലുപരി നാളകേരം അടിസ്ഥാനമാക്കി നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നതും ശീതളപാനിയങ്ങൾക്കിടയിൽ ഇളനീർ വെള്ളത്തിന് സ്ഥാനം കണ്ടെത്താൻ പ്രയാസമില്ലെന്നകാര്യവും പരിഗണിക്കേണ്ടതുണ്ട്. ഏതുനിലക്കും സുലഭമായി ലഭിക്കുന്ന, ലഭ്യത വർദ്ധിപ്പിക്കാൻ സാധ്യതയുള്ള അസംസ്കൃത വസ്തുവാണ് തേങ്ങ. ഇത് അടിസ്ഥാനമാക്കിയുള്ള തൊഴിൽ മേഖല ശക്തിപ്പെടുത്താനും മുന്നോട്ട് കൊണ്ടുപോകാനും കഴിയും.

4. മുട്ട,പാൽ, മാംസം എന്നിവ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ:

മുട്ട, പാൽ, മാംസം എന്നിവയുടെ ലഭ്യത നമ്മുടെ ആവശ്യത്തിന് മതിയായ ഒരു അവസ്ഥയിലല്ല ഇന്നുള്ളത്. ഇവയുടെ ഉൽപാദനം വർദ്ധിപ്പിക്കേണ്ട അനിവാര്യത നിലനിൽക്കുന്നു. ആ സംരംഭം വിജയകരമായി പൂർത്തിയക്കണമെങ്കിൽ അതിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. ഇതിൽ ഏറെ പ്രാധാന്യം അർഹിക്കുന്നതാണ് ചിലവുകുറഞ്ഞ കാലി, കോഴി തീററ ഉൽപാദനം മരുന്നുകളുടെ ഉൽപാദനം തീററ പാത്രങ്ങളും ഇതര സാമാഗ്രഹികളുടെ ഉൽപാദനവും എന്നിവയും ഉൽപാദന തോത് വർദ്ധിക്കുന്ന മുറയ്ക്ക് ഇവയുട സംസ്കരണവും വിപണനവും പരിഗണിക്കാവുന്ന വിഷയമാണ്. ഇപ്പോഴത്തെ അവസ്ഥയിൽ തന്നെ ഒരു ചെറുകിട കാലിത്തീററ കോഴിത്തീററ ഫാക്ടറിയ്ക്കും സാധ്യതയുണ്ട്.

## 5. കയർ കരകൗശലവസ്തു ലഘു സംരംഭങ്ങൾ:

15 ലക്ഷത്തിൽ അധികം വരുന്ന തേങ്ങയുടെ ചകിരി സംസ്കരിക്കുന്നതിന് സാദ്ധ്യതയുണ്ട്. പന, വാഴ, നാരുകൾ ചിരട്ട തുടങ്ങി നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന നിരവധി സാധനങ്ങൾ ആകർഷകമായ കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് ഉപകരിക്കും. ഇന്ന് പാഴയി പോകുന്ന ഇവ പ്രയോജനപ്പെടുത്തുന്ന ന്നത്.ൻ തൊഴിൽ സാധ്യതയും ധനാഗമമാർഗ്ഗത്തിനും വഴിയൊരുക്കും തുന്നൽ തൊഴിലാളികളെയും പരിശീലനം ലഭിച്ച് ഇതര വിഭാഗങ്ങളേയും ഉപയോഗിച്ച് വസ്ത്ര നിർമ്മാണ രംഗത്ത് ലഘുസംരംഭം ആരംഭിക്കാൻ കഴിയും.

## മരവ്യവസായം

1. 4 മരമില്ലുകൾ പ്രവൃത്തിക്കുന്നുണ്ട്. തടി അടിസ്ഥാനമാക്കി ഗൃഹോപകരണങ്ങൾ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ എന്നിവ നിർമ്മിക്കുന്ന തൊഴിലിന്

സാധ്യതയുണ്ട്. കൂടാതെ റബ്ബർ തടി സംസ്കരിക്കുന്നതിനും അത് അടിസ്ഥാനമാക്കി പുതിയ മേഖല കണ്ടെത്താനും ഈ രംഗത്ത് കഴിയും. കരകൗശല വിരുതുകളും ചെറിയ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള രീതിയും സമന്വയിപ്പിക്കാൻ കഴിഞ്ഞാൽ വലിയ പ്രതീക്ഷക്ക് ഇടനൽകുന്ന ഒരു രംഗമായി വളർത്തിയെടുക്കാൻ കഴിയും.

2. ആയുർവേദ സസ്യങ്ങളുടെ കൃഷിയും ഔഷധ നിർമ്മാണവും.

വളരെ വിപുലമായ സാധ്യതകളുള്ള ഒരു മേഖലയാണിത്. പരമ്പരാഗതമായി ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ നാമമാത്രമായ പ്രവൃത്തനങ്ങൾ മാത്രമാണ് ഇന്നു നടക്കുന്നത്. നമ്മുടെ സമ്പന്നമായ മലയോര പ്രദേശങ്ങളിൽ നിരവധി ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്നതിന് യോജ്യമായ സാഹചര്യം ഉണ്ട്. ഇത് പ്രയോജനപ്പെടുത്തിയാൽ വികസന സാധ്യതയുള്ള ഒരു രംഗമാണ് ഔഷധ നിർമ്മാണം.

3. വനവിഭവങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ:

മുള, ഓട, എന്നിവയുമായി ബന്ധപ്പെട്ട സംരംഭങ്ങളുടെ സാധ്യത, നിലനിർത്താനും വർദ്ധിപ്പിക്കാനും കഴിയണം._ ഇവ വളർത്താനും തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ക്രമീകൃത സംവിധാനം വേണം. അതേപോലെ തന്നെ വന വിഭവങ്ങളായ തേൻ, ചീനിക്ക, നെല്ലിക്ക, ഈററ, ചൂരൽ, വിറക് എന്നിവയുടെ ഉൽപാദനവും ലഭ്യതയും വർദ്ധിപ്പിക്കാൻ ഉതകുന്ന സംരംഭങ്ങൾ ഉണ്ടാകണം.

മേൽ പരാമർശിച്ച സാധ്യതകളും ഈ രംഗം നേരിടുന്ന പ്രയാസങ്ങളും കണക്കിലെടുക്കുമ്പോൾ പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾ പരിഗണനാർഹമാണ്.

1. സംരംഭകർക്ക് പരിശീലനം നൽകണം

2. സാമ്പത്തിക സഹായത്തിന് സംവിധാനം വേണം.

3. വൈദ്യുതിയും ഗതാഗത സൗകര്യവുമുള്ള സ്ഥലം വ്യാവസായികാവശ്യത്തിന് ലഭ്യമാക്കണം.

ഇവ പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ സംയോജിപ്പിക്കുക. സഹകരണ മേഖല പ്രയോജനപ്പെടുത്തുക. സ്വകാര്യകൂട്ടസംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നിവ വഴി നമ്മുക്ക് കഴിയും.

III ടൂറിസം വ്യവസായം.

നമ്മുടെ പഞ്ചായത്തിൽ വികസിപ്പിച്ചിട്ടില്ലാത്തതും വികസന സാധ്യതയുള്ളതുമായ ഒരു മേഖലയാണ് ടൂറിസം_ടൂറിസം അടിസ്ഥാനമാക്കി ആദായകരവും ആകർഷവും ആയ നിരവധി ചെറുമേഖലകൾ വികസിപ്പിച്ചെടുക്കാൻ കഴിയും നയന മനോഹരമായ ദൃശ്യങ്ങളും മീൻവെല്ലം ആററിലെവെള്ളച്ചാട്ടങ്ങളും തുപ്പനാടുപുഴയും പഴങ്കഥകളിലൂടെയും ഐതൃഹങ്ങളിലൂടെയും വളർന്നു നിൽക്കുന്ന കല്ലടികോടൻ മലയും പ്രകൃതി അനുഗ്രഹിച്ചു നൽകിയ അനന്ത സാധ്യതയുള്ള വിഭവങ്ങളാണ് മിനി ജലവൈദ്യുത പദ്ധതിയെ സംബന്ധിച്ച കേട്ടറിവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തന്നെ സന്ദർശകരുടെ എണ്ണം വർദ്ധിച്ചു വരു

കയാണ്. ഈ രംഗത്തെ സാധ്യത ഇതര രംഗങ്ങളെ പോലെതന്നെ പ്രാധാന്യം അർഹിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വനിതകൾക്കായി വ്യവസായ സംരംഭങ്ങൾ തുടങ്ങണം തയ്യൽ, കരകൗശല വസ്തുനിർമ്മാണം തേനീച്ച വളർത്തൽ ക്ഷീരോൽപന്ന നിർമ്മാണം മുതലായവയ്ക്ക് സൗകര്യം വേണം

2. തേങ്ങയും റബ്ബറും അടിസ്ഥാനമാക്കി വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്.

3. നാളികേരകർഷകരേയും കർഷകതൊഴിലാളികളേയും സംഘടിപ്പിച്ച് നാളികേരം അടിസ്ഥാനമാക്കി വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ളയൂണിററുകൾ ചകിരി അടിസ്ഥാനമാക്കിയുള്ള യൂണിററുകൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് മുട്ടിക്കൽകണ്ടം കേന്ദ്രമാക്കി ആരംഭിക്കണം.

4. റബ്ബർ അടിസ്ഥാനമാക്കി പാദരക്ഷകൾ ബലൂൺ റബ്ബർബേൻറ് ഗ്ലൗസുകൾ എന്നിവയിൽ ഏതെങ്കിലും ഒരു ചെറുകിട വ്യവസായ യൂണിററ് കൊമ്പോട ഭാഗത്ത് തുടങ്ങണം

5. തുന്നൽ പരിശീലനം ലഭിച്ച യുവതീയുവാക്കൾ കൂടുതലുള്ള ഭാഗത്ത് ഒരു ഗാർമേൻറ് നിർമ്മാണ യൂണിററ് ആരംഭിക്കണം

6. കോമ്പോട ലക്ഷം വീട് കോളനിയിലെ പഞ്ചായത്തിൻെറ സ്ഥലത്ത് ഒരു സോപ്പു നിർമ്മാണ യൂണിററ് ആരംഭിച്ചാൽ കോളനിയിലെ വളരേപേർക്ക് തൊഴിൽ ലഭിക്കും.

7. കൊമ്പോട 4 സെൻറ് കോളനിയിലെ പഞ്ചായത്തിൻെറ സ്ഥലത്ത് ഒരു ബനിയൻ കമ്പനി തുടങ്ങുന്നതിനുള്ള സഹായം ലഭ്യമാക്കണം.

8. കൊമ്പോട (കുററിയോട് ഭാഗം) ഭാഗത്ത് തൊണ്ടിൽ നിന്നും ചകിരിനാരുണ്ടാക്കി കയററുമതിചെയ്യാനുള്ള ഒരു ചെറുകിട വ്യവസായം ആവശ്യമാണ്.

9. നടുക്കളം ഭാഗത്ത് ചിരട്ടക്കരി അടിസ്ഥാനമാക്കിയുള്ള ഒരു യൂണിററ് തുടങ്ങാൻ സ്ഥലസൗകര്യമുണ്ട്.

10. രണ്ടാം വാർഡിലെ കുറിഞ്ഞിപാടം ഭാഗത്ത് കോക്കനട്ട് പൗഡർ ഉണ്ടാക്കുന്നതിനും കോക്കനട്ട് കേക്ക് കോക്കനട്ട് ബോൾ, എന്നിവ ഉണ്ടാക്കി വിൽക്കുന്നതിനുള്ള ഒരു യൂണിററ് തുടങ്ങണം.

11. ഷോപ്പിങ്ങ് കോംപ്ലക്സിനോട് ചേർന്ന് അംഗനവാടിക്ക് സമീപമുള്ള സ്ഥലം കേന്ദ്രമാക്കി ഒരു ആഴ്ച ചന്ത തുടങ്ങണം.

12. ക്ഷീരോൽപന്നങ്ങളുടെ ഉൽപാദനം വിപണനം എന്നിവയ്ക്ക് 10,2,3 വാർഡുകളിലെ കർഷകരേയും തൊഴിലാളികളെയും ഉൾപ്പെടുത്തികൊണ്ട് ചെറിയ യൂണിററുകൾ കരിമ്പ, പള്ളിപടി കേന്ദ്രമാക്കി ആരംഭിക്കണം.

13. മുള, ഓട, എന്നിവ ഉപയോഗിച്ച് കാർഷികാവശ്യങ്ങൾക്കുവേണ്ട വട്ടി, കുട്ട, മുറം, പരമ്പ് തുടങ്ങിയവ നിർമ്മിക്കുന്നതിന് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുകയും സഹായം നൽകുകയും വേണം.

14. ബീഡി തിരപ്പ് പ്രോത്സാഹിപ്പിക്കണം.

15. അടക്ക സംസ്കരണം എല്ല് തോൽ സംസ്കരണം ഐസ്പ്ലാൻറ് കൊപ്ര ചകിരി ഇവയുടെ സംസ്കരണം നേന്ത്രക്കായ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കാൻ നടപടികൾ എടുക്കുകയും സഹകരണ മേഖലയുടെയും ഒരു വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സേവനം പ്രയോജനപ്പെടുത്തുകയും വേണം.

16. വെട്ടം പ്രിയദർശിനി മഹിളാ സമാജത്തിന് കെട്ടിട നിർമ്മിക്കാൻ സ്ഥലം ഉണ്ടാക്കികൊടുക്കുകയും ക്ഷീര ഉൽപ്പന്ന നിർമ്മാണത്തിന് സഹായം നൽകുകയും വെണം

17. 40ം വാർഡിൽ ഒരു കൊപ്ര സംസ്കരണ യൂണിററ് ആരംഭിക്കണം.

18. അഞ്ചാം വാർഡിലെ തീപ്പെട്ടി കമ്പിനി തുടർന്ന് പ്രവർത്തിക്കണം.

19. DWCRA യൂണിററ് (മാററല ചൂൽ) വീണ്ടും പ്രവർത്തിപ്പിക്കണം.

20. കാലിത്തീററ, കോഴിത്തീററ, ഉൽപാദത്തിന് ഫാക്ടറി ആരംഭിക്കുക

21. ആറാം വാർഡ് ഇഷ്ടിക നിർമ്മാണയൂണിററ് ആരംഭിക്കണം.

22. ഖാദി ഗ്രാമ വ്യവസായ യൂണിററ് (കാർപ്പെന്ററി) ആരംഭിക്കണം.

23. തേനീച്ച വളർത്തൽ, സോപ്പ്, മെഴുകുതിരി, തീപ്പെട്ടി, എന്നിവ നിർമ്മിക്കാൻ യൂണിററുകൾ തുടങ്ങണം.

24. ബിഗ്ഷോപ്പർ, കൊപ്ര, ആട്ടിയെണ്ണയെടുക്കൽ, എന്നിവ ആരംഭിക്കാൻ ഏഴാം വാർഡിലെ സ്വകാര്യ വ്യക്തികൾ തയ്യാറാണ് സാമ്പത്തിക സഹായം വേണം.

25. ഈററ തൊഴിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം

26. ക്രംബ് റബ്ബർ ലാററക്സ് ഫാക്ടറി സ്ഥാപിക്കണം

27. 10ാം വാർഡിൽ 250 മെഗാവാട്ട് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വ്യവസായത്തിന് ആവശ്യമായ വൈദ്യുതി എത്തിക്കണം.

28. മീൻവല്ലം പദ്ധതി പൂർത്തിയാക്കണം.

29 അച്ചാർ വ്യവസായത്തിന് യൂണിററ് തുടങ്ങണം.

# സാംസ്കാരികം

വള്ളുവനാടൻ സാംസ്കാരിക തനിമ ഏറെ പ്രശസ്തമാണ്. സവർണ്ണ മേധാവിത്വത്തിന്റെ സംരക്ഷണത്തിൽ നിലനിന്നിരുന്നതും വളർച്ച പ്രാപിച്ചതുമായ ക്ലാസിക്കൽ കൾച്ചറും അദ്ധ്വാന വിഭാഗങ്ങളുടെ ആനന്ദത്തിന് കളമൊരുക്കിയവയും അവർ പ്രോത്സാഹിപ്പിച്ച് വളർത്തിയെടുത്ത നാടോടി സാംസ്കാരിക സമ്പ്രദായങ്ങളും കൂടി ഒന്നിച്ചും എന്നാൽ അയിത്തം തൊട്ടുകൂടായ്മ തീണ്ടികൂടായ്മ എന്നിവയാൽ വിഘടിച്ചും നിന്നിരുന്ന ഒരു സാംസ്കാരികാവസ്ഥ ഇവിടെ നിലനിന്നിരുന്നു. ആചാരാനുഷ്ടാനങ്ങളിലും കലാകായിക വിനോദങ്ങളിലും ആ സാംസ്കാരിക തനിമ നിലനിർത്താനുള്ള ശ്രമങ്ങൾ നടക്കുന്നതായി കാണാം. താന്ത്രിക കലകളിലും സാമ്പ്രദായിക കലകളിലും കാണുന്ന വ്യത്യാസം ഉദാഹരണമായി എടുക്കാവുന്നതാണ്. അതേസമയം കലാസാംസ്കാരിക രംഗത്തെ ആധുനിക സങ്കേതങ്ങൾക്ക് പുറംതിരിഞ്ഞു നിന്നവരല്ല. ഈ പ്രദേശത്തുകാർ ചേരമാൻ പെരുമാളിൽ നിന്ന് ഏററുവാങ്ങി സംരക്ഷിച്ചുപോന്ന വിസ്തൃതമായ ഭൂപ്രദേശങ്ങളും അതുവഴി ഉയർന്നുവന്ന ജന്മി വ്യവസ്ഥയും ജാതി വ്യവസ്ഥയും അരങ്ങുതകർത്താടിയ ഭൂതകാലവും ഇവയെ ചെറുത്തു പോരാടിയ കാലഘട്ടവും ചരിത്രത്തിൽ നിറഞ്ഞു നിൽക്കുന്നു. തൃപ്പനാട്ട് ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ അയിത്തജാതിക്കാർക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടി നടന്ന ശ്രമങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്ന സംഭവമാണ്. ആ കാലഘട്ടത്തിലെ കലയിലും സാഹിത്യത്തിലും ജാതി വ്യവസ്ഥയുടെയും ജന്മിനാടുവാഴി സമ്പ്രദായങ്ങളുടെയും സ്വാധീനം കാണാൻ കഴിയും ഭാഷപോലും ഈ സ്വാധീനത്തിന് അന്യമല്ല. അടിയന്റെ പഴന്തുണിയും അടിയന്റെ കല്ലരിയും ഇതിന്റെ തെളിവാണ്. ഈ കാലഘട്ടത്തിലും മുസ്ലീം കൃസ്തിയൻ മതവിഭാവങ്ങൾക്ക് ഹിന്ദുമതത്തിലെ അവാന്തര വിഭാഗങ്ങളുടെടുത്തിരുന്ന വിധത്തിൽ അയിത്തം കൽപ്പിച്ചിരുന്നില്ല. ബ്രിട്ടീഷ്കാരുടെ വരവും വിദ്യാഭ്യാസം സാർവ്വത്രികമായത്. അയിത്തത്തിനെതിരെ മാഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ കമ്മ്യൂണിസ്ററ് പാർട്ടിയുടെ രൂപീകരണവും അതിന്റെ പ്രവർത്തനവും എന്നിങ്ങനെ സാംസ്കാരിക രംഗത്ത് മാററങ്ങൾക്കിടയാക്കിയ ഒട്ടനവധി കാരണങ്ങൾ ഉണ്ട്.

ക്ഷേത്ര കലകളുമായി ബന്ധപ്പെട്ടതായിരുന്ന പ്രധാന കലകൾ. ഈ പ്രദേശത്ത് ഓട്ടം തുള്ളൽ, പാഠകം, പറയൻ, ചാക്യാർകൂത്ത് എന്നിവ അഭ്യസിച്ചവരും അഭ്യസിപ്പിക്കുന്നവരും ഉണ്ടായിരുന്നു. കഥകളിയിൽ നവോഥാനത്തിന് തുടക്കംകുറിച്ച കല്ലടിക്കോടൻ സമ്പ്രദായത്തെകുറിച്ചും പഴമക്കാർ പറയുന്നു. അയോധന കലയായ പരിചമുട്ടുകളിയിൽ പ്രഗൽഭരായ ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അക്കാലത്ത് തണ്ടാൻ സമ്പ്രദായത്തിൽപ്പെട്ട നിരവധിപേർ കളിക്കാരായിരുന്നു. ചെണ്ടവാദ്യം പഠിച്ചവരും പഠിപ്പിക്കുന്നവരും ഉണ്ടായിരുന്നു. അതേപോലെ സന്ദർഭത്തിന് അനുസരിച്ച് കവിതകളുണ്ടാക്കി പാടി അഭിനയിച്ചിരുന്ന ലിഖിത സ്ക്രിപ്ററ് ഇല്ലാത്ത പുറാട്ട് നാടകം, ചെറുമക്കളി എന്നിവയിലും പ്രഗൽഭരായിരുന്നവർ ഉണ്ടായിരുന്നു. അതേപോലെ ആരാധനയുമായി ബന്ധപ്പെടുത്തിയുള്ള അയ്യപ്പൻ വിളക്കു കലാകാരൻമാരും നമ്മുടെ പഞ്ചായത്തിലുണ്ട്. മേൽപറഞ്ഞവയിൽ ഇന്നും നിലിനൽക്കുന്ന എന്ന് അവകാശപ്പെടാവുന്നത് ചെണ്ടവാദ്യവും അയ്യപ്പൻ വിളക്കും മാത്രമാണ്. പൂതൻതിറ പുറാട്ട് ചെണ്ട എന്നിവയിൽ പ്രാവീണ്യമുള്ള ഹരിജൻ വിഭാഗക്കാർ

വിഭാഗക്കാർ അക്കാലത്ത് നമ്മുടെ ഇടയിലുണ്ടായിരുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വളക്കൂറുള്ള മണ്ണായിരുന്നു നമ്മുടേത്. കള്ളടിക്കോടൻ നീലിയും യക്ഷികഥാ സങ്കൽപ്പങ്ങളോടൊപ്പം നിൽക്കുന്ന മന്ത്രവാദ കഥകളും മാന്ത്രികരെ സംബന്ധിച്ച അപ്രദാനങ്ങളും നമ്മുടെ പഴംമനസ്സുകളിൽ നിറഞ്ഞു നിൽക്കുന്നു. ജന്മിമാരുടെ കാവൽ വൈരാഗ്യം തീർക്കാൻ എന്നിവയ്ക്ക് പിന്നോക്കവിഭാഗക്കാരെ ഉപയോഗിച്ചിരുന്ന ഒടി സമ്പ്രദായവും അന്ന് നിലവിലിരുന്നു.

മററ് എല്ലാ രംഗത്തും എന്നപോലെ സാംസ്കാരിക രംഗത്ത് മാററങ്ങൾ ഉണ്ടായിട്ടുണ്ട് വിവിധ സംസ്കാരങ്ങളുമായി കൊണ്ടും കൊടുത്തും പുതിയ ദിശയിൽ വളരുന്നു. പഴയ സംസ്കാര സങ്കൽപ്പങ്ങൾ ഇന്ന് വെറും ഓർമ്മകളിൽ ഒരുങ്ങുന്നു. അച്ചടി പത്രമാസികകൾ റോഡിയോ സിനിമ ഇലക്ട്രോണിക് മാധ്യമങ്ങൾ ജോലിക്കും മററുമായുള്ള വിദേശ യാത്രകൾ എന്നിങ്ങനെ പലതും മാററങ്ങളുടെ കൊടുങ്കാററ് തന്നെ ഉയർത്തി.

ഇന്ന് നമ്മുടെ സാംസ്കാരിക രംഗം കടുത്ത പ്രതിസന്ധിയെ നേരിടുന്നു. അന്ധമായ അനുകരണ ഭ്രമം നമ്മുടെ തനിമയും ലാളിത്തവും മനസ്സിലാക്കാൻ കഴിയാത്തതും ചരിത്രത്തെ കുറിച്ച് അറിയാനുള്ള വാസനയില്ലാത്തതും ചരിത്രത്തെ തന്നെ പ്രസ്തുതാ പരമായി സമീപിക്കാതെ ലാഭ നഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് അവതരിപ്പിക്കുന്നത് _ നമ്മുടെ അന്തരീക്ഷത്തിൽ എന്തും എത്തുന്നതിനും അവ പിടിച്ചെടുക്കുന്നതിനുമുള്ള സംവിധാനങ്ങൾ എന്നിവ പ്രതിസന്ധിയെ രൂക്ഷമാക്കുന്നു.

. പഞ്ചായത്തിലെ 5 വായനശാലകളും 11 ലൈബ്രറികളും ഒരു സിനിമാ തിയേററും പഞ്ചായത്തു വക 2 കളി സ്ഥലങ്ങളും ഉണ്ട്. ഇതുകൂടാതെ ഒരു സാംസ്കാരിക നിലയവും ഉണ്ട്. ഇവയാണ് പ്രധാന സാംസ്കാരിക പ്രവർത്തനകേന്ദ്രങ്ങൾ. ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സ്ഥാപനങ്ങളുടെ എണ്ണം നാമമാത്രമാണ്. നിലവിലുള്ളവയുടെ തന്നെ പ്രവ'ത്തനം വിലയിരുത്തുമ്പോൾ നമ്മുടെ ദയനീയ ചിത്രം വ്യക്തമാകും കെട്ടിടമോ സൗകര്യങ്ങളോ ഇല്ലാത്തത് _ പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങാൻ കഴിയാതെ വരുന്നത് _ യാതൊരു വിധ .സഹായവും ഒരു രംഗത്ത് നിന്നും ലഭിക്കായ്മ തുടങ്ങി പ്രശ്നങ്ങളുടെ പട്ടിക വലുതാണ്. 8871/= യാണ് പഞ്ചായത്ത് ഈ വിഷയത്തിൽ ചിലവഴിച്ച സംഖ്യ.

വാർഡുകൾ തോറും വായനശാലകൾ സ്ഥാപിക്കുക _ മഹിളാ സമാജങ്ങൾ രൂപീകരിക്കുക, നിലവിലുള്ള വായനശാലകൾ പ്രോത്സാഹിപ്പിക്കുക _ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിക്കുക _ നാടൻ കലകളുടെ സംരക്ഷണത്തിന് അവ പരിശീലിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ പദ്ധതി ആവിഷ്കരിക്കുക. സാംസ്കാരിക നിലയം തുറന്ന് പ്രവർത്തിപ്പിക്കുക, വിദ്യാർത്ഥികളിൽ വായനാ ശീലം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ എടുക്കുക, ചെറിയ പ്രായത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കാൻ വിദ്യാലയങ്ങളോട്ട് അനുബന്ധിച്ച് സംവിധാനം ഒരുക്കുക എന്നിവ വഴി ഈ രംഗം സജീവമാക്കാൻ കഴിയും.

## ഗ്രാമ സഭ നിർദ്ദേശങ്ങൾ:

1. വായനശാലകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്ത് സഹായകവും നേതൃത്വവും നൽകണം

2. സ്ത്രീകൾക്കായി സഞ്ചരിക്കുന്ന വായനശാലവേണം

3. വായനശാലകളുടെ സംയുക്താഭിമുഖ്യത്തിൽ ആരോഗ്യം സാംസ്കാരിക വിദ്യാഭ്യാസ സംബന്ധിയായ ബോധവൽക്കരണം നിരന്തരമായി ഉണ്ടാക്കണം.

4. കലാകായിക മൽസരങ്ങളും ഉൽസവങ്ങളും സംഘടിപ്പിക്കുകയും നാടൻ കലാരൂപങ്ങൾ വളർത്തുകയും വേണം.

5. സ്കൂൾ തലത്തിൽ കലാപരവും കായികവുമായ വളർച്ചക്ക് സഹായക അന്തരീക്ഷം ഉണ്ടാക്കണം.

6. നവോദയ വായനശാല, ക്ലബ്ബുകൾ എന്നിവയെ സംരക്ഷിക്കണം.

7. പള്ളിപ്പടിയിലും പനയമ്പാടത്തും ടിവി സ്ഥാപിക്കണം

8. 4_ാം വാർഡിൽ ഒരു വായനശാല പ്രവർത്തിപ്പിക്കണം.

9. സ്വകാര്യ ടിവി ചാനലുകൾ സെൻസർ ചെയ്യാൻ നിയമം നിർമ്മിക്കണം.

10. ഓണം പോലുള്ള ദേശീയ ഉൽസവവേളയിൽ പഞ്ചായത്ത് ഉൽസവം സംഘടിപ്പിക്കണം.

11. "മ" പ്രസിദ്ധീകരണങ്ങളുടെ പ്രചാരം കുറക്കാൻ സർക്കാർ മുൻകൈയ്യോടെ നല്ല പ്രസിദ്ധീകരണങ്ങൾ ഇറക്കുകയും അത് ജനങ്ങൾക്കും പ്രത്യേകിച്ച് സ്ത്രീകൾക്ക് ലഭിക്കാൻ വഴിയുണ്ടാക്കുകയും വേണം.

12. അഞ്ചാം വാർഡിൽ ഒരു ഗ്രന്ഥശാല അനുവദിക്കണം.

13. കോളനികളിലും പ്രധാന സെൻററുകളിലും പൊതു ടീവി, റേഡിയോ എന്നിവ സ്ഥാപിക്കണം.

14 സാംസ്കാരിക നിലയം തുറന്ന് പ്രവർത്തിപ്പിക്കണം അതിനടുത്ത് വായനശാല റിപ്പയർ ചെയ്യുക

15. വായനശാലകൾക്ക് ധനസഹായം നൽകുക

16 അയിരാനി ഹരിജൻ കോളനിയിലെ വായനശാലക്ക് സ്ഥലമുണ്ട്. കെട്ടിടം നിർമ്മിക്കാൻ സഹായം നൽകണം.

17 പൗർണ്ണമി കലാകായിക വേദി, സദ്കലാ കായികവേദി, നവോദയാ വായനശാല എന്നി സാംസ്കാരിക സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുകയും പ്രോത്സാഹനം നൽകുകയും വേണം.

18. പഞ്ചായത്തിലെ നശിച്ചുപോയ വായനശാല പുനരുദ്ധരിക്കണം.

മലബാർ കമ്മിററി പ്രസിഡൻറ് കോൺഗ്രസ്സ് സോഷ്യലിസ്ററ് പാർട്ടി പ്രവർത്തകൻ എന്നീ നിലകളിൽ പ്രവൃത്തിക്കുകയും ചെയ്ത കൊങ്ങശ്ശേരി വിജയരാഘവൻ വില്ലേജ് കോൺഗ്രസ്സ് കമ്മിററി അംഗങ്ങളായിരുന്ന മേനക്കത്ത് അള്ളംമ്പാടത്ത് ദാമോദരപ്പണിക്കർ എന്ന മണിയൻ പണിക്കർ കപ്പടം കൃഷ്ണൻ നായർ എടക്കുറുശ്ശി മൊല്ല, എന്ന അബ്ദുൾ റഹ്മാൻ മൊല്ല മേനക്കത്ത് ലക്ഷ്മിക്കുട്ടിയമ്മ, വെള്ളാമയിൽ സുബ്രഹ്മണ്യൻ ഗുപ്തൻ എന്നിവരുടെ അക്കാലത്തെ പ്രവർത്തനം പ്രത്യകം പരാമർശം അർഹിക്കുന്നു.

കേരളീയ ജന ജീവിതത്തിൽ വളരെ ഏറെ സ്വധീനം ചെലുത്തിയതും സാമൂഹ്യമാററത്തിന് വഴിയൊരുക്കുന്ന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും പ്രയോഗവൽക്കരണത്തിലും നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ളതുമായ കമ്മ്യൂണിസ്ററ് പ്രസ്ഥാനം രൂപം കൊണ്ട് അധികാലം പിന്നിടുന്നതിനു മുമ്പ് തന്നെ തോട്ടം തൊഴിലാളികളെയും കുടിയാൻമാരേയും സംഘടിപ്പിക്കുന്നതിനുള്ള ശ്രമം നമ്മുടെ പഞ്ചായത്തിലും നടന്നിട്ടുണ്ട്. ആദ്യകാല പ്രവർത്തകരിൽ സഖാക്കൾ കെ. വേലായുധൻ, എൻ.പി. വേലു, എ.വി. വീരാൻകുട്ടി, എന്നിവരാണ് പ്രമുഖർ.

കോൺഗ്രസ്സ്പ്രവർത്തനങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ തന്നെ മുസ്ലീംലീഗിൻെറ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. നമ്മുടെ ജില്ലയിൽ തന്നെ ഏററവും ആദ്യം മുസ്ലീംലീഗിൻെറ പ്രവർത്തനം ആരംഭിച്ച പ്രദേശങ്ങളിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെടുന്നതായി പഴമക്കാർ പറയുന്നു.

സാംസ്കാരിക തനിമ നിലനിർത്തുന്ന ജനങ്ങൾക്കിടയിൽ സൗഹൃദാന്തരീക്ഷം സൂക്ഷിക്കുന്ന സമീപനമാണ് അന്ന് നിലനിന്നിരുന്നത്. ഖിലാഫത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചില പ്രദേശങ്ങളിൽ അപകടകരമായ പാതയിലേക്ക് വ്യതിചലിച്ചപ്പോഴും ഈ ഗ്രാമ പ്രദേശത്ത് ഹിന്ദു മുസ്ലീം ഐക്യം നിലനിന്നിരുന്നു. ഇരു വിഭാഗങ്ങളും പരസ്പരം സഹായിച്ച പല അനുഭവങ്ങളും പഴമക്കാർ ഉരുവിടുന്നു. ഇവിടെ നടന്ന എടുത്തു പറയാവുന്ന ഒരു സംഭവം തുപ്പനാട് പാലം ഭാഗീകമായി പൊളിച്ചതാണ്. പ്രധാനമായും പുറമേ നിന്ന് വന്നവരായിരുന്നു പാലം പൊളിക്ക് നേതൃത്വം നൽകിയത്. പാലം പൊളി സംബന്ധിച്ച് ഇവിടെ മുന്നൊരുക്കങ്ങൾ ഒന്നും സംഘടിപ്പിച്ചിരുന്നില്ല എന്നും സാധാരണക്കാരായ ആളുകൾ മാത്രമെ അതിൽ പങ്കെടുത്തിരുന്നുള്ളു എന്നും പഴമക്കാർ പറയുന്നു.

അള്ളംമ്പാടം ഗേൾസ്സ്ക്കൂൾ പനയംപാടം ഹയർഎലിമൻററി സ്കൂൾ എന്നിവയായിരുന്നു പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. കാരാകുറുശ്ശി തച്ചമ്പാറ, പുലാപ്പററ, മുണ്ടൂർ, എന്നിവിടങ്ങളിൽ നിന്ന് കുട്ടികൾ ഇവിടെ വന്നാണ് പഠിച്ചിരുന്നത്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് തന്നെ ശ്രീ. കൃഷ്ണൻഎഴുത്തച്ഛൻ എന്ന ആൾ കുടിപള്ളിക്കൂടം നടത്തിയിരുന്നു.

മുൻ കാല ചരിത്രത്തിന്റെ പാശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ ഏറെ അഭിമാനിക്കാൻ വക നൽകുന്നില്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ ഗതാഗതസൗകര്യങ്ങൾ, ആരോഗ്യപരിരക്ഷാസംവിധാനങ്ങൾ, വ്യവസായങ്ങൾ എന്നിവയിൽ നമ്മുക്ക് ബഹുദൂരം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. 4 എൽ.പി സ്കൂളും, 3 യു.പി സ്കൂളും, ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട്. 2 യു.പി സ്കൂളിനോടനുബന്ധിച്ച് എൽ.പി. വിഭാഗവും ഉണ്ട്. ഈ സൗകര്യങ്ങൾ ഈ പ്രദേശത്തിന്റെ ആവശ്യത്തിന് മതിയായവ അല്ല എന്ന വസ്തുത നിലനിൽക്കെതന്നെ ഉള്ളവയ്ക്ക് നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയാത്ത നിരവധി പ്രയാസങ്ങൾ ഉണ്ട്. ക്ലാസ്സ് മുറികളുടെ കുറവ്, ഉപകരണങ്ങളുടെ കുറവ്, ഇതര അനുബന്ധ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ എടുത്തു പറയാവുന്ന പ്രശ്നങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന് പത്ത് പതിമൂന്ന് കിലോമീററർ സഞ്ചരിക്കേണ്ട അവസ്ഥയുണ്ട്. സറററ് ഹൈവേയായ മദ്രാസ് കോഴിക്കോട് റോഡിൽ ഇരുവശവുമായാണ് പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നത്. പക്ഷെ പ്രധാന പാതയിൽ നിന്ന് ഉത്ഭവിച്ച് വിവിധ ഭാഗങ്ങളിലേക്ക് പോകുന്ന റോഡുകൾ സുഗമമായ ഗതാഗത സൗകര്യം പ്രദാനം ചെയ്യുന്നവയല്ല. എടുത്തു പറയത്തക്ക വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഏതാനും അരിമില്ലുകളും മരമില്ലുകളും ചേർന്നാൽ നമ്മുടെ വ്യവസായ ചിത്രം പൂർത്തിയാവുന്നു. കാർഷിക മേഖല മുമ്പെങ്ങും ഇല്ലാത്തവിധം പ്രതിസന്ധിയെ നേരിടുന്നു. ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, കാർഷിക ചിലവുകളുടെ ക്രമാതീത വർദ്ധനവ് ആധുനിക കാർഷിക വിജ്ഞാനത്തിന്റെ പ്രയോജനം ലഭിക്കാത്ത അവസ്ഥ എന്നിവ പ്രതിസന്ധി രൂക്ഷമാക്കുന്നു. ഊർജ്ജ മേഖല സംസ്ഥാനം അനുഭവിക്കുന്ന പൊതു പ്രത്സന്ധിയിൽപ്പെട്ടു കിടക്കുന്നു.

1901 ലെ കണക്ക് അനുസരിച്ച് 974 വീടുകളും 5336 ജനസംഖ്യയും ഉണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ഇന്ന് ജനസംഖ്യ 22482 ആണ്. ശരാശരി ജനസാന്ദ്രത സ്ക്വയർ കിലോമീററിന് 812 വരും സംസ്ഥാനത്തെശരാശരി 749 ആണ്. ജനസംഖ്യയുടെ 15.23% പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളാണ്. ഈ വിഭാഗങ്ങൾ ഒരേ ഭാഗത്ത് കേന്ദ്രീകൃതമായല്ല അധിവസിക്കുന്നത്. എല്ലാ വാർഡുകളിലുമായി അധിവസിക്കുന്നു. തൊഴിൽ എടുക്കുന്നവരുടെ എണ്ണം 8130 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 36.16% വരും 24.98% തൊഴിൽ എടുക്കുന്നവരും പുരുഷൻമാരാണ്. തൊഴിൽ എടുക്കുന്നവരിൽ 57% പേരും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കന്നുകാലി വളർത്തൽ, മത്സ്യം വളർത്തൽ തുടങ്ങിയ അനുബന്ധതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 11.9% വരും 3941 പേർ ഒരു ഹെക്ടറിനു താഴെ കൈവശഭൂമിയുള്ള നാമമാത്ര കർഷകരും 736 പേർ 2 ഹെക്ടർ ഭൂമിയുള്ള ഇടത്തരം കർഷകരും 240 പേർ 2 ഹെക്ടറിന് മുകളിലുള്ള വൻകിട കർഷകരുമാണ്. ജനങ്ങളിൽ ഹിന്ദു, മുസ്ലീം, കൃസ്ത്യൻ മത വിഭാഗങ്ങൾ ഉണ്ട്. 1931 ലെ സെൻസസ്സിലാണ് നമ്മുടെ പഞ്ചായത്തിലെ കൃസ്ത്യൻ കുടുംബങ്ങൾ ഉള്ളതായി ആദ്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. അതേപോലെ ബ്രാഹ്മണരുടെ സാന്നിദ്ധ്യവും 1931ലാണ് ആദ്യമായി

ബ്രൂസെല്ലോസിസ്സ്, എലിപ്പനി അഥവാ ലെപ്റ്ററോ സൈപ്പറോസിസ് എന്നിവയുടെ നിയന്ത്രണവും നിർമാർജനവും കൂടാതെ വെററിനറി മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപാദനം തുടങ്ങിയ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന സേവനങ്ങളും മൃഗസംരക്ഷണ മേഖലക്ക് നിർവ്വഹിക്കുവാൻ കഴിയും. ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണ നിർമ്മാർജ്ജന രംഗത്തും ശാസ്ത്രീയ മാംസോൽപാദനത്തിലൂടെ മാംസത്തിൽ നിന്ന് പകരുവാൻ സാധ്യതയുള്ള വിവിധ രോഗങ്ങൾ ഒഴിവാക്കുക വഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിലും ഈ പഞ്ചായത്തിൽ ക്രിയാത്മകവും സമഗ്രവുമായ യാതൊരു നീക്കവും ഇതുവരെ നടത്തപ്പെട്ടിട്ടില്ല.

ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന മാംസത്തിന്നുള്ള മൃഗങ്ങളിൽ 90% ത്തിലധികവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. മുട്ടയുടെ കാര്യത്തിൽ ഈ പഞ്ചായത്തിൽ മുഴുവൻ കമ്പോള സാധ്യതകളും ചൂഷണം ചെയ്യുന്നത് അയൽ സംസ്ഥാനങ്ങളാണ്. ഇതു വഴി പഞ്ചായത്തിന് ഗണ്യമായ സാമ്പത്തിക നഷ്ടം സംഭവിക്കുകയും തൊഴിൽ സാധ്യത ഇല്ലാതാവുകയും ചെയ്യുന്നു.

കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളവും നിലമൊരുക്കുവാനും ഭാരം വലിക്കുവാനും ഉള്ള വലിയൊരളവ് മൃഗ ശക്തിയും മൃഗസംരക്ഷണ മേഖല ഈ പഞ്ചായത്തിന് സംഭാവന ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ലഭ്യമാകുന്ന ചാണകം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ അതിൽ നിന്നും ലഭിക്കുന്ന ബയോഗ്യാസിലൂടെ ഈ പഞ്ചായത്തിലെ പാചകാവശ്യത്തിനും വെളിച്ചത്തിനും ഉള്ള ഊർജ്ജത്തിൻെറ ഗണ്യമായ പങ്ക് സംഭാവന ചെയ്യുവാൻ കഴിയും. ഇതുമൂലം പാചകത്തിന് വിറകിനെ കൂടുതൽ ആശ്രയിക്കുന്നത് ഒഴിവാക്കുവാനും പാവപ്പെട്ടവരുടെ വീട്ടിൽ വെളിച്ചത്തിനു വേണ്ടിയുള്ള തീരാത്ത കാത്തിരുപ്പ് ഒഴിവാക്കുവാനും സാധിക്കും.

ഈ പഞ്ചായത്തിലെ 90% ത്തിലും മീതെ മൃഗ സമ്പത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കൈകളിലാണ്. ഈ മേഖലയിലെ അദ്ധ്വാനം നിർവ്വഹിക്കുന്നത് കൂടുതലും വീട്ടമ്മമാരാണ്. ആയതുകൊണ്ട് മൃഗ സംരക്ഷണ മേഖലയുടെ ആസൂത്രിത വികസനം വഴി പഞ്ചായത്തിൻെറ അഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ദുർബല വിഭാഗങ്ങളുടെ നിത്യ വരുമാനം ഉയർത്തുന്നതിനും ഈ രംഗത്ത് പഞ്ചായത്തിന് സ്വയം പര്യാപ്തതയിലേക്ക് നീങ്ങുക വഴി സാമ്പത്തിക ചോർച്ച ഒഴിവാക്കുവാനും യുവതീ യുവാക്കൾക്ക് തൊഴിൽ ഉപതൊഴിൽ ലഭ്യത കൂട്ടുവാനും സാധിക്കുന്നു.

## പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖല

പണ്ടുമുതൽക്കേ ഈ പഞ്ചായത്ത് മൃഗ സമ്പത്തിൻെറ കാര്യത്തിൽ മെച്ചപ്പെട്ട സ്ഥാനം നിലനിർത്തിപോരുന്നുണ്ട്. പക്ഷെ മുൻകാലങ്ങളിലെല്ലാം നമ്മുടെ കന്നുകാലികളുടെ ഉൽപാദന ക്ഷമത കുറവായിരുന്നു. വളരെ അധികം പകർച്ച വ്യാധികൾ മുഖേന കഷ്ട നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ കൃത്രിമ ബീജദാനത്തിൻെറയും പ്രതിരോധ കുത്തിവെപ്പ് മുതലായ ശാസ്ത്രീയ സമീപനത്തിൻെറയും ഫലമായി പഞ്ചായത്തിൻെറ കന്നുകാലികളുടെ ഉൽപാദന ക്ഷമത കൂട്ടുവാൻ കഴിഞ്ഞു. ഉൽപാദനക്ഷമത കുറഞ്ഞ നാടൻ പശുക്കളിൽ

നിന്നും സങ്കരയിന പശുക്കളെ ഉണ്ടാക്കിയെടുക്കുന്നതിന് സാധിച്ചു. ഇപ്പോഴുള്ള കാലി സമ്പത്തിന്റെ 80% ഉം ഉൽപാദന ക്ഷമതയുള്ള സങ്കര വർഗ്ഗം പശുക്കളാണ്.

പണ്ടു മുതൽക്കേ മൃഗ സമ്പത്തിന്റെ ഏറിയ പക്ഷം കൃഷിപണിക്കും ഭാരം വലിക്കുന്നതിനും മാത്രമാണ് ഉപയോഗിച്ചിരുന്നത്. പാലുല്പാദനത്തിന് കറവു മാടുകളും എരുമകളും ധാരാളമായി ഉണ്ടായിരുന്നു. ഈ പഞ്ചായത്തിലെ പഴയ തലമുറയിൽ പെട്ടവർ താങ്കളുടെ കറവു മാടുകളിൽ നിന്ന് മൊന്തയിലും ചെറിയ പാത്രങ്ങളിലും പാൽ കറന്നെടുത്ത അനുഭവം ഇന്നും ഓർമ്മിക്കുന്നു. കുളമ്പുരോഗം കുരലടപ്പൻ എന്നീരോഗങ്ങൾ കാലാകാലമായി തങ്ങളുടെ മൃഗ സംരക്ഷത്തിനും ഗണ്യമായി നഷ്ടം വരുത്തിയ അനുഭവങ്ങൾ ഇന്നും ഓർക്കുന്നു. ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭ്യമാകാതിരുന്ന കാലത്ത് നാട്ടറിവുകളിൽ നിന്നും ലഭിച്ചവിവരങ്ങൾ അനുസരിച്ച് മൃഗങ്ങളുടെ ചികിത്സ നടത്തിയിരുന്നത് കുളമ്പുരോഗം വന്ന വ്രണങ്ങളിൽ പുളിയിലവെള്ളം ഒഴിക്കുക, ഉപ്പും ചാരവും ചേർത്ത് മുറിവുകളിൽ പുരട്ടുക. മഞ്ഞളും ആര്യ വേപ്പിലയും ചേർത്ത് പുരട്ടുക, തുടങ്ങിയ നാടൻ ചികിത്സാരീതികൾ കൂടാതെ മന്ത്രങ്ങൾ പൂജകൾ എന്നിവയും മൃഗങ്ങൾക്ക് രോഗം വരാതിരിക്കുന്നതിനു വേണ്ടി അവലംബിച്ചുപോന്നിരുന്നു. ഇവയിൽ ചില രീതികൾ ഇന്നും തുടർന്നു പോരുന്നുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ ഈ മേഖല കൈവരിച്ച പുരോഗതി വളരെ താത്പര്യത്തോടുകൂടിയാണ് പഴയതലമുറകൾ വീക്ഷിക്കുന്നത്. പണ്ടുകാലത്ത് ചെറിയ പാത്രങ്ങളിൽ പാൽ കറന്നെടുത്തിരുന്ന ഇവർ ഇന്ന് വലിയ ബക്കററുകളിൽ ഉൽപാദന ക്ഷമതകൂടിയ സങ്കര വർഗ്ഗം പശുകളിൽ നിന്നും പാൽ കറന്നെടുക്കുന്ന സ്ഥിതി അഭിമാനത്തോടെ കാണുന്നു.

ഈ പഞ്ചായത്തിൽ വെററിനറി ആശുപത്രി ആരംഭിച്ചതോടെ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഈ പഞ്ചായത്തിലുള്ളവർക്ക് ലഭിച്ചു തുടങ്ങി കുളമ്പുരോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ കാലാകാലങ്ങളിൽ കന്നുകാലികൾക്ക് നൽകിപ്പോന്നു. ഉയർന്ന ജനിസ്സുകളിൽ പെട്ട മൂരികൾ പശുക്കളുടെ വർഗ്ഗോദ്ധാരണത്തിനുള്ള ആദ്യപടിയായിരുന്നു കൃത്രിമ ബീജധാനം വഴി വർഗ്ഗോദ്ധാരണത്തിനുള്ള സാങ്കേതിക വിദ്യ വളരെ ആവേശപൂർവ്വമാണ്. പഞ്ചായത്തിലുള്ളവർ സ്വീകരിച്ചത്.

ഈ പഞ്ചായത്തിൽ പശു വളർത്തൽ, ആടുവളർത്തൽ, എരുമ വളർത്തൽ, അടുക്കള മുററത്ത് കോഴിവളർത്തൽ എന്നീ മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ നില നിന്നുപോന്നിരുന്നു. പാലുൽപാദനത്തിനുവേണ്ടി പശുവളർത്തലിനുമാത്രം ശാസ്ത്രീയ സമീപനം ഉണ്ടാക്കിയിട്ടുള്ളു. എരുമ വളർത്തൽ ക്രമേണ ചുരുങ്ങി വരുന്നതായിട്ടാണ് കണ്ടുവരുന്നത്. വീടുകളിൽ നായക്കളും വളർത്തുന്നുണ്ട്.'

1996ൽ നടത്തിയ സെൻസസു പ്രകാരം ഭാരം വലിക്കുന്നതിനും കൃഷിപണിക്കും വേണ്ടി ഉപയോഗിക്കുന്ന കാളകളുടെയും പോത്തുകളുടെയും എണ്ണത്തിൽ 1987ലെ സെൻസസിന് അപേക്ഷിച്ച് കുറവായിട്ടുണ്ട്. ആടുവളർത്തൽ കോഴിവളർത്തൽ എന്നീ മേഖലകളിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെങ്കിലും അത് ആവാഹമായ പുരോഗതി കൈവരിച്ചിട്ടില്ല.

| മൃഗസമ്പത്ത് | 1996ലെ സെൻസസ് |
|---|---|
| മൃഗങ്ങൾ | എണ്ണം |
| നാടൻ പശു | 470 |
| നാടൻ കാള | 123 |
| സങ്കരവർഗ്ഗം പശു | 2227 |
| സങ്കരവർഗ്ഗം കാള | 311 |
| എരുമ | 4 |
| പോത്ത് | 155 |
| ആട് (ആൺ) ആട് (പെൺ) | 1510 |
| കോഴി നാടൻ | 10967 |
| കോഴി മേൽത്തരം | 2413 |
| താറാവ് | 114 |
| നായ | 1309 |
| ആന | 2 |

1995_96 കാലയളവിൽ ആശുപത്രിയിൽ ചികിത്സക്കെത്തിയ മൃഗങ്ങളുടെ രോഗവിവരങ്ങൾ:

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | ആന | മററുള്ളവ |
|---|---|---|---|---|---|---|---|---|---|
| ദഹന സംബന്ധമായവ | 398 | 8 | 148 | 4 | 9 | 90 | 1 | 1 | 1 |
| ശ്വാസകോശ | 29 | 1 | 17 | -- | -- | 7 | -- | -- | -- |
| ഉപാപചയ | 80 | 1 | 23 | -- | -- | -- | -- | -- | -- |
| ത്വക് രോഗങ്ങൾ | 11 | 1 | 5 | -- | 6 | -- | -- | -- | 3 |
| പരാദരോഗങ്ങൾ | 87 | -- | 2 | -- | -- | -- | -- | --- | --- |
| പ്രത്യുത്പാദനവ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | 234 | 9 | 24 | -- | --- | --- | -- | --- | -- |
| അകിടുവീക്കം | 130 | 2 | 21 | -- | -- | -- | -- | --- | -- |
| മുടന്തൻപനി | 52 | -- | -- | -- | -- | -- | -- | -- | -- |
| മററുള്ളവ | 628 | 26 | 70 | 6 | 14 | 15 | -- | 1 | -- |
| Deworming | 548 | -- | -- | -- | -- | - | - - | --- | --- |

| കൃത്രിമ ബീജ സങ്കലനത്തെ കുറിച്ചുള്ള വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | ആകെ | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിനു രണ്ടിലധികം സമയം ബീജ സങ്കലനം നടത്തിയവ |
| പശു | 928 | 821 | 107 |
| കിടാരി | 341 | 246 | 95 |
| എരുമ | 8 | 8 | --- |

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1973 മുതൽ പഞ്ചായത്തിൽ വെററിനറി ഡിസ്പൻസറി പ്രവർത്തിച്ചുവരുകയും വെററിനറി ഡോക്ടറുടെ സേവനം ലഭ്യമാവുകയും ചെയ്തു. 1993 ൽ സർക്കാർ വക 111/2 സെൻറ് സ്ഥലത്തിൽ പഞ്ചായത്ത് JRY സ്കീമിൽ സ്ഥിരമായി കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നു.

ആശുപത്രി ജീവനക്കാർ

| തസ്തിക | എണ്ണം |
|---|---|
| വെററിനറി സർജൻ | 1 |
| ലൈവ് സ്റേറാക്ക് ഇൻസ്പെക്ടർ | 1 |
| അററൻഡൻറർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

മെച്ചപ്പെട്ട സേവനം കർഷകർക്ക് ലഭ്യമാക്കുവാൻ ഓപ്പറേഷൻ തിയ്യേററർ സെററിലൈസർ, ഫോൺ, വാഹനം, പേജർ, കർഷക പരിശീലനഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യമാണ്

പ്രാഥമികാവശ്യങ്ങൾക്കുള്ള വെള്ളസൗകര്യം, ബിൽഡിങ്ങ് ചോർച്ച എത്രയും പെട്ടെന്ന് പരിഹരിക്കേണ്ടതാണ്.

ആശുപത്രിയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ

1. കൃത്രിമ ബീജധാനം
2. വന്ധ്യത നിവാരണം
3 പേ വിഷബാധ്ക്കെതിരേയുള്ള കുത്തിവെപ്പ്
4. വിവിധ പദ്ധതതികളുടെ നടത്തിപ്പ്
5 വിജ്ഞാന വ്യാപനം
6 രോഗങ്ങളുടെ ചികിത്സ
7 സർജറി
8 രോഗങ്ങൾക്കെതിരേയുള്ള കുത്തിവെപ്പ്.

വലുതും ഗണ്യമായ മൃഗസമ്പത്തുള്ള ഈ പഞ്ചായത്തിൽ ഒരു വെററിനറി ഡോക്ടറുടെ സേവനം അപര്യാപ്തമാണ്. മൃഗ ചികിത്സ, പദ്ധതി നടത്തിപ്പ്, വിജ്ഞാനവ്യാപനം, പ്രതിരോധകുത്തിവെപ്പ് ക്യാമ്പുകൾ എന്നീ കാര്യങ്ങളുടെ ചുമതലകൾ ഒരു വെററിനറി

ഡോക്ടർ തന്നെയാണ് നിർവഹിക്കുന്നത്. ഒരു വെററിനറി ഡിസ്പൻസറിയും സ്ഥാപിക്കുകയാണെങ്കിൽ കർഷകർക്ക് മെച്ചപ്പെട്ടതും, തക്കസമയത്തുള്ള സേവനം കൂടുതൽ ലഭ്യമാക്കുവാൻ ഉപകരിക്കും.

പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പാക്കിയ സ്കീമുകൾ:

1. വന്ധ്യതാ നിവാരണ ക്യാമ്പ്
2. ഗോരക്ഷാ ക്യാമ്പ്
3. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
4 കോഴി വിതരണം
5 സ്കൂൾക്ക് കുട്ടികൾക്ക് പൌൾട്രി ക്ലബ്
6 പേ വിഷ നിർമ്മാർജ്ജന പദ്ധതി
7 SCP സ്കീമുകൾ
8 കന്നുതെളി മത്സരം
9. പ്രതി രോധ കുത്തിവെപ്പ്.
10 ലൈവ്സ്റേറാക്ക് ഇൻപ്രൂവ്മെന്റ് അസോസിയേഷൻ.

വന്ധ്യത മൂലം പശുക്കളിൽ രണ്ട് പ്രസവത്തിനിടയിൽ നഷ്ടപ്പെടുന്ന ഓരോ ദിവസത്തിനും കർഷകന് ഏകദേശം 30 രൂപയുടെ അധിക ചിലവ് വരുന്നു. ആയതിനാൽ കൂടുതൽ വന്ധ്യത നിവാരണ ക്യാമ്പുകൾ നടത്തുന്നതിന് ബ്ലോക്ക്തല വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തിയാൽ കർഷകനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കുവാൻ സഹായകമാകും കാലാകാലങ്ങളിൽ വാക്സിനേഷൻ ഏർപ്പെടുത്തുവാൻ ഉള്ള സംവിധാനം ഏർപ്പെടുത്തണം.

പാലുല്പാദന രംഗം (കരിമ്പ പഞ്ചായത്ത്)

1. പ്രതിവർഷം പാലുല്പാദന അളവ് ഏകദേശം 11 ലക്ഷം ലിററർ
2. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ മൂല്യം (പ്രതിവർഷം 11/4 കോടി രൂപ)
3) സഹകരണ സംഘങ്ങൾ (രണ്ട്, ഇടക്കുറുശ്ശി കല്ലടിക്കോട് സൊസൈററികൾ)

(പാൽ വിപണന സൗകര്യങ്ങൾ)

അകിടു വീക്കം, വന്ധ്യത, ഉൽപാദന രോഗങ്ങൾ, എന്നിവ പാലുല്പാദന രംഗത്തെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നു. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ പഞ്ചായത്തിനകത്തുത്തന്നെ വിൽക്കപ്പെടുന്നു. 10 മുതൽ 20 ശതമാനം വരെ ഉൽപാദകന്റെ

വീട്ടിൽ ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്തിൻെറ ആവശ്യത്തിലധികം ഉൽപ്പാദിക്കപ്പെടുന്ന പാൽ പഞ്ചായത്തിനു പുറത്ത് വിപണനം നടത്തുവാൻ കഴിയും .ഇതുമൂലം ഈ പാലുല്പാദനത്തിൽ നിന്നും ഗണ്യമായ വരുമാന വർദ്ധനവും തൊഴിൽ ലഭ്യത വർദ്ധനവും പ്രതീക്ഷിക്കാവുന്നതാണ്. ഈ രംഗത്തെ വികസനത്തിനുവേണ്ടി താത്പര്യമുള്ളവർക്ക് പശുവളർത്തൽ പദ്ധതികൾ ആവിഷ്കരിക്കാം. അകിടു വീക്കം നിയന്ത്രിക്കുന്നതിന് ശാസ്ത്രീയമായ തൊഴുത്തുകളും, തൊഴുത്തുകളുടെ നിലം പുനർ നിർമ്മിക്കുകയും ചെയ്യണം. പാലുല്പാദനചിലവ് കുറയ്ക്കുവാൻ സബ്സിഡി നിരക്കിൽ കാലിത്തീററ, പ്രതിരോധ കുത്തി വെപ്പുകൾ നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, ഉൽപാദന രോഗങ്ങൾ തടയുന്നതിനു വേണ്ടിയും മെച്ചപ്പെട്ട തീററ ക്രമത്തെ കുറിപ്പ് കർഷകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുക എന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കേണ്ടതുണ്ട്.

## മാംസ ഉൽപാദന രംഗം

കരിമ്പ പഞ്ചായത്തിലെ 90%ത്തിൽ അധികം വരുന്നവരും മാംസം ഉപയോഗിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ 7 അറവു നടത്തുന്ന സ്ഥലങ്ങൾ ഉണ്ട്. ശാസ്ത്രീയമായി അറവ് നടത്തുന്ന ഒരു അറവു ശാലപോലും ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന മാംസം വേണ്ടത്ര ശുദ്ധമല്ല. ഇതിനു കാരണം അറവു നടത്തുന്നതിനു മുമ്പും അറവു നടത്തിയതിനു ശേഷവും മൃഗത്തെ വിശദമായ വെററിനറി പരിശോധനയ്ക്കും വിധേയമാക്കാത്തതുകൊണ്ടാണ്. ഈ പരിശോധനകൾ കൊണ്ട് രോഗം ബാധിച്ച മൃഗങ്ങളെ ഒഴിവാക്കി ആരോഗ്യമുള്ള മൃഗങ്ങളെ അറവിന് വിധേയമാക്കിയശേഷം ശുദ്ധമായ മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നു. എന്നാൽ പഞ്ചായത്തിൽ യാതൊരു സംവിധാനവും നിലവിലില്ല. അനാരോഗ്യകരവും വൃത്തികെട്ടതുമായ ചുററുപാടുകളിൽ വെച്ച് അറവുകൾ നടത്തുന്നതുമൂലം വെററിനറി മാംസ പരിശോധനയുടെ അഭാവം മൂലവും ചത്തമൃഗങ്ങളുടെയും രോഗം ബാധിച്ച മൃഗങ്ങളുടെയും മാംസം വിററഴിക്കപ്പെടുവാൻ സാധ്യത ഉള്ളതുകൊണ്ട് ഇതിനെ വലിയൊരു പൊതുജനാരോഗ്യ പ്രശ്നമായി വീക്ഷിക്കേണ്ടതുണ്ട്.

### പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാംസത്തിൻെറ മൂല്യം.

| ഇനം | പ്രതിവർഷം, അറക്കപ്പെടുന്നത് | പ്രതിവർഷം കിട്ടുന്ന മാംസം | മാംസത്തിൻെറ മൂല്യം |
|---|---|---|---|
| പശു | 2080 | 208000 K.G. | 7280000 |
| ആട് | 520 | 7800 k.G. | 780000 |

പ്രതിവർം 80 ലക്ഷം രൂപയുടെ മാംസം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നു.

മാംസാവശ്യത്തിനുള്ള മൃഗങ്ങൾ 90% അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇതുമൂലം പഞ്ചായത്തിൽ ഈ രംഗത്ത് നിന്നുമാത്രം വലിയൊരു സാമ്പത്തിക ചോർച്ച ഉണ്ടാകുന്നു. മാത്രവുമല്ല. അതിനോടനബന്ധിച്ച തൊഴിൽ സാധ്യതയും നഷ്ടപ്പെടുന്നു.

വൃത്തികെട്ട സാഹചര്യങ്ങളിൽ അറവു നടത്തുന്നതു നിമിത്തം വലിയ മൂല്യമുള്ള ഉൽപന്നങ്ങൾ സംസ്കരിക്കാൻ ആകാതെ പാഴായിപോകുന്നു. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമാക്കിയുള്ള ആസൂത്രണ തന്ത്രം ആവിഷ്കരിക്കുകവഴി പഞ്ചായത്തിനുള്ള സാമ്പത്തിക ചോർച്ച ഒഴുവാക്കാൻ ആകും. മാംസോൽപാദനരംഗത്ത് വികസനത്തിനുവേണ്ടി കാളകുട്ടികളേയും പോത്തിൻ കുട്ടികളേയും ഉൽപാദിപ്പിക്കുന്ന പദ്ധതികൾ ആടുവളർത്തൽ പദ്ധതി, ടർക്കി, താറാവ് യൂണിററ് പദ്ധതി എന്നിവ ആവിഷ്കരിക്കാവുന്നതാണ്.

മാംസോത്പാദനരംഗത്ത് ഉപഭോക്താവിനേയും ഉൽപാദകനേയും ഒരു പോലെ ചൂഷണം ചെയ്യുന്ന വലിയ ഒരു ലാഭം കൈക്കലാക്കുന്ന ഇടനിലക്കാരെ ഒഴിവാക്കുന്നതിന് മാംസോൽപാദകരുടെ ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഈ സഹകരണ സംഘം മുഖേന അതിലെ അംഗങ്ങൾക്ക് മാംസോൽപാദനത്തിനുവേണ്ട മൃഗങ്ങളുടെ വിതരണം ധനസഹായം പരിശീലനം എന്നിവ ലഭ്യമാക്കാവുന്നതാണ്. മാംസോൽപാദനത്തിനും ഉൽപ്പന്നസംസ്കരണത്തിന് സമീപത്തുള്ള പഞ്ചായത്തുകളുമായി സഹകരിച്ച് ഒരു സംസ്കരണ ശാല മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

## ആടു വളർത്തൽ

പഞ്ചായത്തിൽ കുറഞ്ഞ തോതിൽ ആടുവളർത്തൽ നിലവിലുണ്ട്. 96 ലെ സെൻസസ് പ്രകാരം 151 ആടുകൾ പഞ്ചായത്തിലുണ്ട്. പക്ഷെ ആടുവളർത്തലിന് ശാസ്ത്രീമായ സമീപനം കർഷകർക്ക് പകർന്നുകൊടുക്കുന്നതിനുള്ള നീക്കം ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. തീററ സമ്പ്രദായം വിരമരുന്ന് നൽകൽ രോഗപ്രതിരോധം എന്നീ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ആടുകൾക്ക് തീററയായി നൽകുന്ന വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന് കൂട്ടിനകത്ത് കെട്ടിയിട്ടുള്ള വളർത്തൽ ആണ് പഞ്ചായത്തിന് അഭികാമ്യം ആടുകൾക്ക് തീററ ലഭ്യത കൂട്ടുവാൻ പ്ലാവ്, സുബാബുൽ പ്ലാശ്, മുരുക്ക് എന്നീ വൃക്ഷങ്ങൾ ഉൽപാദകൻെറ വീട്ടുവളപ്പിലും ഒഴിഞ്ഞ പ്രദേശങ്ങളിലുമായി വെച്ചു പിടിപ്പിക്കേണ്ടതുണ്ട്. ഉൽപാദകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതാണ്. മാംസോൽപാദനം സംസ്കരണം എന്നിവയിൽ കൂട്ടായ്മയോടുള്ള പ്രവർത്തനം ആവശ്യമാണ്.

## മൂരികുട്ടി പരിപാലനം.

പഞ്ചായത്തിൽ പ്രസവം നടക്കുന്നതിൽ ഏകദേശം 55% മൂരികുട്ടികളാണ്. ഈ മൂരികുട്ടികളിൽ 90% പരിചരണം ലഭിക്കാതെ ചത്തുപോകുകയാണ് ചെയ്യുന്നത്. അതായത് ഇത്രയും കാളകുട്ടികളിൽ നിന്ന് കിട്ടുന്ന മാംസം പഞ്ചായത്തിന് ഉപയോഗിക്കപ്പെടാൻ ആകാതെ നഷ്ടപ്പെടുന്നു. ശാസ്ത്രീയ സമീപനം അവലംബിക്കുകയാണെങ്കിൽ ഈ നഷ്ടം

ഇല്ലായ്മ ചെയ്ത കർഷകരുടെ വരുമാനവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുവാൻ സാധിക്കും. ഈ രംഗത്തും കൂട്ടായ്മയോടുകൂടിയുള്ള സമീപനം ആവശ്യമാണ്.

### മുയൽ, ടർക്കി. കാട എന്നിവയുടെ വളർത്തൽ

പഞ്ചായത്തിൻെറ മാംസാവശ്യം നിറവേററുന്നതിനും സാമ്പത്തികനേട്ടം ഉണ്ടാക്കുണ്ടതിനും മുയൽ. കാട ടർക്കി എന്നിവയെ ശാസ്ത്രീയമായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികളും കർഷകന് പരിശീലനം നൽകുവാനുള്ള പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്.

### കാലിത്തീററ ഉൽപാദനം

കാലിത്തീററ ഉൽപാദന രംഗത്ത് പഞ്ചായത്തിൽ ശാസ്ത്രീയമായ നീക്കം ഇതുവരെ ഉണ്ടായിട്ടില്ല. തൻമൂലം കർഷകർ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന മിശ്രിത കാലിത്തീററയാണ് ഉപയോഗിക്കുന്നത്. തീററപ്പുൽ കൃഷി രംഗത്ത് ആത്മാർത്ഥമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. അഭ്യന്തര ഉൽപാദനം ഇല്ലാത്തതുകൊണ്ട് സാമ്പത്തിക നഷ്ടം വളരെ ഏറെയാണ്. കാലിതീററ മിശ്രിതത്തിന് ആവശ്യമായ പിണ്ണാക്ക് തവിട് എന്നിവ പഞ്ചായത്തിൽ ലഭ്യമാകുന്നതിനാൽ മററു പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ സംഭരണകേന്ദ്രങ്ങളും മിശ്രിതകേന്ദ്രങ്ങളും നിർമ്മിക്കേണ്ടതാണ്. തീറേറാൽപാദനത്തിൽ പഞ്ചായത്തിലുള്ള തെങ്ങിൻ തോപ്പുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ കനാൽ, ബണ്ട്, ഓഫീസ് കോമ്പോണ്ടുകൾ എന്നിവ ഉപയുക്തമാക്കേണ്ടതാണ്. കൂട്ടായ്മയിലൂടെ തീററപ്പുൽകൃഷി വ്യാപകമാക്കാവുന്നതും വ്യാവസായകാടിസ്ഥാനത്തിൽ വിപണനം ചെയ്യുവാനും മിതമായ നിരക്കിൽ കർഷകന് ലഭ്യമാക്കുവാനും സാധിക്കും.

കരിമ്പ ഗ്രാമ പഞ്ചായത്ത്വികസനരേഖ

### ബ്രോയിലർ കോഴി വളർത്തൽ

ബ്രോയലർ കോഴി വളർത്തൽ കേന്ദ്രം _ 3

പ്രതിമാസം ഉൽപാദിപ്പിക്കുന്ന കോഴികളുടെ എണ്ണം 1300

പ്രതിവർഷം മൂല്യം 850000/=

ബ്രോയിലർ കോഴി വളർത്തലിൻെറ കാര്യത്തിൽ സ്വയംപര്യാപ്ത കൈവരിക്കുന്നതിന് കോഴിക്കുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭ്യമാക്കുക. പോൾ ട്ടറികൾ സ്ഥാപിക്കുക വാക്സിനേഷൻ മററു വെററിനറി സൗകര്യങ്ങൾ ലഭ്യമാക്കുക കർഷക പരിശീലനം നൽകുക വികലന സൗകര്യം ലഭ്യമാക്കണം വിപണന സാധ്യതകൾ കണ്ടെത്തുക എന്നീ പദ്ധതികൾ ആവിഷ്ക്കരിക്കണം. തത്ഫലമായി ഈ രംഗത്ത് നിന്ന് സാമ്പത്തിക നേട്ടവും തൊഴിൽ ലഭ്യതയും നേടിയെടുക്കാം

### മുട്ട ഉൽപാദനം

1. ആഭ്യന്തര ഉൽപാദനം 71/4 ലക്ഷം .

2. പ്രതിവർഷം മൂല്യം 1015000/=

3. പുറമെ നിന്നും ഇറക്കുമതി 7,80000/= മുട്ടകൾ

പഞ്ചായത്തിൽ വളർത്തിപ്പോരുന്ന മുട്ടകോഴികളുടെ എണ്ണം കുറവായതിനാൽ അവയിൽ നിന്നും കിട്ടുന്ന മുട്ട പഞ്ചായത്തിന് വളരെ അപര്യാപ്തമാണ്. പഞ്ചായത്തിൽ ഉപയോഗത്തിന് ആവശ്യമായി ആഴ്ചതോറും 15,000 കോഴിമുട്ടകൾ ഇറക്കുമതി ചെയ്യുന്നു. പ്രതിവർഷം ഏകദേശം 11ലക്ഷം രൂപ അന്യസംസ്ഥാനങ്ങൾ ഈ പഞ്ചായത്തിൽ നിന്നും മുട്ടവിതരണത്തിലൂടെ നേടിയെടുക്കുന്നു. മുട്ടോൽപാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കൂടുതൽ മുട്ടകോഴികൾ വളർത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക. (Back yard Poultry) മുട്ട സംഭരണത്തിനും വിപണനത്തിനും സഹകരണ സംഘങ്ങൾ രൂപീകരിക്കുക കോഴിത്തീററ യൂണിററുകൾ മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കുക കർഷകനു പരിശീലനം നൽകുക എന്നീകാര്യങ്ങൾ പരിഗണനയിൽ നൽകെണ്ടതാണ്.

## തുകൽ സംസ്കരണം അറവുശാല ഉൽപാദന സംസ്കരണം

| ഇനം | പ്രതിവർം അറക്കപ്പെടുന്നവയുടെ എണ്ണം | കിട്ടുന്നതുകലിൻെറ എണ്ണം | മൂല്യം |
|---|---|---|---|
| കാള | 2080 | 2080 | 12,50000 |
| ആട് | 520 | 520 | 62.500 |

പഞ്ചായത്തിൽ അറവു നടത്തപ്പെടുന്ന മൃഗങ്ങളിൽ നിന്ന് പ്രതിവർഷം 13 ലക്ഷം രൂപയുടെ തുകൽ ലഭിക്കുന്നു. പഞ്ചായത്തിൽ സംസ്കരണ ശാല നിലവിൽ ഇല്ല. പരിസരമലിനീകരണത്തിന് സാധ്യത ഉള്ളതിനാൽ തുകലിൻെറ പ്രാഥമിക പ്രക്രിയക്കു ശേഷം കയററി അയക്കുവാനുള്ള സംവിധാനം പഞ്ചായത്തുതലത്തിലോ ബ്ലോക്ക് തലത്തിലോ ഏർപ്പെടുത്തേണ്ടതാണ്.

### ജൈവവളം

ദിവസേന ഓരോ പശുവിൽ നിന്നും എരുമയിൽ നുന്നും 35 മുതൽ 40 കിലോ വരെ ചാണകം ലഭിക്കുന്നു എന്നതിനാൽ പഞ്ചായത്തിലെ കൃഷി ആവശ്യങ്ങൾക്ക് നല്ലൊരു പങ്ക് വളം ഈ പഞ്ചായത്തിലെ മൃഗ സമ്പത്തിൽ നിന്നും ലഭിക്കുന്നു. ഏകദേശം 11/2 കോടി രൂപയുടെ മൂല്യമുള്ള വളം പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ട്. ആസൂത്രിത പദ്ധതികൾ വഴി ഈ ചാണകം നഷ്ടപെടാതെ പഞ്ചായത്തിന് തന്നെ ഉപയുക്തമാക്കേണ്ടതാണ്.

### മൃഗശക്തി

ഈ പഞ്ചായത്തിൽ കാളകളുടെയും പോത്തുകളുടെയും കൃഷി ഒരുക്കുവാനും വണ്ടിവലിക്കുവാനും ആയി ഉപയോഗിക്കുന്നു. ഏകദേശം 15 വണ്ടി മൂരികളും 50 ജോടി

പോത്തുകളും ഉണ്ട്.

## ബയോഗ്യാസ്

രണ്ട് പശുക്കൾ ഉള്ള ഡയറി യൂണിററ് പദ്ധതികൾ നടപ്പാക്കുകയും അതോടൊപ്പം ഒരു ബയോഗ്യാസ് പ്ലാന്റ് നൽകുകയും ചെയ്താൽ 4 അംഗമുള്ള ഒരു കുടുംബത്തിന് ആവശ്യമായ പാചകവാതകം അവർക്ക് തന്നെ ഉൽപാദിപ്പിക്കുന്നതിന് സാധിക്കും

## പേ വിഷബാധ നിർമ്മാർജ്ജനം

പഞ്ചായത്തിൽ വളർത്തപ്പെടുന്ന എല്ലാ നായ്ക്കൾക്കും നിർബന്ധ പ്രതിരോധ കുത്തിവെപ്പ് എടുത്തിരിക്കണം. ലൈസൻസ് നിർബന്ധമാക്കാവുന്നതുമാണ്. പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കൾ, ലൈസൻസില്ലാത്ത നായ്ക്കൾ, എന്നിവയെ കൊല്ലുന്നതിനുള്ള പദ്ധതി നടപ്പാക്കേണ്ടതാണ്. പൊതുജന ബോധവൽക്കരണ സെമിനാറുകൾ നടപ്പാക്കണം.

## സമഗ്ര കന്നുകാലി ഇൻഷ്യൂറൻസ് പദ്ധതി

കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങളിൽ നിന്ന് കർഷർക്ക് പരിരക്ഷ നൽകുന്നതിന് പ്രീമിയം കുറച്ചുകൊണ്ടുള്ള (Master Policy) ഇൻഷ്യൂറൻസ് പദ്ധതി നടപ്പാക്കേണ്ടത്.

## കർഷക പരിശീലനം

പാലക്കാട് ജില്ലയിൽ എൽ.എം.ജെ.സി (Live Stock Management Taining Centre) ഇല്ലാത്തതുകൊണ്ട് കർഷകർക്കും പരിശീലനം ലഭ്യമാക്കുന്നില്ല. ബ്ലോക്ക് തലത്തിലോ പഞ്ചായത്ത് തലത്തിലോ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

## കർഷകർക്ക് അവാർഡ്

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രത്യേക ആദരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്ത് ജില്ലാ സംസ്ഥാനതല അവാർഡുകൾ ഏർപ്പെടുത്തണം.

കരിമ്പ പഞ്ചായത്തിലെ മൃസംരക്ഷണ മേഖലയുടെ വികസനത്തിനുള്ള പൊതുവായ നിർദ്ദേശം.

## 1. പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1. വെററിനറി ഡിസ്പെൻസറിയും ഒരു സഞ്ചരിക്കുന്ന ഡിസ്പെൻസറിയും ആവശ്യമാണ്.

2. നിലവിലുള്ള മൃഗാശുപത്രി കെട്ടിടത്തിൻെറ ചോർച്ച തീർക്കുവാനും വാട്ടർകണക്ഷൻ നൽകുവാനും അററകുററ പണികൾ, കോമ്പോണ്ട് വാൾ (പൊളിഞ്ഞുകിടക്കുന്നത്) എന്നിവ ശരിയാക്കേണ്ടതാണ്.

3. ലാബ്, ഓപ്പറേഷൻ തിയ്യററർ, സെററിലൈസർ, മുതലായ സൗകര്യങ്ങൾ ചെയ്യേണ്ടതാണ്. കർഷകർക്ക് അടിയന്തരമായി ഡോക്ടറുമായി ബന്ധപ്പെടുന്നതിന് ഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. ആശുപത്രിയിൽ എല്ലാ പ്രാഥമിക സൗകര്യങ്ങളും, (മരുന്ന്, വാക്സിൻ മുതലായവ) ലഭ്യമാക്കുക

## 2. പാലുല്പാദനം

1. അകിടുവീക്കം നിയന്ത്രിക്കുന്നതിന് തൊഴുത്തുകൾ നിർമ്മിക്കുക

2. ഡയറിയൂണിററുകൾ സ്ഥാപിക്കുക

3. കർഷക പരിശീലനം, കറവ് പരിശീലനം

4. വന്ധ്യത നിവാരണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. പ്രത്യേക കന്നു കുട്ടി പരിപാലന പദ്ധതി നടപ്പാക്കുക

6. തീറ്റ പുൽകൃഷി വ്യാപിക്കുക കാലിത്തീററ മിശ്ര യൂണിററുകൾ സ്ഥാപിക്കുക, സബ്സിഡി നിരക്കിൽ കാലിത്തീററ നൽകുക

7. വിപണന സൗകര്യം വർദ്ധിപ്പിക്കുക

## 3. മാംസോൽപ്പാദന രംഗം

1. മാംസോൽപാദനം, സംസ്ക്കരണം വിപണനം, എന്നിവ സംഘടിത സഹകരണമേഖലയാക്കുക

2. മാംസോൽപാദനത്തിനുള്ള ശാസ്ത്രീയഅറവുശാല സ്ഥാപിക്കുക.

3. ആടുവളർത്തൽ യൂണിററുകൾ മുരികുട്ടി വളർത്തൽ പോത്തിൻ കുട്ടി വളർത്തൽ, മുയൽ താറാവ്, ടർക്കി വളർത്തൽ യൂണിററുകൾ സ്ഥാപിക്കുക.

## 4. കാലിതീററ ഉൽപാദനം

1. തരിശു ഭൂമികളിൽ തീററപുൽകൃഷി

2. കാലിതീററ വൃക്ഷവിളകൾ നട്ടുപിടിപ്പിക്കുക, വീട്ടുവളപ്പുകൾ, വഴിയോരങ്ങൾ, കനാൽ ഓഫീസ് വളപ്പുകൾ എന്നിവിടങ്ങളിൽ.

3. സഹകരണ പുൽ വൈക്കോൽ സംസ്കരണ യൂണിററുകൾ സ്ഥാപിക്കുക.

4. കാലിതീററ മിശ്രയൂണിററുകൾ സ്ഥാപിക്കുക

5. ഗുണനിലവാരം നിയന്ത്രണ സംവിധാനം ഉണ്ടാക്കുക

6. ഉപയോഗിക്കാവുന്ന അസംസ്കൃത വസ്തുക്കൾ സംസ്കരണ സംഭരണ യൂണിററുകൾ സഹകരണാടിസ്ഥാനത്തിൽ 'സ്ഥാപിക്കുക.

## 5. ബ്രോയിലർ കോഴി വളർത്തൽ

1. ബ്രോയിലർ പോൾട്രികൾ സ്ഥാപിക്കുക

2., ബ്രോയിലർ യൂണിററുകൾ

3. കർഷകർക്ക് പരിശീലനം

4. ബ്രോയിലർ കോഴിത്തീററ ഉൽപാദന സംസ്കരണ വിതരണ യൂണിററുകൾ സ്ഥാപിക്കുക.

## 6. മുട്ട ഉൽപാദനം

1. പോൾട്രികളും എഗ്ഗ് നഴ്സറികളും സ്ഥാപിക്കുക

2. കോഴിത്തീററ യൂണിററുകൾ

3. കർഷക പരിശീലനം

4. മുട്ട കോഴിവളർത്തൽ യൂണിററുകൾ സ്ഥാപിക്കുക

5. ഉൽപാദക സംസ്കരണ വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

## 7. വിജ്ഞാന വ്യാപനം

1. മേഖലാ മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക

2. മൊബൈൽപരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക

## 8. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തുക

## 9. കന്നുകാലി രോഗനിയന്ത്രണം

1. വിവിധ കന്നുകാലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുക

## 10. ബയോഗ്യാസ്

1. പഞ്ചായത്തിൽ രണ്ടുപശുകുട്ടികളേക്കാൾ കൂടുതൽ വളർത്തുന്ന കർഷകർക്ക് ബയോഗ്യാസ് പ്ലാൻറ് നൽകുക.

### 11. പേ വിഷബാധാ നിർമ്മാർജ്ജനം

1. വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ
2. വളർത്തുനായ്ക്കൾക്ക് ലൈസൻസ്
3. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിക്കുക
4. ബോധവൽക്കരണം
5. സമഗ്ര പേവിഷബാധ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കുക.

### 12. മൃഗ സംരക്ഷണ മേഖലയിലെ കർഷകർക്ക് അംഗീകാരം

പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയിലെ ഏററവും നല്ല കർഷകന് അവാർഡ് ഏർപ്പെടുത്തുക

### മത്സ്യം വളർത്തൽ .

ഈ രംഗത്ത് യാതൊരു വിധ സംഘടിത ശ്രമവും നാളിതുവരെ നടന്നിട്ടില്ല വീട്ടുകുളങ്ങൾ വയലുകളോടനുബന്ധിച്ച് സ്വകാര്യ കുളങ്ങൾ പഞ്ചായത്തു വക പൊതുകുളങ്ങൾ, തൂപ്പനാട് പുഴ, സത്രം കാവ്, പഴുന്നിറ, കൽച്ചിറ, പട്ടാണിക്കെട്ട്, തുടങ്ങിയ ജലസംഭരണികൾ തോടുകൾ വയലുകൾ തുടങ്ങിയവ മത്സ്യകൃഷിക്ക് സഹായകമായ സാഹചര്യങ്ങളാണ്. മുൻകാലങ്ങളിൽ ഈ ജല സ്രോതസ്സുകളും ധാരാളം മത്സ്യങ്ങൾ ലഭിക്കുന്നതിനുള്ള ഉപാധിയായിരുന്നു. കാർഷിക രംഗത്ത് രാസവസ്തുക്കളുടെയും കീടനാശിനികളുടെയും ഉപയോഗവും മത്സ്യങ്ങളെ ബാധിച്ച രോഗങ്ങളും ഇന്ന് നാടൻ മത്സ്യങ്ങളുടെ കുററിയററുപോകുന്നതിന് ഇടയാക്കി എന്നു പറയാം. ഇന്ന് അവയുടെ ലഭ്യത നാമമാത്രമാണ്. തോട്ടപൊട്ടിച്ചതും രാസവസ്തുക്കളായ മീൻകൊല്ലികായ പോലുള്ളവയൊക്കെ കലക്കി മത്സ്യംപിടിക്കുന്നതിനും കൈക്കൊണ്ട പ്രാകൃതവും അശാസ്ത്രീയവുമായ മാർഗ്ഗങ്ങളും ഇടയാക്കിയിട്ടുണ്ട്. മത്സ്യത്തെപ്പോലെ തവളയും നമ്മുടെ ഇടയിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു.

നമ്മുടെ കുളങ്ങളും നദികളും ജലസംഭരണികളും പ്രയോജനപ്പെടുത്തുകയാണെങ്കിൽ ഈ രംഗത്ത് വലിയ മാററത്തിന് വഴിയൊരുക്കാം. മത്സ്യത്തീററ ഉൽപാദനം കുഞ്ഞുങ്ങളുടെ ഉൽപാദനവും വിപണവും മത്സ്യവിപണനം തുടങ്ങി വികസിപ്പിച്ചെടുക്കാൻ കഴിയുന്ന തൊഴിൽ മേഖലകൾ ജല കൃഷിയുടെ ആകർഷകമായ വശമാണ്.

സ്വകാര്യ കുളങ്ങളിൽ കൃഷിക്ക് കർഷകരെ പ്രോത്സാഹിപ്പിക്കുകയും സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും വേണം പൊതുകുളങ്ങൾ കരാർ വ്യവസ്ഥയിൽ നൽകി

മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്താം ഓരോ പഞ്ചായത്തിലും മത്സ്യഭവനുകൾ ആരംഭിക്കുന്നതിന് സർക്കാർ കൈകൊണ്ട തീരുമാനം പ്രയോജനപ്പെടുത്തി ശുദ്ധ ജല മത്സ്യ കൃഷിയിലെ ആധുനിക സങ്കേതങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ കഴിയും തവള, വെള്ളആമ, അലങ്കാര മത്സ്യം വളർത്തൽ എന്നിവയും ചെറിയ തോതിൽ നമ്മുക്ക് ആരംഭിക്കാൻ കഴിയും.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1. പാൽ വിതരണത്തിന് സൗകര്യമില്ലാത്തിടത്ത് അത് ലഭ്യമാക്കണം.

2. ഇടക്കുറുശ്ശി ക്ഷീര വ്യവസായ സഹകരണ സംഘത്തിനോടനുബന്ധിച്ച് കെട്ടിടം പണിതീർത്ത് മൃഗസംരക്ഷണ കേന്ദ്രത്തിലേക്ക് ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

3. തീററപ്പുൽ കൃഷി ആദായകരമായ കന്നുകാലിത്തീററ ഉൽപാദനം എന്നിവയ്ക്ക് പദ്ധതി വേണം.

4. ഇറച്ചി കോഴി മുട്ടകോഴി, ആട്, പന്നി എന്നിവ വളർത്തുന്നതിന് ചെറിയ ചെറിയ വ്യക്തിഗത ഗ്രൂപ്പുകൾക്ക് സഹകരണ അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകണം.

5. കന്നുകാലി വളർത്തൽ കോഴിവളർത്തൽ എന്നിവയുമായി ബന്ധപ്പെട്ട് വിദഗ്ധസേവനം ലഭ്യമാക്കണം.

6. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങളിൽ മത്സ്യം വളർത്താൻ ആവശ്യമായ സഹായങ്ങളും സാങ്കേതിക ഉപദേശങ്ങളും നൽകണം.

7. തീററപുല്ല് കൃഷിക്കും സംസ്കരണത്തിനും സഹായം നൽകണം.

8. രണ്ടാം വാർഡിലുള്ള കുറ്റിത്തിപ്പാടം കേന്ദ്രമാക്കി നാടൻ കോഴിവളർത്തൽ കേന്ദ്രം തുടങ്ങിയാൽ ആ പ്രദേശത്തുള്ള സ്ത്രീകൾക്ക് ഒരു തൊഴിൽ നൽകുന്നതിനും മുട്ടയും ഇറച്ചിയും സംഭരിക്കുന്നതിനും സാധിക്കും.

9. കരിമ്പ പള്ളിപ്പടിയിലൊ സമീപപ്രദേശത്തോ ഒരു മൃഗാശുപത്രി ആവശ്യമാണ്.

10. പാലളം പടിഞ്ഞാറേക്കര ഭാഗത്തുള്ള അരഏക്കർ കുളം കെട്ടിപ്പടുത്ത് വർഷം തോറും ലേലം വിളിച്ച് സ്വകാര്യ വ്യക്തികൾക്ക് മത്സ്യം വളർത്താൻ കൊടുക്കണം.

11. ഒരു മിനി കാലിത്തീററ, കോഴിത്തീററ നിർമ്മാണ യൂണിററ് ആരംഭിക്കണം.

12. ഡയറി ഫാം രൂപീകരിക്കണം.

13. കോഴി വളർത്തൽ യൂണിററ് ഉണ്ടെങ്കിലും വിപണന സൗകര്യം ഇല്ല.

14. കല്ലടിക്കുളം കോലോത്തും പള്ളിയാൻ വേട്ടക്കാരൻ കുളം മേലേ പയ്യാനി വലിയ കുളം, മഠത്തിലെ കുളം സ്രാമ്പിക്കൽ കുളം ഒലിവൻ കുഴി ഈ കുളങ്ങൾ ജലസേചനത്തിനും മത്സ്യകൃഷിക്കും ഉപയോഗിക്കാം.

15. കണക്കം പാടം ഓലഞ്ചോരി പടിഞ്ഞാക്കര, കുളങ്ങൾ മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്താം.

16. മൃഗങ്ങളുടെ രോഗത്തിന് ചികിത്സിക്കുന്നതിനും പ്രതിരോധ നടപടികൾക്കും വിപുലമായ സൗകര്യം ഉണ്ടാക്കണം.

17. 8_ാം വാർഡിൽ ഉള്ളവർക്ക് പാൽ വിൽക്കുന്നതിന് 10ഉം 12 ഉം കിലോമീററർ സഞ്ചരിക്കേണ്ടിവരുന്നു. ഇതൊഴിവാക്കുവാൻ പാൽ സംഭരിക്കുന്നതിനും വിപണനത്തിനും സൗകര്യമുണ്ടാക്കണം.

18. മൃഗസംരക്ഷണ പ്രവർത്തികൾക്ക് യാതൊരു സൗകര്യവും ഇല്ലാത്ത പ്രദേശത്ത് മൃഗ സംരക്ഷണ സംവിധാനം ഏർപ്പെടുത്തണം.

19. വളർത്തു മൃഗങ്ങളെ വന്യ ജീവികളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിക്കണം.

20. പശുക്കളെ വളർത്തുന്ന നൂറോളം കുടുമ്പങ്ങളുടെ അടുത്ത് ചെറുത്തി, അയിരാനി, കുറുഞ്ഞിപാടം, ഭാഗത്ത് ഒരു പാൽ സൊസൈററിയും മൃഗസംരക്ഷണത്തിന് സൗകര്യങ്ങളും വേണം.

21. പനയംപാടം പള്ളിപ്പടി കേന്ദ്രങ്ങൾ ഉൾപ്പെടുത്തി പാൽ സൊസൈററി തുടങ്ങണം.

42

# വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്ത് പ്രദേശത്തിൻെറ വിദ്യാഭ്യാസ ചരിത്രത്തിന് ഏറെ പഴക്കവും തഴക്കവും ഉണ്ട്. അള്ളംമ്പാടം ഗേൾസ് സ്ക്കൂൾ പനയം ഹൈയർ എലിമെൻറി സ്കൂൾ എന്നിവയാണ് പഴയ വിദ്യാലയങ്ങൾ. പഴക്കത്തിന്റെ കാര്യത്തിൽ ഇവക്ക് തൊട്ട് പിറകേ വരുന്നത് ജി. എം. എൽ.പി. കല്ലടിക്കോടാണ്, കാരാകുറുശ്ശി പുലാപററ മൂണ്ടൂർ, തച്ചമ്പാറ എന്നിവടങ്ങളിൽ നിന്ന് കുട്ടികൾ വിദ്യാഭ്യാസത്തിനായി ഇവിടെ വന്നിരുന്നു. കുതിരവട്ടത്ത് വലുണ്ണിതമ്പാൻ (കെ.യു തമ്പാൻ) രാമപണിക്കർ, ശങ്കരൻ നമ്പൂതിരിപ്പാട് കെ.വി ദാമോദരൻ നായർ ഗൗരി ടീച്ചർ, എന്നിവരായി പഴയ തലമുറയിൽ ഇന്നും സ്മരിക്കപ്പെടുന്ന അദ്ധ്യാപകരിൽ പ്രമുഖർ അള്ളംമ്പാടം ഗേൾസ് സ്കൂൾ സംബന്ധമായ കാരണങ്ങളാൽ മുടങ്ങുകയുണ്ടായി അതിനെ തുടർന്നാണ് ഇന്ന് നിലവിലുള്ള ജി.എൽ.പി.എസ്. അള്ളംമ്പാടം ഉണ്ടായത്. പനയമ്പാടത്തുണ്ടായിരുന്ന ഹയർ എലമെൻററി സ്കൂളാണ് ഇന്നത്തെ ജി.യു.പി.സ്കൂൾ കരിമ്പ.

വിദ്യാലയങ്ങളോട് ചേർന്ന് മത പഠന സൗകര്യങ്ങൾ ഉണ്ടായിരുന്നതായും അവ നിർത്തലാക്കിയതിനെ തുടർന്ന് മത പഠനത്തിന് മദ്രസ്സകൾ ആരംഭിച്ചതെന്നും പറയപ്പെടുന്നു. ഇന്ന് തുപ്പനാട് മഹല്ലിൻെറ കീഴിലും കരിമ്പ മഹല്ലിന്റെ കീഴിലുമായി 7 മദ്രസ്സകൾ പ്രവർത്തിക്കുന്നുണ്ട്. രാവിലെ 7.30 മുതൽ 9 വരെയാണ്. പഠന സമയം പ്രാദേശികമായി തിരഞ്ഞെടുക്കുന്ന കമ്മിററികളാണ് ഇവയുടെ ഭരണം നിർവ്വഹിക്കുന്നത്. ഒന്നാം ക്ലാസിൽ അക്ഷരവും തുടർന്ന് മത ചരിത്രം ഖുറാൻ അനുഷ്ഠാന ക്രമങ്ങൾ വ്യാകരണം എന്നിവയും പഠിപ്പിക്കുന്നു. ക്രിസ്തീയ ദേവാലയങ്ങളുമായി ബന്ധപ്പെട്ട് മതപഠനത്തിന് സൺഡേ സ്കൂളുകളും പ്രവർത്തിക്കുന്നു.

സർക്കാർ മേഖലയിലെ 4 എൽ. പി. സ്കൂളും ഒരു സർക്കാർ യു.പിയും 2 എയ്ഡഡ് യു.പിയും ഒരു സർക്കാർ ഹൈസ്കൂൾ എന്നിവയുമാണ് ഈ രംഗത്തെ ഔദ്യോഗിക സംവിധാനങ്ങൾ. 4 എൽ പി സ്കൂളുകളായി 1045 കുട്ടികളും 3 യു.പികളിലായി 2131 കുട്ടികളും ഹൈസ്കൂൾ 1087 കുട്ടികളും പഠിക്കുന്നു. ആകെ 4263 കുട്ടികളിൽ 2111 കുട്ടികൾ പെൺകുട്ടികളാണ്. എസ്. സി, വിഭാഗത്തിൽ 419 കുട്ടികളും, എസ്.ടി. വിഭാഗത്തിൽ 5 കുട്ടികളും പഠിക്കുന്നുണ്ട്. എസ്.സി. വിഭാഗത്തിൽ പെൺകുട്ടികളേക്കാൾ ആൺ കുട്ടികളും എസ്. ടി. വിഭാഗത്തിൽ ആൺ കുട്ടികളേക്കാൾ പെൺ കുട്ടികളുമാണ് പഠിക്കുന്നത്.

| വിഭാഗം | ആൺ | പെൺ | എസ്.സി. | | എസ്. ടി | |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആൺ | പെൺ |
| എൽ.പി | 513 | 532 | 91 | 93 | -- | 3 |
| യു.പി | 1087 | 1044 | 128 | 107 | 1 | 1 |
| ഹൈസ്കൂൾ | 552 | 535 | 44 | 53 | -- | -- |
| ആകെ | 2152 | 2111 | 263 | 253 | 1 | 4 |

ഇവയ്ക്കു പുറമെ നിർമ്മല എൽ.പി. സ്കൂൾ ശാന്തിനികേതൻ, മേരിമാതാ നേഴ്സറി, സലഫി അറബി കോളേജ്, ദരുൽ അമാൻ ഇസ്ലാലാമിക് കോംപ്ലക്സ് സെൻറ് ജോൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ ദർശന, വിദ്യാനികേതൻ, നളന്ദ എന്നി പാരലൽ കോളേജ് എന്നിവയും പ്രവർത്തിക്കുന്നു. അമല കീർത്തി നാഷണൽ തുടങ്ങിയ ടൈപ്പ്റൈററിങ്ങ് ഇൻസ്ററിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ടൈപ്പ്റൈറ്റിങ്ങ് ഇൻസ്ററിറ്റ്യൂട്ടുകളും പാരലൽ കോളേജുകളും ഒഴികെയുള്ള സ്ഥാപനങ്ങളിൽ 687 കുട്ടികൾ പഠിക്കുന്നു. മൊത്തം ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന 4950 കുട്ടികൾക്ക് പുറമെ പള്ളികുറപ്പ് കാഞ്ഞിരപ്പുഴ, ഒലവക്കോട്, പാലക്കാട്, മണ്ണാർക്കാട് യതിം ഖാന, കാരാകുറുശ്ശി തച്ചമ്പാറ എന്നിവടങ്ങളിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുമുണ്ട്.

ഔദ്യോഗിക രംഗത്ത് 131 അദ്ധ്യാപക തസ്തികകൾ നിലവിലുണ്ട്. ഇതിൽ ഇപ്പോൾ 5 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. 4 പേർ അവധിയിലുമാണ്. 29 സ്പെഷലിസ്ററ് അദ്ധ്യാപരാണ് ശരാശരി വിദ്യാർത്ഥി അദ്ധ്യാപക നിരക്ക് 42:1 ആണ്. സമരങ്ങൾ കാരണം നഷ്ടപ്പെടുന്ന അദ്ധ്യായന ദിവസങ്ങൾ ഇല്ല. 95_96 വർഷം ഹൈസ്കൂളിൽ ഒരു ദിവസത്തെ അദ്ധ്യായനം മുടങ്ങി.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഉപരിയായുള്ള വിദ്യാഭ്യാസത്തിന് മണ്ണാർക്കാട്, പാലക്കാട് എന്നിവടങ്ങളെയാണ് ആശ്രയിക്കുന്നത്. മണ്ണാർക്കാട്ടേക്ക് 17 കിമി യും പാലക്കാട്ടേയ്ക്ക് 25 കിമി യും ദൂരമുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിന് മലമ്പുഴയിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.ടിഐയും മുണ്ടൂർ, പാലക്കാട്, ശ്രീകൃഷ്ണപുരം എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളാണ് ആശ്രയം.

വിദ്യായലങ്ങളുടെ പൊതു സ്ഥിതി പരിശോധിച്ചാൽ പരിമിതികൊണ്ട് വീർപ്പുമുട്ടുന്നു.

ജി.എം.എൽ.പി കല്ലടിക്കോടും ജി.എൽ.പി. കല്ലടിക്കോടും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ വിദ്യാലയങ്ങളിലും ഡിവിഷൻ ക്ലാസ്സുകൾ ഉണ്ട്. 25 ക്ലാസ്സ്

മുറികളാണ് നിലവിലുള്ളത്. ബാക്കി വരുന്ന ഷെഡുകളിലും മററു മായി ക്ലാസ്സുകൾ നടക്കുന്നു. സ്വകാര്യ വിദ്യാലയങ്ങളിലെ അവസ്ഥയും പരിതാപകരമാണ്. ശുദ്ധജല വിതരണം വൈദ്യുതി മൂത്രപുര എണ്ണിവയുടെ കാര്യത്തിലും വളരെ പിന്നിലാണ്. കളിസ്ഥലങ്ങൾ സംബന്ധിച്ച അവസ്ഥയും വിഭിന്നമല്ല.

പഞ്ചായത്തിലാകെ 23 അംഗനവാടികൾ ഉണ്ട്. കളിപ്പാട്ടങ്ങൾ കെട്ടിടം വെള്ളം കക്കൂസ് എന്നിവയുടെ അഭാവമാണ് പ്രധാന പ്രശ്നങ്ങൾ. സ്ഥിതി വിവര കണക്കുകളും പൊതു അവസ്ഥയുടെ ചിത്രവും നമ്മുടെ ഇന്നത്തെ അവസ്ഥയുടെ ഏകദേശരൂപം വെളിപ്പെടുത്തുന്നു.. കെട്ടിടങ്ങളുടെ അഭാവം അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ഉകരണങ്ങളുടെ ഇല്ലായ്മ എന്നിവ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇവയ്ക്ക് പുറമെ വിദ്യാഭ്യാസ രീതികളും പാഠ്യക്രമവുംവിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു. ദൈനം ദിന ജീവിതവുമായി സജീവ ബന്ധം നിലനിർത്താൻ ഉതകാത്തതും വിദ്യാർത്ഥികൾക്ക് അമിത അദ്ധ്വാനത്തിന് ഇടനൽകാത്തതുമായ പാഠ്യക്രമം വിദ്യാഭ്യാസത്തെ യാന്ത്രിക പ്രക്രിയയാക്കി മാററുന്നതിനും അത് ഒരു പരിധി വരെ അദ്ധ്യാപനത്തേയും വിദ്യാഭ്യാസത്തേയും പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നുണ്ട്. അക്ഷരങ്ങളെ കുറിച്ചുപോലും അറിയാത്ത കുട്ടികളെ കൂട്ട പ്രമോഷൻ നൽകുന്ന അവസ്ഥ അനന്തമായി നീളുന്ന വിഷയങ്ങളുടെ പട്ടിക ഈ രംഗത്തെ ഗുണപരമല്ലാത്ത മൽസരങ്ങൾ എന്നിവയും നമ്മുടെ വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു.

സ്വന്തം കെട്ടിടമില്ലാത്ത വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക ഏററവും ഉയർന്ന പരിഗണന നൽകി ആവശ്യമായ ക്ലാസ്സു മുറികൾ നിർമ്മിക്കുക അടിസ്ഥാന സൗകര്യങ്ങളായ പഠനോപകരണങ്ങൾ ജലവിതരണം വൈദ്യുതി, മൂത്രപ്പുരകൾ, ഓഫീസ് മുറികൾ, പാചക മുറികൾ എന്നിവ ഒരുക്കുക അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക പ്രിപ്രൈമറി വിദ്യാഭ്യാസ സൗകരം നൽകുക. അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ സജീവമാക്കുക സ്കൂൾ കോംപ്ലക്സ് ശക്തമാക്കുക എന്നീ പ്രവൃത്തികൾ അടിയന്തരമായി ഏറ്റെടുക്കാൻ കഴിഞ്ഞാൽ ഈ രംഗത്തെ ഊർജ്ജസ്വലമാക്കാൻ കഴിയും.

പ്രാഥമിക വിദ്യാഭ്യാസ സൗകര്യത്തിന് ഏറെ കഷ്ടങ്ങൾ അനുഭവിക്കുന്ന കരിയല മൂന്നേക്കർ ഭാഗത്തും ഒരു വിദ്യാലയം ആരംഭിക്കുക. അള്ളംമ്പാടം എൽ.പി. അപ് ഗ്രേഡ് ചെയ്യുക ഒരു തൊഴിൽ അധിഷ്ഠിത സാങ്കേതിക വിദ്യാലയം തുടങ്ങുക എന്നിവയും അടിയന്തര ശ്രദ്ധ അർഹിക്കുന്ന വിഷയങ്ങളാണ്. ഇതിൽ പ്രാഥമിക വിദ്യാലയം പഞ്ചായത്തിലും മററുള്ളവ ബ്ലോക്ക് പഞ്ചായത്തിൻേറയോ ജില്ലാ പഞ്ചായത്തിൻേറയോ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1. കപ്പടം എൽ.പി. യു.പി. യായി ഉയർത്തണം. പുതുക്കാട് സ്കൂൾ ഉയർത്തണം.

2. സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കണം.,

3. കപ്പടം സ്കൂളിന് ചുററുമതിൽ നിർമ്മിക്കുകയും കുടിവെള്ളം ലഭ്യമാക്കുകയും വേണം.

4. രക്ഷാകർത്താക്കളിൽ വിദ്യാഭ്യാസം സംബന്ധിച്ച് ബോധവൽക്കരണം വേണം

5. ഒരു ടെക്നിക്കൽ സ്കൂൾ കരിമ്പ, മുട്ടിക്കൽ കണ്ടം കേന്ദ്രമാക്കി ആരംഭിക്കണം.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുക.

7. അള്ളമ്പാടം എൽ.പി. സ്കൂൾ അപ് ഗ്രേഡ് ചെയ്യണം.

8. രക്ഷാകർത്തൃസമിതികളിൽ വാർഡ് മെമ്പർ, വിദ്യാഭ്യാസ കാര്യങ്ങളിൽ തൽപരരായവർ എന്നിവരെ ഉൾപ്പെടുത്തുകയും മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേർന്ന് പ്രശ്നങ്ങൾ വിലയിരുത്തുകയും വേണം.

9. അമ്മമാർക്ക് പ്രാധാന്യം നൽകികൊണ്ട് വിദ്യാഭ്യാസകാര്യത്തിൽ അംഗനവാടികളും സ്കൂളുകളും കേന്ദ്രീകരിച്ച് ബോധവൽക്കരണ ശ്രമങ്ങൾ നിരന്തരം നടത്തണം.

10. ഉപകരണങ്ങൾ പഠനസൗകര്യങ്ങൾ കലാകായികവാസന പ്രോത്സാഹിപ്പിക്കൽ സൗകര്യങ്ങൾ എന്നിവ ജനപങ്കാളിത്തതോടെ ഉണ്ടാക്കണം.

11. അർഹരായ വിദ്യാർത്ഥികൾക്ക് മാത്രം പ്രമോഷൻ നൽകണം.

12. ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന് സ്കൂൾ ടൈം ടേബിളിന് സൻമാർഗ്ഗ പഠനത്തിന് ഓരോ ക്ലാസ്സിനും ആഴ്ചയിൽ ഒരു പിരീഡ് നിർബന്ധമാക്കണം.

13. 1:40 അനുപാതത്തിൽ അദ്ധ്യാപകരെ നിയമിക്കണം.

14. കുററിയോട് യു.പി. സ്കൂളിന്റെ പഠന നിലവാരം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

15. തോടും പാടങ്ങളും കടന്ന് കുററിയോട് സ്കൂളിലെത്തുവാൻ ബുദ്ധിമുട്ടുന്ന നടുക്കളം പാലളം, മുണ്ടയിൽ ഹരിജൻകോളനി, കൊമ്പോട ലക്ഷം വീട് കോളനി കൊമ്പോട നാലുസെൻറ് കോളനി എന്നീ പ്രദേശങ്ങളിലെ കുട്ടികൾക്കുവേണ്ടി നടുക്കളം ഭാഗത്ത് ഒരു എൽ.പി. സ്കൂൾ തുടങ്ങണം. അതിന് സ്ഥലസൗകര്യമുണ്ട്.

16. കെട്ടിടവും ആവശ്യമായ ഇരിപ്പിടങ്ങളും കളികോപ്പുകളും കക്കൂസും ഇല്ലാത്ത അംഗനവാടികൾക്ക് അവ നൽകുക.

17. ഗവ:ഹൈസ്കൂൾ പ്ലസ് ടു. നിലവാരത്തിലേക്ക് ഉയർത്തണം.

18. കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകരെ ശിക്ഷിക്കാൻ പഞ്ചായത്തിന് കഴിയണം.

19. സാക്ഷരതാ തുടർവിദ്യാഭ്യാസം, മാതൃഭാഷാ പഠനം എന്നിവ പ്രോത്സാഹിപ്പിക്കണം.

20. സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗ വിഭവക്കാർക്കും പ്രത്യേക സൗകര്യങ്ങൾ നൽകി അവർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.

21. സ്കൂൾതലരാഷ്ട്രീയം നിർത്തണം.

22. ജിഎം.എൽ.പി ക്ക് സ്വന്തം കെട്ടിടവും സൗകര്യങ്ങളും അടിയന്തരമായി ഉണ്ടാക്കണം.

23. കാഞ്ഞിരാനി കേന്ദ്രീകരിച്ച് വായനശാലയും ഗ്രന്ഥശാലയും വേണം

24. 4_ാം വാർഡിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രം അനുവദിക്കണം.

25. ജി.എം.എൽ.പി സ്കൂൾ യു.പി. ആയി ഉയർത്തണം.

26. അദ്ധ്യാപക നിയമനം ഒഴിവുവരുന്ന മുറയ്ക്ക് നടത്തണം.

27. കാഞ്ഞിരാനി, മേലെകലവറ എന്നീഭാഗങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കണം.

28 അദ്ധ്യാപകരെ ഇതര ജോലികൾക്ക് നിയമിക്കരുത്

28. വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്തിനെ

ഏൽപ്പിക്കണം.

30. ആറാം വാർഡിലെ എൽ.പി. സ്കൂൾ കെട്ടിടം പുനർ നിർമ്മിക്കണം പ്രാഥമിക സൗകര്യങ്ങൾ ചുററുമതിൽ കളിസ്ഥലം മുതലായവ ഉണ്ടാക്കണം.

31. കല്ലടിക്കോട് അംഗനവാടിയിലേക്കുള്ള വഴി മാനേജ്മെൻറ് തടസ്സപ്പെടുത്തുന്നു. പരിഹാരം ഉണ്ടാക്കണം.

32. ജി.എൽ.പി. സ്കൂളിൻെറ ശോചനീയാവസ്ഥ പരിഹരിക്കുക.

33. പെൺകുട്ടികൾക്കുമാത്രമായി ഒരു ഹൈസ്കൂൾ കരിമ്പയിൽ ആരംഭിക്കുക

34. കരിമല കുറുമുഖം, മീൻവല്ലം, മുന്നേക്ര, പാങ്ങ്, ചുള്ളിയാം കുളം, തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാൻ ആ ഭാഗത്ത് ഒരു എൽ.പി.സ്കൂൾ ആരംഭിക്കണം.

35 ചെമ്പൽതിട്ട ഭാഗത്ത് ഒരു സ്കൂൾ ആരംഭിക്കണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലം ലഭിക്കുന്നതിനുള്ള സാധ്യത വളരെ വിപുലമാണ്. കുടിവെള്ളത്തിന് 56.50% ആളുകളും സ്വന്തം കിണറുകളെ ആശ്രയിക്കുന്നു.

കുടിവെള്ളത്തിന് ആശ്രയിക്കുന്ന സംവിധാനങ്ങൾ:

| ക്രമ നമ്പർ | കുടിവെള്ള സംവിധാനം | ആശ്രയിക്കുന്ന വീടുകളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കിണർ | 56.50% |
| 2 | അയൽവാസികളുടെ കിണർ | 16.75% |
| 3 | പൊതു കിണർ | 7.75% |
| 4 | സ്വന്തം കുളം | 0.25% |
| 5 | പൊതുകുളം | 0.50% |
| 6 | പൊതു ടാപ്പ് | 11.75% |
| 7 | സ്വന്തം വീട് ടാപ്പ് | 1.25% |
| 8 | പുഴ | 5.00% |
| 9 | ഇതര മാർഗ്ഗങ്ങൾ | 0.25% |
| | ആകെ | 100.00% |

( അവലംബം ഐ.ആർ.ടി.സി. സാമ്പിൾ സർവ്വേ )

## കുടിവെള്ളം ലഭിക്കുന്നതിന് സഞ്ചരിക്കേണ്ടിവരുന്ന ദൂരം

| ക്രമനമ്പർ | ജലസ്രോതസ്സിലേക്കുള്ള ദൂരം | വീടുകളുടെ എണ്ണം |
|---|---|---|
| 1 | 10 മീററർ | 63.25% |
| 2 | 50 മീററർ | 21.50% |
| 3 | 100 മീററർ | 8.25% |
| 4 | 200 മീററർ | 4.00% |
| 5 | 500 മീററർ | 2.75% |
| 6 | 1000 മീററർ | 0.25% |
| | ആകെ | 100.00% |

( അവലംബം ഐ.ആർ.ടി.സി. സാമ്പിൾ സർവ്വെ )

## കുടിവെള്ളത്തിൻെറ ഗുണ നിലവാരം

| ക്രമനമ്പർ | ഗുണനിലവാരം സംബന്ധിച്ച വിവരം | വീടുകളുടെഎണ്ണം |
|---|---|---|
| 1 | നല്ലത് | 77.50% |
| 2 | മോശമായത് | 22.50% |
| | ആകെ | 100.00% |

അവലംബം ഐ.ആർ.ടി.സി,. സാമ്പിൾ സർവ്വെ

32 പൊതു ടാപ്പുകളും 31 കിണറുകളും 12 കുഴൽ കിണറുകളും അടങ്ങുന്നതാണ് ജലം ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക സംവിധാനം. 3 ഓവർ ഹെഡ് ടാങ്കുകൾ രണ്ട് പമ്പിങ്ങ് ഹൗസുകൾ എന്നിവ ഇവയുടെ ഭാഗമാണ്. പ്രതിദിനം നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ആളുകളും ഒരാൾക്ക് മൂന്നു ലിററർ വെള്ളം എന്ന തോതിൽ വിതരണത്തിന് 22,48,300 ലിററർ വെള്ളം ആവശ്യമാണ് ജല വിതരണ പദ്ധതി നിലവിലുണ്ടെങ്കിലും വേനൽ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളത്തിൻെറ രൂക്ഷമായ ക്ഷാമം ആനുഭവപ്പെടുന്നു. മണലിപ്പാടം, പൂഴികുന്ന്, നെല്ലികുന്ന്, കുനിയൻകാട്, തമ്പുരാൻ ചേല, മുവാലൻകുന്ന്, ലക്ഷം വീട് കോളനി (വാർഡ്) നാലു സെൻറ് കോളനി, കോമ്പോട കാഞ്ഞിരം ചോല പാണൻ കോളനി, ദുബായ് കുന്ന്, അങ്ങാടിക്കാട് ഹരിജൻ കോളനി, ചൂരക്കോട് ലക്ഷം വീട്, വാലിക്കോറ്റ്, മേഴേനി കുന്ന്, കോട്ടപ്പുറം, കുരിക്കുന്ന്, മേലേക്കലവറ, എതിർമല, മണ്ണനാട്, മുളകാട് പറമ്പ്, മേലെപയ്യാനി, മേലെമഠം,

മണ്ണാത്തിപ്പാറ, പാറക്കാൻ ദശ ലക്ഷം വീട് കോളനി, കാജിയോട് വടക്കേപാറ, പാറക്കാൻ എന്നിവ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്നു.

നിലവിലുള്ള ജല വിതരണ സംവിധാനത്തിൻെറ സാങ്കേതികമായ തകരാറുകൾ ആ സംവിധാനത്തിൻെറ ഉപയോഗം പൂർണ്ണമായി ലഭിക്കുന്നതിന് വിഘാതമാണ്. പ്രഷർ താങ്ങാൻ ശേഷിയില്ലാതെ അടിക്കടി പൊട്ടിത്തകരുന്ന പൈപ്പുകൾ വൈദ്യുതി മോട്ടോർ എന്നിവയുടെ കേടുപാടുകൾ പമ്പിങ്ങിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ എന്നിവയാണ് ഇതിലെ പ്രധാന പ്രശ്നങ്ങൾ. അതേപോലെ കുഴൽ കിണറുകൾ പ്രവർത്തിക്കുന്നതിലും സാങ്കേതികമായി ഉപയോഗിച്ച സാധന സാമഗ്രികളുടെ ഗുണനിലവാരങ്ങൾ മററും തടസ്സമാവുന്നു. പൊതു കിണറുകളെ സംബന്ധിച്ച് അവയുടെ സംരക്ഷണ പ്രവൃത്തികൾ നടത്താറുണ്ടെങ്കിലും ആരോഗ്യകരമായ ചുററുപാടുകൾ സൂക്ഷിക്കുന്നതിൽ ജനങ്ങളിൽ വേണ്ട ശ്ര ബോധമില്ലാത്തതിനാൽ ചിലവ ഉപയോഗയോഗ്യമായ അവസ്ഥയിലല്ല. സ്വകാര്യ കിണറുകൾ വൃത്തിയാക്കാതിരിക്കുക ക്ലോറിനേഷന് വിധേയമാക്കാതിരിക്കുക തുടങ്ങിയ സാഹചര്യങ്ങൾ ഉണ്ട്. ഇത് കുടിക്കാനുപയോഗിക്കുന്ന വെള്ളത്തിൻെറ ഗുണ നിലവാരത്തെ ബാധിക്കുന്നു.

നമ്മുടെ ശുദ്ധ ജലാവശ്യം പൂർണ്ണമായും വിനിയോഗിക്കത്തക്കവിധത്തിലുള്ള ശുദ്ധ ജല സ്രോതസ്സുകൾ നമ്മുക്കുണ്ട്. മീൻവെല്ലം ജലപാതം ആററില (കരിമല) വെള്ളച്ചാട്ടം എന്നിവ വളരെ ഏറെ സാധ്യതകൾ ഉള്ളതാണ്. ഒരു നിമിഷത്തിൽ 90,000 ലിററർ വെള്ളം ഏററവും കടുത്ത വേനലിൽ പോലും ആററലയിൽ നിന്ന് താഴേക്ക് ഒഴുകുന്നു. സമുദ്ര നിരപ്പിൽ നിന്നും 2000ത്തിലധികം അടി ഉയരത്തിൽ നിന്നുള്ള ജലപാതം ഒരു ടാങ്കിന് സമാനമായ കുളത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഇത് കുഴൽ വഴി കൊണ്ടുവരുന്നതിന് സംവിധാനം ഒരുക്കിയാൽ നമ്മുടെ കുടിവെള്ളത്തിൻെറ ആവശ്യം പൂർണ്ണമായും നിറവേററാൻ അത് പര്യാപ്തമാണ്, സംഭരണം, വിതരണം എന്നിവയ്ക്ക് ഊർജ്ജം വിനിയോഗിക്കേണ്ടിവരുന്നില്ലാ എന്ന അത്യാകർഷകമായ പ്രത്യേകതയും. ഈ കാര്യത്തിലുണ്ട്. മീൻവല്ലത്തിൽനിന്നുള്ള ജലപാതവും ശുദ്ധജലവിതരണത്തിന് ഉപയോഗിക്കാവുന്ന സ്രോതസ്സാണ്.

## ശുദ്ധജല സ്രോത്സ്സുകൾ

| വാർഡ് | കിണറുകൾ | കുഴൽ കിണറുകൾ | കുളങ്ങൾ |
|---|---|---|---|
| 1 | 5 | 1 | 1 |
| 2 | 5 | 2 | -- |
| 3 | 5 | 1 | 1 |
| 4 | 6 | 1 | -- |
| 5 | 2 | -- | 1 |
| 6 | 4 | 3 | -- |

| | | | |
|---|---|---|---|
| 7 | 3 | -- | -- |
| 8 | — | -- | -- |
| 9 | 3 | 1 | — |
| 10 | 1 | 3 | 1 |
| ആകെ | : 34 | 12 | 4 |

പ്രധാനതോടുകൾ

1. വെള്ളാമത്തോട്
2. സത്രംകാവ് തോട്
3. കാഞ്ഞിരാനിതോട്
4. തുപ്പനാട് പുഴ
5. പുലാപ്പററ തോട് (പട്ടാണിക്കെട്ട്)
6. പനയംമ്പാടം തോട്

പൊതുജനാരോഗ്യം

ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന രണ്ടു മാർഗ്ഗങ്ങൾ ഉണ്ട്.

1. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ 2. രോഗ ശിശ്രുഷ സംവിധാനങ്ങൾ എന്നിവ

ഇവയുടെ നമ്മുടെ പഞ്ചായത്തിലെ പൊതു അവസ്ഥ പരിശോധനാർഹമാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങളെ _ രോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കാൻ _ പരിസര ശുചിത്വം എന്നിവ പ്രാധാന്യമർഹിക്കുന്നു.

## പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വർഷം | ജലജന്യരോഗങ്ങൾ | വായു ജന്യരോഗങ്ങൾ | പ്രാണി ജന്യരോഗങ്ങൾ |
|---|---|---|---|---|
| 1 | 1993 _94 | 504 | 392 | 11 |
| 2 | 1994_95 | 553 | 155 | 8 |
| 3 | 1995_96 | 437 | 233 | 8 |

അവലംബം സ്ഥിതിവിവര കണക്ക്

ശരാശരി ഒരു വർഷം 769 പേർ പകർച്ചവ്യാധിക്ക് വിധേയരായി സർക്കാർ ആശുപത്രിയെ സമീപിക്കുന്നു. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും സ്വകാര്യ ആശുപത്രികൾ എന്നീ ചികിത്സാ സംവിധാനത്തിന്റെ സഹായം തേടുന്നവർ ഇതിനു പുറമെയാണ്. ഇതിൽ നിന്ന് നമ്മുക്ക് എത്താവുന്ന ഒരു നിഗമനം പകർച്ച വ്യാധികൾക്ക് ഇടയാക്കുന്ന സാഹചര്യം നിലനിൽക്കുന്നു എന്നതാണ്. ജലം, വായു, എന്നിവയുമായി ബന്ധപ്പെടുത്തിയാണ് പകർച്ച വ്യാധികൾ പ്രധാനമായും ഉണ്ടാകുന്നത്. പരിസര ശുചിത്വം പാലിക്കുക എന്നത് രോഗപ്രതിരോധ പ്രവർത്തനങ്ങളുടെയും പകർച്ച വ്യാധികൾ തടയുന്നതിന്റേയും ഒരു പ്രധാന മുൻ ഉപാധിയാണ്. ദൗർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് യാതൊരു വിധ ഔദ്യോഗിക സംവിധാനവും ഇല്ല. മാലിന്യങ്ങൾ നീക്കം ചെയ്യുക, കൊതുക് നശീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, സംരക്ഷിത ജലവിതരണം സാധ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഈ സംവിധാനത്തിന്റെ അഭാവം കാരണം നിർവ്വഹിക്കപ്പെടുന്നില്ല. 48.50% ജനങ്ങൾ വെളിപ്രദേശങ്ങളാണ് മലമൂത്രവിസർജ്ജനത്തിന് വിനിയോഗിക്കുന്നത്. 67.25% വീടുകൾക്കും അഴുക്കുവെള്ളം ഒഴുക്കിക്കളയുന്നതിന് സംവിധാനം ഇല്ല.

### വിസർജ്ജനത്തിന് സ്വീകരിക്കുന്ന ഉപാധി:

| ക്രമ നമ്പർ | വിസർജ്ജനത്തിന് സ്വീകരിക്കുന്ന മാർഗ്ഗം | വീടുകളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കക്കൂസ് | 50.25% |
| 2 | പൊതു കക്കൂസ് | 1.25% |
| 3 | സ്വന്തം ഭൂമിയിൽ | 21.75% |
| 4 | പുറമ്പോക്ക് സ്ഥലങ്ങൾ | 25.75% |

| | | |
|---|---|---|
| 5 | പുഴയോരം | 0.75% |
| 6 | റോഡരുകൾ | 0.25% |
| | ആകെ | 100% |

അവലംബം ഐ.ആർ.ടി.സി. സാമ്പിൾ സർവ്വെ

## കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | കക്കൂസ് സംബന്ധിച്ച വിവരം | വീടുകളുടെ എണ്ണം |
|---|---|---|
| 1 | കക്കൂസ് ഇല്ലാത്ത കുടുംബം | 48.50% |
| 2 | ഇരട്ടക്കുഴികക്കുസ് | 9.00% |
| 3 | സെപ്ററിക് ടാങ്ക് കക്കൂസ് | 34.25% |
| 4. | എസ്.എൻ.പി. ലാററിൻ | 2.25% |
| 5 | മററുള്ളവ | 6.00% |
| | ആകെ | 100% |

അവലംബം ഐ.ആർ.ടി.സി. സാമ്പിൾ സർവ്വെ

## അഴുക്കുവെള്ളവും ഖരമാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ

| അഴുക്കുവെള്ളം | | | ഖരമാലിന്യങ്ങൾ | |
|---|---|---|---|---|
| ക്രമനമ്പർ | സ്വീകരിക്കുന്ന മാർഗ്ഗം | വീടുകളുടെ എണ്ണം | സ്വീകരിക്കുന്ന മാർഗ്ഗം | വീടുകളുടെ എണ്ണം |
| 1. | പൊതു അഴുക്കു ചാലിൽ ഒഴുകുന്നത് | 4.00% | കമ്പോസ്ററ് | 12.25% |
| 2. | കൃഷി ഇടങ്ങളി ലേക്ക് ഒഴുകുന്നവ | 27.75% | കത്തിച്ചുകളയൽ | 16.25% |
| 3. | സോക്ക് പിററ് | 1.00% | കുഴിച്ചു മൂടുന്നത് | 8.50% |
| 4. | ഒരു സംവിധാനവും ഇല്ലാത്തവ | 67.25% | അലക്ഷ്യമായി എറിയുന്നത് | 62.50% |
| 5. | മററുള്ളവ | --- | മററുള്ളവ | 0.50% |
| | ആകെ | 100% | ആകെ | 100% |

ശുചീകരണ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക സംവിധാനം ഇല്ലാ എന്നതുപോലെതന്നെ ശ്രദ്ധേയമാണ് മഹാ ഭൂരിപക്ഷം വരുന്ന വീടുകൾക്കും കക്കൂസ് അഴുക്കുവെള്ളം ഒഴുക്കികളയുന്നതിന് ഖരമാലിന്യങ്ങൾ നശിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല എന്നതും രൂക്ഷമായ പ്രശ്നമാണ്. പൊതുവെ രോഗ പ്രതിരോധ സംവിധാനം കുററമററ വിധത്തിലുള്ളതല്ല.

രോഗചികിത്സാ സംവിധാനത്തിലെ പ്രധാന ആശ്രയം കല്ലടിക്കോട്ടെ പ്രാഥമിക ആരോഗ്യകേന്ദ്രവും മാച്ചാംതോട്ടുള്ള ഹോമിയോ ഡിസ്പെൻസറി മമ്പുറത്തുള്ള സബ്സെൻറർ എന്നിവയും കല്ലടികോടുള്ള ഒരു സ്വകാര്യാശുപത്രിയുമാണ്. 1973ൽ ഒരു ഏക്കർ സ്ഥലവും ആദ്യത്തെ കെട്ടിടവും ജനപങ്കാളിത്തതോടെ സംഘടിപ്പിച്ച് സർക്കാറിന് കൈമാറി. ഓരോ പഞ്ചായത്തിലും ഒരു ഗ്രാമീണ ഡിസ്പെൻസറി എന്ന പദ്ധതി പ്രകാരം കേരളത്തിൽ തന്നെ ആദ്യമായി സ്വന്തം കെട്ടിടത്തോടെ പ്രവർത്തനം ആരംഭിച്ചത് നമ്മുടെ പഞ്ചായത്തിലേതാണ്.

ആദിവാസികൾക്കിടയിൽ വിഷചികിത്സാ സമ്പ്രദായം നിലവിലുണ്ട്. ആയുർവേദ ചികിത്സ നാട്ടുവൈദ്യൻമാരുണ്ട്. ആശുപത്രിയിൽ വനിതാ ഡോക്ടറില്ല. രാത്രികാലങ്ങളിൽ ഡോകടറുടെ സേവനം ലഭ്യമല്ല. പുതിയതായി നിർമ്മിച്ച ബ്ലോക്ക് തുറന്ന് പ്രവർത്തിക്കുന്നില്ല. പ്രസവ ശിശ്രൂഷ സംവിധാനങ്ങൾ ഇല്ല _ ജല വിതരണ സംവിധാനം കുററമററതല്ല. എന്നിവ ഹോസ്പിററലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പ്രധാനമായവ ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടവും ജല സൗകര്യം ഇല്ല എന്നതാണ് പ്രധാന തടസം.

പരിസരശിചീകരണത്തിന് ഉതകുന്ന മാർഗ്ഗങ്ങൾ ജനങ്ങളെ പരിശീലിപ്പിക്കുകയും അവ ജനപങ്കാളിത്തത്തോടെ പ്രാവർത്തികമാക്കുകയും ചെയ്യുക_രോഗ പ്രതിരോധ മാർഗ്ഗങ്ങളുടെ പ്രയോജനം ബോധ്യപ്പെടുത്താൻ ആവശ്യമായ പ്രചരണങ്ങളും ക്ലാസുകളും ഒരുക്കുക അവ ലഭ്യമാക്കുന്നതിന് സമയബന്ധിതവും സംയോജിതവുമായ രീതികൾ പ്രാവർത്തിക മാക്കുക ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഏറെ സ്വാധീനമുള്ള ആയ്യുർവേദചികിത്സയിൽ സൗകര്യമുണ്ടാക്കുക ഹോസ്പിററലും സബ് സെൻററുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക ചികിത്സാ സൗകര്യങ്ങൾ തീരെ ലഭ്യമല്ലാത്ത 3 ഏക്കർ കരിമല തുടങ്ങയ മലയോര പ്രദേശങ്ങളിൽ പ്രാഥമിക ആരോഗ്യ സംവിധാനം ഒരുക്കുക എന്നിവ വഴി ഈ രംഗത്തെ പ്രശ്നങ്ങളെ അതിജീവിക്കുവനാൻ നമുക്ക് കഴിയും

ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1. ഹോമിയോ ആശുപത്രികെട്ടിടം പണിയുകയും ആവശ്യമായ ഇതര സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

2. ജല ക്ഷാമം അനുഭവപ്പെടുന്ന മണലിപ്പാടം പൂഴിക്കുന്ന് നെല്ലിക്കുന്ന് തമ്പുരാൻ ചോല, കുനിയൻകാട്, മൂകാലൻ കുന്ന്, കാഞ്ഞിരം ചോല, കൊമ്പോട കോളനികൾ അങ്ങാടിക്കാട് ഹരിജൻ കോളനി, കാഞ്ഞികുന്ന്വെട്ടം ദുബായ്കുന്ന് ചൂരക്കോട്ടമ ലക്ഷം വീട് വാലിക്കോട്, മോഴേലികുന്ന്, കോട്ടപ്പുറം, മേലേകലവറ, കൂരികുന്ന്, എതിർമല, കണ്ണനാട്ട് മുതുക്കാട് പരമ്പ്, സ്രാമ്പിക്കൽ ഇരട്ടകല്ല്, പുലകുന്ന്, കാഞ്ഞിരം പാറ, തുടികൊട്, മരുതും കാട് 3 ഏക്കൽ ചെമ്പൻ തിട്ട പാറക്കൽ കൊളനി, എരുമേനി കാളിയോട് തുടങ്ങിയ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കണം.

3. കക്കൂസുകൾ ഇല്ലാത്ത ദുർബല വിഭാഗക്കാർക്ക് വരുമാനാടിസ്ഥാനത്തിലും കോളനിയിലുള്ളവർക്ക് മുൻഗണന വച്ചും ധന സഹായം നൽകി കക്കൂസ് നിർമ്മിക്കുന്നതിന് പ്രേരിപ്പിക്കാം.

4. ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം.

5. 1,2,3,10 വാർഡുകൾക്ക് പ്രയോജനകരമായ രീതിയിൽ കരിമ്പ പള്ളിപ്പടിയിൽ ഒരു ആയുർവേദാശുപത്രി വേണം.

6. പാലളം അംഗനവാടിയുടെ മുൻഭാഗത്തു കിടക്കുന്ന ഇറിഗേഷൻെറ സ്ഥലത്ത് ഒരു പ്രാഥമിക കേന്ദ്രം സംഥാപിച്ചാൽ ആപ്രദേശത്തുള്ള വളരെ പേർക്ക് സൗകര്യമാണ്. ആരോഗ്യ പരിപാലനം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും രോഗ നിർണ്ണയ ക്യാമ്പുകളും നടത്തുന്നതിനുള്ള സൗകര്യവും അവിടെയുണ്ട്.

7. കരിമ്പ പള്ളിപ്പടി കേന്ദ്രീകരിച്ച് ഒരു സ്വകാര്യ ആശുപതി സഹകരണ മേഖലയിൽ നടപ്പാക്കുക

8. കൊമ്പോട കോളനിയിലെ പൊതുകിണറുകൾക്ക് ആൾമറ നിർമ്മിക്കുക

9. കറുത്തപൈപ്പ് മുഴുവൻ മാററി പി.വി.സി പൈപ്പിടുക.

10. മൂകാലൻകുന്ന് ഒരു ജല സംഭരണി കെട്ടി വെള്ളം സംഭരിക്കുകയും ആ സംഭരണിയിൽ നിന്ന് വെള്ളം ജനങ്ങൾക്ക് എടുക്കത്തക്കവിധം ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക

11. 3_ാം വാർഡിലുള്ള സബ്സെൻററിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർ വിസിററ് ചെയ്യണം.

12. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടറും മരുന്നും ഉണ്ടാവാൻ നടപടി സ്വീകരിക്കുകയും ഒരു വനിതാ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം

13. തുപ്പനാട് പുഴയിൽ വാഹനങ്ങൾ കഴുകുന്നത് കർശനമായി നിരോധിക്കണം.

14. കോട്ടപുറം പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യണം.

15. ജലവിതരണത്തിന് പുഴയിൽ നിർമ്മിച്ച സംവിധാനത്തിന്റെ സമീപത്തിൽ നിന്നും മണൽ വാരുന്നത് കർശനമായി തടയണം.

16 കാഞ്ഞിരാനി കിഴക്കേക്കര നടവഴിയിൽ പൈപ്പ് ലൈൻ ഇടണം.

17 നിലവിലുള്ള ആശുപത്രിയോടനുബന്ധിച്ച് പ്രസവവാർഡ് പ്രവർത്തിപ്പിക്കണം.

18. ഇരട്ടകല്ലിലെ കിണർ പുനരുദ്ധരിക്കണം. മുട്ടങ്ങാട്ട് ഭാഗത്ത് വെള്ളം എത്തിക്കണം. അയിനികുളം ഭാഗത്തേക്ക് കുടിവെള്ളം എത്തിക്കണം.

19 മണ്ണാത്തിപുഴ ഭാഗത്ത് ഒരു കിണർ കുഴിക്കുക

20. ആശുപത്രിയിൽ മരുന്ന് ലഭിക്കാൻ നടപടി സ്വീകരിക്കുക

21. കാഞ്ഞിരം പാറ ഭാഗത്തും തുടിക്കോട ഹരിജൻ കോളനിയിലും ഓരോ കിണർ കുഴിക്കണം.

22. ഒരു ഹെൽത്ത്സെന്റർ 8_ാം വാർഡിൽ ആവശ്യമാണ്.

23. പി.എച്ച് സിയിൽ വെള്ളസൗകര്യം ഏർപ്പെടുത്തണം

24 ചെറുള്ളിയിലെ ഏററവും ഉയർന്ന ഭാഗത്ത് വെള്ളം കിട്ടുന്നതിന് ഒരു കിണർ കുഴിക്കണം.

25. എരിമെനിയിലെ ടാങ്ക് ഉയരം കൂട്ടി വലുതാക്കി സ്ഥാപിക്കണം.

26. കുററിച്ചോലയിൽ പൊതു കിണർ കുഴിക്കുക.

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

ജനസംഖ്യയിൽ 15.23% ഭാഗം വരുന്ന ജനങ്ങൾ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പ്പെടുന്നു. പട്ടിക ജാതിയിൽ പെടുന്നവർ 1605 പുരുഷൻമാരും 1654 സ്ത്രീകളും അടക്കം 3259 പേരും പട്ടിക വർഗ്ഗ വിഭാഗക്കാർ 78 പുരുഷൻമാരും 89 സ്ത്രീകളും അടക്കം 167 പേരും വരുന്നു. പരമ്പരാഗതമായി കൃഷിത്തൊഴിലിലും കന്നുകാലി വളർത്തലിലുമാണ് ഏർപ്പെട്ടിരുന്നത്. ഓരോ വയൽ പ്രദേശത്തിനു അരികിലുള്ള കുന്നിൻ പ്രദേശങ്ങളിൽ കൂട്ടായി താമസിച്ചുവരുന്നു. പഞ്ചായത്തിൻെറ എല്ലാഭാഗത്തും ഇത്തരം വാസസ്ഥലങ്ങൾ കാണാം

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ ഫലമായി ഇവരുടെ ജീവിത സാഹചര്യങ്ങളിൽ പുരോഗതി ഉണ്ടാക്കാനായിട്ടുണ്ടെങ്കിലും പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ഈ വിഭാഗങ്ങൾക്ക് ലഭിച്ചിട്ടില്ല, ഇത്തരം വിഭാഗങ്ങളെ ചൂണ്ടിക്കാട്ടി പദ്ധതികൾ പ്രയോജനപ്പെടുത്തുന്നവരും വിവിധ തരത്തിൽ ഈ വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നവരും _ മധ്യവർത്തി വിഭാഗങ്ങളും ആണ് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും പ്രയോചനപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്നത്. ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതുകൊണ്ടുമാത്രം ഈ വിഭാഗങ്ങളുടെ പുരോഗതി കൈവരിക്കാൻ ആവില്ല. ഓരോ പ്രദേശത്തിൻെറയും തനത സാഹചര്യങ്ങൾക്ക് അനുസൃതമായി ആവശ്യമായി വരുന്ന സേവനങ്ങൾ അവർക്ക് ലഭ്യമാക്കണം.

ഇങ്ങനെ ലഭിക്കുന്ന സാഹായങ്ങൾ പ്രയോചനപ്പെടുത്താനും നിലനിർത്താനും ഉള്ള കഴിവ് ആർജിക്കത്തക്ക വിധത്തിൽ അവരുടെ ബോധനിലവാരം ഉയർത്താൻ കഴിയണം. വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഈ വിഭാവങ്ങളിൽ കൂടുതലാണ്. ഇത് പരിഹരിക്കാൻ സംവിധാനം. വേണം. ചെറിയ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷുകൾ സ്ഥാപിക്കുക പഠനോപകരണങ്ങൾ, യാത്രാ, ഭക്ഷണം എന്നി ആവശ്യങ്ങൾ നിറവേററാൻ പ്രാപ്തമാക്കുന്ന ഒരു സമീപനം ഒരുക്കുക വഴി കൊഴിഞ്ഞുപോക്കുകൾ നിയന്ത്രിക്കാൻ കഴിയും. അതേപോലെ തന്നെ പ്രധാനമാണ് വീട്, ശുചിത്വം, ശുദ്ധജലം, ലഭ്യമാക്കൻ വൈദ്യുതിയും ഗതാഗത സൗകര്യങ്ങളും ഏർപ്പെടുത്തൽ എന്നീ പ്രവർത്തികൾ സ്വന്തം നിലക്ക് ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സാമ്പത്തിക ശേഷിയോ ധനാഗമമാർഗ്ഗങ്ങളോ ഭൂരിപക്ഷം പേർക്കുമില്ല. ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കാൻ പോലും ഈ വിഭാഗങ്ങൾക്ക് കഴിയാത്ത അവസ്ഥയുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ ഏകോപിപ്പിച്ച് ഒരോ സമയം ഒരു പ്രദേശത്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമം ഉണ്ടാവണം. നാമമാത്ര സഹായങ്ങൾ വ്യാപകമായി ചെയ്യുന്നതുകൊണ്ട് നിരവധി പ്രശ്നങ്ങൾ ഉള്ള ഈ വിഭാഗത്തെ

സംരക്ഷിക്കുന്നതിനോ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനോ കഴിയില്ല.

ആദിവാസി ക്ഷേമ പദ്ധതിയിലും പശ്ചിമഘട്ട വികസന പദ്ധതിയിലും ഉൾപ്പെടുത്തി നമ്മുടെ പഞ്ചായത്തിലെ ഗരിവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന നീലാററ പൂഴിക്കുന്ന് ചെമ്പൻതിട്ട പ്രദേശങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യവും ഉണ്ട്.

കോളനികളുടെ വിവരം

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് |
|---|---|---|
| 1 | 1 | നെല്ലിക്കുന്ന് |
| 2 | 1 | കുനിയൻകാട് |
| 3 | 2 | പാലളം |
| 4 | 2 | മൂകാലംകുന്ന് |
| 5 | 3 | വെട്ടം |
| 6 | 4 | വല്ലുള്ളി |
| 7 | 4 | മോഴേനി |
| 8 | 5 | ഇളങ്ങോട് |
| 9 | 6 | മുതുകാട് പറമ്പ് |
| 10 | 6 | സ്രാമ്പിക്കൽ |
| 11 | 6 | കളിപ്പറമ്പ് |
| 12 | 6 | പുലകുന്നത്ത് |
| 13 | 7 | മേലേമഠം |
| 14 | 9 | ഐരാനി |

## പട്ടിക വർഗ്ഗ വിഭാഗ ജനസംഖ്യ

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 14 | 20 | 34 |
| 2 | 7 | 6 | 13 |
| 3 | -- | -- | -- |
| 4 | 3 | 2 | 5 |
| 5 | 53 | 61 | 114 |
| 6 | 1 | -- | 1 |
| 7 | -- | -- | -- |
| 8 | -- | -- | -- |
| 9 | -- | -- | -- |
| ആകെ | 78 | 89 | 167 |

അവലംബം 1991ലെ സെൻസസ്സ്

## പട്ടികജാതി വിഭാഗം ജനസംഖ്യ

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| I | 192 | 203 | 395 |
| II | 134 | 133 | 267 |
| III | 226 | 252 | 478 |
| IV | 81 | 70 | 151 |
| V | 146 | 138 | 284 |
| VI | 269 | 281 | 550 |
| VII | 106 | 100 | 206 |
| VIII | 262 | 281 | 543 |
| IX | 189 | 196 | 385 |
| ആകെ | 1605 | 1654 | 3259 |

അവലംബം 1991ലെ സെൻസസ്സ്

## LP. UP. HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആണ് | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 4263 | 513 | 532 | 50.9% | 1087 | 1044 | 49% | 552 | 535 | 49.2% |
| | | | | | | | ആകെ | 49.52% | |

അവലംബം: സ്ഥിതി വിവരകണക്കുകൾ

## അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിൻെറ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ | [illegible] | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | ബ്ലാക്ക് ബോർഡ് നിലവിലുള്ളത് | 95_96 ലഭിച്ച അദ്ധ്യയന ദിവസം | മാതൃസംഗമം സജീവം/സജീവമല്ല | പി.റ്റി.എ. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|
| ജി.എൽ.പി.സ്കൂൾ കല്ലടിക്കോട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 6 | 196 | സജീവം | പ്രവർത്തിക്കുന്നു |
| എ.യു..പി.സ്കൂൾ കല്ലടിക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 20 | 196 | സജീവം | പ്രവർത്തിക്കുന്നു |
| ജി.എം.എൽ.പി.എസ് കല്ലടിക്കോട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 7 | 7 | 188 | സജീവം | പ്രവർത്തിക്കുന്നു |
| ജി.യു.പി.എസ്.കരിമ്പ | ഉണ്ട് | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 22 | 196 | സജീവം | പ്രവർത്തിക്കുന്നു |
| ജി.എൽ.പി.സ്കൂൾ അള്ളംമ്പാടം | ഇല്ല | ഇല്ല | ഭാഗികം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 6 | 6 | 193 | സജീവം | പ്രവർത്തിക്കുന്നു |
| ജി.എൽ.പി.സ്കൂൾ കപ്പടം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | 196 | സജീവം | പ്രവർത്തിക്കുന്നു |
| എ.യു.പി.സ്കൂൾ കുറ്റിയോട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 15 | 196 | ഇല്ല | പ്രവർത്തിക്കുന്നു |
| ജി.എച്ച്..എസ് കരിമ്പ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 19 | 19 | | സജീവം | പ്രവർത്തിക്കുന്നു |

അവലംബം: സ്ഥിതി വിവരകണക്കുകൾ

## വിദ്യാർത്ഥികൾ, അധ്യാപകർ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ | ഒഴിവു കൾ | ആകെ പോസ്ററ് |
| 1. | ജി.എൽ.പി. സ്കൂൾ, കല്ലടിക്കോട് | Govt. Rented | 217 | 195 | 412 | 9 | 1 | 10 |
| 2. | എ.യു.പി. സ്കൂൾ കല്ലടിക്കോട് | എയിഡഡ് | 378 | 397 | 775 | 24 | --- | 24 |
| 3. | ജി.എം.എൽ.പി. സ്കൂൾ,കല്ലടിക്കോട് | Govt. Rented | 111 | 138 | 249 | 8 | --- | 8 |
| 4. | ജി.യു.പി.എസ്. കരിമ്പ | ഗവ. | 506 | 436 | 942 | 25 | 2 | 27 |
| 5. | ജി.എൽ.പി.എസ്. അള്ളംമ്പാടം | ഗവ. | 88 | 83 | 171 | 6 | 1 | 7 |
| 6. | ജി.എൽ.പി.എസ്. കപ്പടം | ഗവ. | 97 | 116 | 213 | 8 | --- | 8 |
| 7. | എ.യു.പി.എസ്. കുററിയോട് | എയിഡഡ് | 203 | 211 | 414 | 16 | 1 | 17 |
| 8. | ജി.എച്ച്.എസ്. കരിമ്പ | ഗവ. | 552 | 535 | 1087 | 29 | 1 | 30 |

അവലംബം: സ്ഥിതി വിവരകണക്കുകൾ

## സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. ജി.എൽ.പി. സ്കൂൾ, കല്ലടിക്കോട് | 9 | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 2. എ.യു.പി.എസ്. കല്ലടിക്കോട് | 18 | | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. ജി.എം.എൽ.പി.എസ്. കല്ലടിക്കോട് | 7 | | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 4. ജി.യു.പി.എസ്. കരിമ്പ | 22 | | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. ജി.എൽ.പി.എസ്. അള്ളംമ്പാടം | 6 | | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 6. ജി.എൽ.പി.എസ്. കപ്പടം | 7 | | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 7. എ.യു.പി.എസ്. കുററിയോട് | 13 | | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 8. ജി.എച്ച്.എസ്. കരിമ്പ | 19 | | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

അവലംബം: സ്ഥിതി വിവരകണക്കുകൾ

## പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | UP | | HS | | ആകെ | |
|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 88 | 74 | 128 | 107 | 104 | 53 | 260 | 234 |

അവലംബം: സ്ഥിതി വിവരകണക്കുകൾ

## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മററുള്ളവർ | | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 3 | 4 | 7 | 33 | 16 | 49 | |
| | | | ആകെ | | 56 | |

അവലംബം: സ്ഥിതി വിവരകണക്കുകൾ

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സർവ്വെ സമഗ്രമായി നടത്തണം

2. കോളനികളിൽ അടിസംസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം.

3. കോളനികളിൽ വിദ്യാഭ്യാസം ശുചിത്വം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം

4. കോളനികളിൽ ക്രഷ് സ്ഥാപിച്ചാൽ വിദ്യാലയങ്ങളിൽ പോകുന്നവരുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉതകും

5. സാക്ഷരതാ പ്രവർത്തനം ഈ മേഖലയിലെങ്കിലും തുടങ്ങണം.

6. പുലകുന്ന് കളിപ്പറമ്പ് കണ്ണനാട്, എന്നീ സ്ഥലങ്ങളിലെയും ഹരിജൻ വീടുകൾ കോളനിയായി അംഗീകരിക്കണം.

7. ഇരട്ടക്കല്ല് ഹരിജൻ കോളനിയായി പ്രഖ്യാപിക്കണം.

8. കണ്ണനാട് ഭാഗത്തുള്ള ഹരിജൻ വീടുകൾക്ക് വെള്ളവും വൈദ്യുതിയും എത്തിക്കണം

9. 1986 വരെ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടിരുന്ന ഗിരിജനങ്ങളെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തിയ സംഭവം പട്ടിക വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിഘാതമാണ്.

10 കോളിനികളലെ ശുദ്ധജലക്ഷാമം പരിഹരിക്കണം.

11. പഞ്ചായത്ത് തലത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ കാര്യങ്ങൾ നോക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥനെ നിയോഗിക്കണം.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

1901 ലെ സെൻസസ് കണക്ക് അനുസരിച്ച് നമ്മുടെ പഞ്ചായത്തുൾപ്പെടുന്ന പ്രദേശത്തെ ജനസംഖ്യ 5336ഉം വീടുകളുടെ എണ്ണം 974 ഉം ആയിരുന്നു. 1991 ലെ കണക്കുകൾ പ്രകാരം നമ്മുക്ക് 5513 വീടുകൾ ഉണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽനിന്ന് വലിയ അളവിലുള്ള മാറ്റം ഈ രംഗത്തുണ്ടായിരിക്കുന്നു. ഈ അവസ്ഥയെ ത്വരിതപ്പെടുത്തിയ നിരവധി ഘടകങ്ങളുണ്ട്. ഈ പ്രദേശത്തുനിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയിലുണ്ടായ മാറ്റം ഭൂപരിഷ്കരണ നിയമം - സാമൂഹികവും സാമ്പത്തികവുമായ വ്യതിയാനങ്ങൾ ചില പ്രധാന ഘടകങ്ങളാണ്. മറ്റൊരു ഘടകം നമ്മുടെ പഞ്ചായത്തിലുണ്ടായ കുടിയേറ്റമാണ്.

സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഗൾഫ് വരുമാനം - കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ - തൊഴിൽരംഗത്തെ മാറ്റങ്ങൾ എന്നിവയും ഭവനനിർമ്മാണരംഗത്തെ വളർച്ചക്ക് ഇടയാക്കിയിട്ടുണ്ട്. സംഖ്യാപരമായി ഉണ്ടായ വളർച്ചയും തോതും ഗുണപരമായ സാഹചര്യങ്ങളുടെ മതിയായ സൂചനയല്ല. മഹാഭൂരിഭാഗം വരുന്ന വീടുകളും നിരവധി പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാത്തവയാണ്. 70% വീടുകളിലും വൈദ്യുതി കണക്ഷൻ ഇല്ല. 93.50% വീടുകളിലും പരമ്പരാഗത രീതിയിലുള്ള ഇന്ധനക്ഷമത തീരെ കുറഞ്ഞവയുമായ അടുപ്പുകളുമാണുള്ളത്. ഏകദേശം 13% വീടുകൾക്ക് മാത്രമാണ് സംരക്ഷിത രീതിയിലുള്ള ശുദ്ധജലസംവിധാനം ഉള്ളത്.

## വീടുകൾ സംബന്ധിച്ച പൊതുവിവരം

| ക്രമനമ്പർ | മേൽക്കൂര | | ചുമർ | | നിലം | | വിസ്തൃതി | | ഉടമസ്ഥത | |
|---|---|---|---|---|---|---|---|---|---|---|
| | അവസ്ഥ | എണ്ണം | അവസ്ഥ | എണ്ണം | അവസ്ഥ | എണ്ണം | അവസ്ഥ | എണ്ണം | അവസ്ഥ | എണ്ണം |
| 1. | പുല്ല്-ഓല മേഞ്ഞവ | 0.25% | ഓല | 1.25% | മണ്ണ് | 12.50 | 20ച.മീ കുറവ് | 22.50% | സ്വന്തം വീടുകൾ | 97.50% |
| 2. | ഓലമേഞ്ഞവ | 11.50% | മണ്ണ് | 54% | ചാണകം മെഴുകിയവ | 13.75% | 20-50 ച.മീ. | 45.75% | വാടക വീടുകൾ | 1.75% |
| 3. | അസ്പസ്റ്റോസ് | 2.25% | ഇഷ്ടിക | 25.50% | സിമന്റ് | 70.75 | 50.100 ച.മീ | 24.50% | മറ്റുള്ളവ | 0.75% |
| 4. | ഓടുമേഞ്ഞവ | 78% | കല്ല് | 18.75 | മൊസൈക്ക് | 2.25% | 100-200 ച.മീ. | 5.75 | - | - |
| 5. | കോൺക്രീറ്റ് | 7.75% | മറ്റുള്ളവ | 0.50 | മാർബിൾ | 0.50% | 200ൽ കൂടുതൽ | 1.50% | - | - |
| 6. | മറ്റുള്ളവ | 0.25% | - | - | മറ്റുള്ളവ | 0.25% | - | - | - | - |
| 7. | ആകെ | 100% | - | 100% | - | 100% | - | 100% | - | 100% |

പഞ്ചായത്തിൽ സ്വന്തമായി വീടോ, സ്ഥലമോ ഇല്ലാത്തവരുണ്ട്. ഇതിൽതന്നെ സ്വന്തമായി അവ നേടുന്നതിന് വിഭവങ്ങളോ ഇതര സൗകര്യങ്ങളോ തീരെ ഇല്ലാത്ത ദുർബ്ബലവിഭാഗങ്ങൾ-പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുണ്ട്. കെട്ടിട നിർമ്മാണരംഗത്ത് കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയും ലഭ്യതയും വർദ്ധിച്ച കൂലിച്ചിലവ് വിദഗ്ധതൊഴിലാളികളുടെ അഭാവം എന്നിവ പ്രധാന തടസ്സങ്ങളാണ്. പ്രാദേശിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള കെട്ടിട നിർമ്മാണ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക. തൊഴിൽ പരിശീലനം നൽകുക. ദുർബല, പട്ടിജാതി-പടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണ ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള പദ്ധതികൾ ഏകീകരിക്കുക. ഗുണഭോക്താവിനെയും സന്നദ്ധസംഘടനകളെയും പങ്കാളികളാക്കുക

എന്നീ പ്രവർത്തനങ്ങളിലൂടെ ഈ രംഗത്തെ ഒരു പരിധിവരെയുള്ള പ്രശ്നങ്ങളെ പരിഹരിക്കാം. അതേപോലെ വളരെ പ്രധാനമായ മറ്റൊരു കാര്യമാണ് ഭവനനിർമ്മാണ വായ്പാ സൗകര്യങ്ങൾ ഒരുക്കുക എന്നത്. വ്യവസ്ഥകൾ ലഘൂകരിച്ച് നിർമ്മിക്കുന്ന വീടിന്റെയും സ്ഥലത്തിന്റെയും ജാമ്യത്തിൽ വായ്പ ലഭിക്കുന്നതിന് സംവിധാനം വേണം. പലിശനിരക്കുകൾ കുറവുചെയ്യേണ്ടതും ആവശ്യമാണ്.

### സാമൂഹ്യക്ഷേമം

ദുർബലവിഭാഗങ്ങളെ ഉദ്ധരിക്കുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും നിരവധി പദ്ധതികൾ നിലവിലുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾ പ്രാവർത്തികമാക്കുന്ന പദ്ധതികൾ - തൊഴിലാളിക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ - സംഘടിത-അസംഘടിതതൊഴിലാളി വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ എന്നിവയാണ് ഇതിൽ പ്രധാനമായത്. ഇവക്കുപുറമെ പട്ടികജാതി വികസനകോർപ്പറേഷൻ - വനിതാ വികസനകോർപ്പറേഷൻ എന്നിവയും ഈ രംഗത്തുപ്രവർത്തിക്കുന്നുണ്ട്. വിവിധക്ഷേമപദ്ധതികൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രയോജനം ലഭിച്ചതിന്റെ തോത് വളരെ കുറവാണ്.

### ഐ.ആർ.ഡി.പി സഹായം ലഭിച്ചവരുടെ വിവരങ്ങൾ

| ക്രമ നമ്പർ | വർഷം | ഗുണഭോക്താവിന്റെ എണ്ണം | എസ്.സി. | എസ്.ടി | മറ്റുള്ളവർ | സ്ത്രീ | വികലാംഗർ | അനുവദിച്ച സബ്സിഡി | അനുവദിച്ച വായ്പ |
|---|---|---|---|---|---|---|---|---|---|
| 1 | 92-93 | 57 | 27 | 1 | 29 | 34 | 2 | 1,86000 | 284000 |
| 2. | 93-94 | 47 | 23 | - | 24 | 23 | 2 | 161000 | 211000 |
| 3. | 94-95 | 39 | 19 | 1 | 19 | 9 | 2 | 195000 | 267000 |
| 4. | 95-96 | 30 | 15 | - | 15 | 10 | - | 15000 | 33100 |

### പെൻഷൻപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | പതിയുടെ പേര് | ഗുണഭോക്താവിന്റെ എണ്ണം |
|---|---|---|
| 1. | വാർദ്ധക്യകാലപെൻഷൻ | 40 |
| 2. | വികലാംഗപെൻഷൻ | 92 |
| 3. | വിധവാ പെൻഷൻ | 144 |
| 4. | കർഷകത്തൊഴിലാളിപെൻഷൻ | 572 |
| 5. | തൊഴിൽ ഇല്ലായ്മ വേതനം | വ്യക്തമായ വിവരംഇല്ല. |
| 6. | കാൻസർരോഗിക്കുള്ള പെൻഷൻ | 1 |

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം

ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരെ സംബന്ധിച്ച വിവരം

| ക്രമനമ്പർ | വിവരം | എണ്ണം |
|---|---|---|
| 1. | സർവ്വെ കണ്ടെത്തിയ കുടുംബങ്ങൾ | 1975 |
| 2. | പട്ടികജാതികുടുംബങ്ങൾ | 282 |
| 3. | പട്ടികജാതിവർഗ്ഗ കുടുംബങ്ങൾ | 25 |

സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങളുടെ വിവരം

| ക്രമനമ്പർ | ആനുകൂല്യം ലഭിച്ചകുടുംബങ്ങളുടെ എണ്ണം | പട്ടികജാതി | പട്ടികവർഗ്ഗം | സ്ത്രീ |
|---|---|---|---|---|
| 1. | 173 | 84 | 2 | 76 |

മേൽപ്രസ്താവിച്ച പദ്ധതികൾക്കുപുറമെ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന സഹായം ട്രൈസം, ഡി.ഡബ്ലി.യു.സി.ആർ.എ എന്നിവയുടെ സേവനങ്ങൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല എന്നതും അനർഹരായ പലരും ആനുകൂല്യം കൈപറ്റുന്നു എന്നതുമായ അവസ്ഥയുണ്ട്. ഇതിനൊരു പ്രധാന കാരണം ഭൂരിപക്ഷം വരുന്ന തൊഴിലാളികൾ സാധാരണക്കാർ എന്നിവർ ക്ഷേമപദ്ധതിക്ക് പുറത്താണെന്നതാണ്. തൊഴിൽ എടുക്കുന്നവരും അല്ലാത്തവരുമായ മുഴുവൻ ആളുകളെയും ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ ക്ഷേമപദ്ധതി ആവിഷ്കരിക്കണം. നിശ്ചിത പ്രായം പൂർത്തിയാക്കുന്ന മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നതിനും വിവിധ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേകം അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഇതരവിഭാഗങ്ങളും അനർഹരായവരും നേടുന്നതും ഒഴിവാക്കാൻ കഴിയും. ക്ഷേമപദ്ധതി രൂപീകരിക്കുമ്പോൾ ഗുണഭോക്താവിനെ വഹിക്കാൻ കഴിയുന്ന ഒരു വിഹിതം നിയത രൂപത്തിൽ അവരിൽനിന്ന് സമാഹരിക്കാൻ കഴിയും. ഇങ്ങനെ സമാഹരിക്കുന്ന വിഹിതം അവരുടെതന്നെ ആവശ്യങ്ങൾക്ക് ( ഭവനനിർമ്മാണം, ചികിത്സ, വിവാഹം, വിദ്യാഭ്യാസം മുതലായവ ) വിനിയോഗിക്കുന്നതിനും ഉൽപാദനമേഖലയുടെ വളർച്ചയും അതുവഴി തൊഴിൽ സാദ്ധ്യതയും വർദ്ധിപ്പിക്കുന്നതിനും കഴിയും.

## അംഗനവാടികൾ

നമ്മുടെ പഞ്ചായത്തിൽ 23 അംഗനവാടികൾ ഉണ്ട്. എല്ലാ അംഗനവാടിയിലും ഒരു ഹെൽപറും ഉണ്ട്. ശരാശരി 20 കുട്ടികൾവീതം പഠിക്കുന്നു കെട്ടിടം ഇല്ല, കളിപ്പാട്ടങ്ങൾ ഇല്ല, കുടിവെള്ളം, വെളിച്ചം, കക്കൂസ്, എത്തിപ്പെടാൻ റോഡ് എന്നിവയാണ് അംഗനവാടികൾ നേരിടുന്ന മുഖ്യപ്രശ്നങ്ങൾ.

## പൊതുവിതരണ സംവിധാനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ റേഷൻകടകളും മാവേലി സ്റ്റോറും ഉണ്ട്. ജനസംഖ്യയുടെയും ഭൂപ്രകൃതിയുടെയും

അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഇന്നുള്ള സംവിധാനം പര്യാപ്തമല്ല. കരിമല, മൂന്നേക്കർ, പാലാളം, കുനിയൻകാട് തുടങ്ങി നിരവധി പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻസാധനങ്ങൾ ലഭിക്കുന്നതിന് കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടിവരുന്നു. അതേപോലെത്തന്നെ ഏറെ ദുഷ്കരമാണ് റേഷൻകാർഡിൽ പേർ ചേർക്കൽ പ്രക്രിയ. പ്രാദേശികമായി പരിഹാരം കാണാൻ പ്രയാസമില്ലാത്തതാണ് ഈ കാര്യം. ഇതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറണം. പഞ്ചായത്ത് അത്തരത്തിലുള്ള കൂട്ടിച്ചേർക്കലോ, വെട്ടിക്കുറക്കലോ നടത്തുകയും യഥാസമയം സപ്ലൈ ഡിപ്പാർട്ട്മെന്റിന് അറിയിക്കുകയും ചെയ്താൽ മതിയാവും.

## അംഗനവാടികൾ

| വാർഡ് | അംഗനവാടികളുടെ എണ്ണം | സ്ഥിതിചെയ്യുന്നസ്ഥലം |
|---|---|---|
| 1. | 3 | തമ്പുരാൻചോല, നെല്ലിക്കുന്ന്, കപ്പടം |
| 2. | 3 | പള്ളിപ്പടി, മൂവാലൻകുന്ന്, പാലളം |
| 3. | 2 | അയ്യപ്പൻകോട്ട, വെട്ടം |
| 4. | 2 | കാഞ്ഞിരാനി, വാലിക്കോട് |
| 5. | 1 | പറക്കാട്, |
| 6. | 4 | ഇരട്ടക്കല്ല്, കല്ലടി, കല്ലടിക്കോട്, മേലെപയ്യനി |
| 7. | 3 | ബംഗ്ലാവുകുന്ന്, വാക്കോട്, മേലെമഠം |
| 8. | 1 | മൂന്നേക്ര |
| 9. | 1 | തുപ്പനാട് |
| 10. | 3 | പനയമ്പാടം, കാളിയോട്, ചെമ്പംത്തട്ട |

### ഗ്രാമസഭ നിർദ്ദേശങ്ങൾ

1. പെൻഷൻപദ്ധതികൾ കുടിശ്ശിക കൂടാതെ ലഭ്യമാക്കണം.
2. ഓലവീടുകൾ മുഴുവനും ഓടിടുന്നതിന് പദ്ധതി വേണം.
3. സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭിക്കാൻ വിവിധ ഓഫീസുകൾ നിരന്തരം കയറിയിറങ്ങുന്ന അവസ്ഥക്ക് മാറ്റം വരുത്തണം
4. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് കുട്ടികളെ നോക്കാനുള്ള ശിശുകേന്ദ്രങ്ങൾ തുടങ്ങണം.
5. നിർദ്ധരരായവർക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീടുവെക്കുന്നതിനുള്ള ധനസഹായം നൽകണം.
6. ലക്ഷം വീട്, ഹരിജൻകോളനി എന്നിവടങ്ങളിലുള്ള വീടുകൾക്ക് അറ്റകുറ്റപണികൾ നടത്താൻ സംവിധാനം ഒരുക്കണം.
7. നാലാംവാർഡിൽ ലക്ഷം വീടിനോട് ചേർന്നു കിടക്കുന്ന 40 സെന്റ് സ്ഥലത്ത് വീടുകൾ വെക്കാൻ നടപടി ഉണ്ടാക്കണം.
8. ചൂരക്കോട് ഭാഗത്ത് ഒരു തപാൽപ്പെട്ടി സ്ഥാപിക്കണം.
9. ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം,
10. ബംഗ്ലാവ്കുന്ന് അംഗനവാടിക്ക് ചുറ്റുവാതിൽ നിർമ്മിക്കുക.
11. വാക്കോട് ഹരിജൻകോളനിയിൽ ടി.വി. സ്ഥാപിക്കണം.
12. 8 ാം വാർഡിൽ ഒരു റേഷൻകട അനുവദിക്കണം.
13. മീൻവല്ലം മിനി ജലവൈദ്യുതി പ്രദേശത്ത് ടൂറിസ്റ്റുകൾക്ക് താമസസൗകര്യങ്ങൾ ഏർപ്പെടുത്തുക.
14. 9 ാം വാർഡിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുക.
15. റേഷൻകാർഡിൽ പേരുചേർക്കുന്നതിന് ശുപാർശക്കുള്ള അധികാരം പഞ്ചായത്ത് പ്രസിഡണ്ടിന് നൽകണം.

# വിഭവസമാഹരണം

പഞ്ചായത്തിന്റെ മുഖ്യ വിഭവശ്രോതസ്സ് എന്ന് പറയാവുന്നത് 1. കെട്ടിടനികുതി, 2. തൊഴിൽനികുതി, 3. വിനോദനികുതി 4. അധികവിനോദ നികുതി 5. പ്രദർശനനികുതി 6. സർക്കാർ ഗ്രാന്റും മറ്റും എന്നിവയാണ്. ഇവയുടെ ലഭ്യതയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ മാത്രമാണ് ഏറ്റെടുത്ത് നടത്താൻ കഴിയുന്നത്. 95-96 വർഷത്തെ വരവ് ഇനം തിരിച്ച് ചുവടെ പ്രതിപാദിക്കുന്നു.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1. | കെട്ടിടനികുതി | 147244 |
| 2. | തൊഴിൽനികുതി | 80735 |
| 3. | വിനോദനികുതി | 39572 |
| 4. | അധിക വിനോദനികുതി | 23713 |
| 5. | പ്രദർശന നികുതി | 1656 |
| 6. | പ്രദർശന നികുതി സർചാർജ് | 414 |
| 7. | ലൈസൻസ് ഫീസ് | 4768 |
| 8. | വസ്തുകൈമാറ്റ നികുതി | 60581 |
| 9. | സർക്കാർ ഗ്രാന്റ് | 742935 |
| 10. | സർക്കാർ ഗ്രാന്റ് ഒഴികെ മറ്റ് വരവ് | 28332 |
| 11. | നിക്ഷേപങ്ങൾ | 23095 |
| | ആകെ | 1153045 |

വരുമാനത്തിന്റെ 38% ഭരണചിലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്നു. 43152/ - ( 3.74% ) തെരുവുവിളക്കുകൾ കത്തിക്കുന്നതിനും ചിലവഴിക്കുന്ന ബാക്കി വരുന്ന സംഖ്യയാണ് ഇതരച്ചിലവുകൾക്ക് വിനിയോഗിക്കുന്നതിന് കഴിയുക. ഏകദേശം 84 കി.മീ. ദൂരം വരുന്ന പഞ്ചായത്തുറോഡുകൾ സംരക്ഷിക്കേണ്ടതായുണ്ട്. വസ്തുനിഷ്ഠ പരിശോധനക്ക് വിധേയമാക്കുമ്പോൾ നമ്മുടെ വിഭവ വിനിയോഗത്തിന്റെ നല്ലൊരു ശതമാനം ലക്ഷ്യപ്രാപ്തിക്കായി പ്രയോജനപ്പെടുന്നില്ല എന്ന വസ്തുത നമുക്ക് കാണാൻ കഴിയും. വിഭവദാരിദ്ര്യം ഉള്ളതുതന്നെ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥ എന്നിവയാണ് ഈ രംഗത്തെ പ്രധാന വിഷമതകൾ. ഇവിടെയാണ് വിഭവസമാഹരണത്തിന്റെയും സമർത്ഥമായ മേൽനോട്ടത്തിന്റെയും പ്രസക്തി. പുതിയ വിഭവ ഉറവിടങ്ങൾക്കായി നികുതിഭാരം വർദ്ധിപ്പിക്കുന്നതോ പുതിയ നികുതികൾ

ചുമത്തുന്നതോ, വിലക്കയറ്റം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം രൂപയുടെ മൂല്യശോഷണം എന്നീ രംഗങ്ങളിലെ ഗുരുതരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അഭിലഷണീയമല്ല. അതേസമയം വിഭവമേഖല കണ്ടെത്താതെ നമ്മുടെ പ്രതിസന്ധികളെ മുറിച്ചുകടക്കാൻ ആവില്ല. ഈ അവസരത്തിലാണ് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 9 ാം പദ്ധതി വിഹിതത്തിന്റെ 35-40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചിലവഴിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിരിക്കുന്നത്. ഇത് ഈ രംഗത്ത് ആശാവഹമായ ഒരു പുതിയ കാൽവെയ്പാണ്. അതേപോലെത്തന്നെ പ്രധാനമാണ് പദ്ധതികളുടെ നടത്തിപ്പിലും മേൽനോട്ടത്തിലുമുള്ള ജനപങ്കാളിത്തവും. ഈ ഘട്ടത്തിലാണ് പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായ വിഭവസമാഹരണം ഉൽഭവിക്കുന്നത്. ജനകീയാവശ്യം നിറവേറ്റുന്നതിന് ആ വിഷയത്തിൽ നീക്കിവെച്ച സംഖ്യ അപര്യാപ്തമാണെങ്കിൽ അതല്ല കുറേക്കൂടെ മെച്ചമായ രീതിയിൽ പദ്ധതി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവം ആവശ്യമായി വരുന്നുവെങ്കിൽ ആയത് നിറവേറ്റുന്നതിന് ജന പങ്കാളിത്തം പ്രയോജനപ്പെടുത്താനാകണം. പൂർത്തിയാക്കപ്പെടുന്ന ആസ്തികൾ സമൂഹത്തിന്റേതാണെന്ന ബോധവും അത് ജനകീയാവശ്യമാണെന്ന ധാരണയും നിർവ്വഹണത്തിലും മേൽനോട്ടത്തിൽ പങ്കും ഉണ്ടെങ്കിൽ ഈ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. മനുഷ്യാദ്ധ്വാനം, ഭൂമി, ധനം, ജനവിഭവങ്ങൾ എന്നിവ സംഭാവന ചെയ്യാൻ ജനങ്ങൾക്ക് കഴിയും. അതേപോലെ നമ്മുടെ നാട്ടിലെ ജനങ്ങൾ വിവിധ ധനകാര്യസ്ഥാപനങ്ങളിലും മറ്റും നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾ വിവിധ വികസന ആവശ്യങ്ങൾ വിനിയോഗിക്കത്തക്കവിധത്തിൽ സ്വരൂപിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും കഴിയും. സഹകരണമേഖലയുടെയും സർക്കാർ അധീനതയിലുള്ള ധനകാര്യസ്ഥാപനങ്ങളുടെ സേവനം നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനും നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉപയോഗിക്കാം.

വളരെ പ്രധാനമായതും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുമായ ഒരു രംഗമാണ് നിലവിലുള്ള നികുതികളുടെ വെട്ടിപ്പു തടയേണ്ടത്. നികുതി നിർണ്ണയം ശാസ്ത്രീയവും നീതിപൂർവ്വകവുമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഉൽപാദനക്ഷമതയും ആദായകരവുമായ പദ്ധതികൾക്ക് മുൻഗണന നൽകണം. ഉൽപാദനമേഖലയെ ഉത്തേജിപ്പിക്കാതെ അതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാതെ മുന്നോട്ടു പോകാൻ കഴിയില്ല. .

# ഗ്രാമസഭ നിർദ്ദേശങ്ങൾ

1. ശിരുവാണി ജങ്ക്ഷനിൽ ആഴ്ചച്ചന്ത തുടങ്ങണം.
2. ശിരുവാണിക്ക് പോകുന്ന വാഹനങ്ങൾക്ക് പിരിവ് ഏർപ്പെടുത്തണം.
3. നിക്ഷേപങ്ങൾ സമാഹരിച്ച് സഹകരണമേഖലയെ ശക്തിപ്പെടുത്തി വികസനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തണം.
4. ഒരു ഹെക്ടറിൽ കൂടുതൽ റബ്ബർകൃഷിക്ക് ഒരു ഏക്കറിന് 100 രൂപ തോതിൽ പഞ്ചായത്ത് നികുതി ചുമത്താം.
5. 2500 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾക്ക് നിലവിലുള്ള നികുതിക്ക് പുറമെ നികുതി ഏർപ്പെടുത്താം.
6. ബസ്‌വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് മുറികൾ നിർമ്മിച്ച് അവ വാടകക്ക് നൽകാം.
7. മൃഗാശുപത്രി തുടങ്ങിയ സ്ഥാപനങ്ങളോടനുബന്ധിച്ചും ഇത്തരം മുറികൾ നിർമ്മിച്ച് നൽകാം.
8. കരിമ്പ, പള്ളിപ്പടി കേന്ദ്രമാക്കി ഒരുകല്യാണമണ്ഡപം നിർമ്മിച്ച് വാടകക്ക് നൽകി വരുമാനം ഉണ്ടാക്കാം.
9. വൻകിട എസ്റ്റേറ്റ് ഉടമകളിൽനിന്ന് പ്ലാന്റേഷൻ സെസ്സ് ഈടാക്കണം.
10. റബ്ബർ നഴ്സറി, ഹോളോ ബ്രിക്സ് നിർമ്മാണം എന്നിവക്ക് നികുതി നിശ്ചയിക്കണം.
11. ആഴ്ചച്ചന്ത ആരംഭിച്ച് പിരിവു വഴി വരുമാനം ഉണ്ടാക്കാം.
12. പുഴയിൽനിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളം എടുക്കുന്നവർക്ക് നികുതി ചുമത്താം.
13. വിവിധ വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം, അദ്ധ്വാനം, സാമ്പത്തിക സഹായം എന്നിവ ജനങ്ങളിൽ നിന്ന് സമാഹരിക്കണം.
14. ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
15. മീൻവല്ലം പദ്ധതിപ്രദേശം ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുക.

# ഉപസംഹാരം

ഈ നൂറ്റാണ്ട് മാനവരാശിയ്ക്ക് നൽകിയ ഏറ്റവും മഹത്തായ സംഭാവനയായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ ചരിത്രം വിലയിരുത്തും. ചെറിയ വാക്കുകൾക്ക് ഒരു മഹത്തായ ആശയത്തെ മുറിവേൽപ്പിക്കാനാവില്ല. ജനകീയ ആസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങളുടെ ചൂടേൽക്കുമ്പോൾ സംശയങ്ങളുടെ മഞ്ഞുമലകൾ ഉരുകി ഇല്ലാതാകും. ജനാധിപത്യമെന്നത് മഹാഭൂരിപക്ഷത്തിന്റെ ആധിപത്യമാണെന്ന് നമുക്ക് ബോധ്യപ്പെടാനാകും. സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ വ്യാഖ്യാനം നമുക്ക് ഉൾക്കൊള്ളാനാകും. സഹായത്തിനായി സമൂഹത്തെ ഉറ്റുനോക്കുന്ന ദരിദ്രരിൽ ദരിദ്രരായ ജനവിഭാഗങ്ങളെ സഹായിക്കാൻ ജനകീയ ആസൂത്രണ പ്രക്രിയ വഴി തുറക്കും.

ആസൂത്രണത്തിലെന്ന പോലെതന്നെ ആധികാര വികേന്ദ്രീകരണത്തിലും, പരിപാടികളുടെ നിർവ്വഹണത്തിലും വലിയ പ്രതീക്ഷ ഉണർത്തുന്ന തീരുമാനങ്ങൾ സർക്കാർ ഇതിനകംതന്നെ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മുഴുവൻ വിഭാഗം ജനങ്ങളുടെ സഹകരണത്തോടെ നമ്മുടെ പഞ്ചായത്തിൽ ഈപരിപാടി വിജയിക്കുന്നതിന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.എം. അബ്ദുൾ സമദ്,
പ്രസിഡണ്ട്,
കരിമ്പ ഗ്രാമപഞ്ചായത്ത്

രാഷ്ട്രീയ സ്വാതന്ത്ര്യം എത്രയുണ്ടായാലും ശരി, വിശക്കുന്ന ജനങ്ങളെ തൃപ്തിപ്പെടുത്താൻ അതുകൊണ്ടാവില്ല.



- ലെനിൻ -

ജനകീയ അധികാര വികേന്ദ്രീകരണവും,
ജനകീയ ആസൂത്രണവും വികസനത്തിന്റെ മുന്നൊരുക്കങ്ങൾ-

## – 9ാം പദ്ധതി ജനകീയ പദ്ധതി–

ജനകീയ പദ്ധതി വിജയിപ്പിക്കുക – ജനജീവിതം സമ്പന്നമാക്കുക –